എന്റെ ജീവിതഗീത,എന്റെ പാഥേയം
(വ്യക്തിത്വവികസനം ഭഗവദ്ഗീതയിൽ)

ഡോ.സുവർണ്ണ നാലപ്പാട്ട്

ഉള്ളടക്കം

1. എന്റെ ജീവിതഗീത എന്റെ പാഥേയം-വ്യക്തിത്വവികസനം ഭഗവദ്ഗീതയിൽ
2. ബാലാമണിയമ്മയുടെ ആസ്തിക്യബോധം
3. ഭാരതത്തിന്റെ സംഗീതപൈതൃകം

1. എന്റെ ജീവിതഗീത എന്റെ പാഥേയം (വ്യക്തിത്വവികസനം ഭഗവദ്ഗീതയിൽ)

വ്യക്തിത്വവികസനം ,നേതൃത്വപരിശീലനം,മാനേജ്മെന്റ് സയൻസ് ഇവയ്ക്കൊക്കെ മനശ്ശാസ്ത്രത്തിന്റേയും സമൂഹ മനശ്ശാസ്ത്രത്തിന്റേയും പിൻബലമുണ്ട്. ഭഗവദ്ഗീത മനശ്ശാസ്ത്രത്തിന്റേയും സമൂഹമനശ്ശാസ്ത്രത്തിന്റേയും സമഗ്രമായ അടിത്തറമേൽ വ്യക്തിത്വവികസനത്തിനും ജീവിതായോധനത്തിനും (ജീവിതത്തിന്റെ മാനേജ്മെന്റ്) സമൂഹനന്മക്കുമായി പടുത്തുയർത്തിയ ആശയസൌധമാണ്.

ജീവിതത്തിൽ ദുഃഖം വരുമ്പോൾ മനുഷ്യർ നിരാശരാവുന്നു. ദുഃഖിക്കേണ്ടാത്തതിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ട് ഉന്മത്തമായ മനോനിലയിൽ ഇരുന്ന് പണ്ഡിതന്മാരാണെന്ന ഭാവത്തിൽ ഭാഷണം ചെയ്യുന്നു. ഞാനെന്ന ഭാവം (വ്യക്തിത്വം)ശരീര സംബന്ധമാകുമ്പോളാണ് ഈ മൂഢത്വം സംഭവിക്കുന്നത്. അതുകൊണ്ട്, എന്റെ വ്യക്തിത്വം ദേഹത്തോടു സംബന്ധപ്പെട്ടതല്ല, ദേഹിയോടു സംബന്ധപ്പെട്ടതാണെന്ന് ആദ്യം ഗ്രഹി ക്കണം. ഇതാണ് ഭഗവദ്ഗീത പഠിപ്പിക്കുന്ന ആദ്യപാഠം.

അശോച്യാനന്വശോചസ്ത്വം

പ്രജ്ഞാവാദാശ്ച ഭാഷസേ

ഗതാസൂനഗതാസൂംശ്ച

നാനുശോചന്തി പണ്ഡിതാഃ (അ.2. ശ്ലോ.11)

ശ്രീശങ്കരാചാര്യർ ന ശോച്യാ ,താൻ ശോചിതവാനസി പ്രജ്ഞാവതാം ബുദ്ധിമതാം വാചാൻ ച വച നാനി ച ഭാഷസേ,തദ് ഏതദ് മൌഢ്യം പാണ്ഡിത്യം ച വിരുദ്ധം ആത്മ നി ദർശയസി . ഉന്മത്ത ഇവ ഇതി അഭിപ്രായ എന്ന് ഭാഷ്യത്തിൽ പറഞ്ഞിരിക്കുന്നു. അർജ്ജുനന്റെ വിഷാദയോഗത്തെ(depression) ഉന്മത്താവസ്ഥ എന്ന് ഭഗവദ് ഗീത വിളിച്ചിരിക്കുന്നു. ഈ അവസ്ഥയിൽനിന്ന് ഒരാളെ എങ്ങനെ വ്യക്തിത്വവികസനത്തിലൂടെ ജ്ഞാനിയാക്കാമെന്ന് ഗീത കാണിച്ചുതരുന്നു. പാശ്ചാത്യമനശ്ശാസ്ത്രം ഇഡ്, ഈഗോ, സൂപ്പർഈഗോ , സെൽഫ് (id,ego, superego,self) എന്ന് നാലായി വ്യക്തിത്വത്തെ വിഭജിക്കുന്നു.ഒരാളിൽത്തന്നെ ഈ നാലു ഘടകങ്ങളുമുണ്ട്. ഏതു ഘടകം കൂടുതൽ പ്രകടമാകുന്നു എന്നതനുസരിച്ചാണ് വ്യക്തിത്വനിർണ്ണയം. ആർത്തൻ, അർത്ഥാർത്ഥി, ജിജ്ഞാസു,ജ്ഞാനി എന്നാണ് ഭഗവാൻ വ്യാസന്റെ വിഭജനം (അ. 7. ശ്ലോ.16)41 .

ദേഹം,ഇന്ദ്രിയം ഇവയോടു ബന്ധപ്പെട്ട ഇഡ് (Id) സുഖലോലുപത്വം (pleasure principle)ആണ്. വിശപ്പു വന്നാൽ തിന്നണം. ദാഹിച്ചാൽ വെള്ളം കുടിക്കണം. ഉറക്കം വന്നാലുറങ്ങണം. ഇത്തരം ബയോളജിക്കലായ ശാരീരികാവശ്യങ്ങൾ എല്ലാവർക്കുമുണ്ട്. അനിയന്ത്രിതമായ രീതിയിൽ, ലൈംഗികചോദന അടക്കമുള്ള

ബയോളജിക്കൽ ശാരീരികാവശ്യങ്ങളോട് പ്രതികരിക്കുന്നവർ ഇഡ് വ്യക്തിത്വമുള്ളവരാണ്. ഇവരാണ് പലപ്പോഴും മൃഗങ്ങളേക്കാളും കഷ്ടമായി പെരുമാറി സമൂഹത്തിൽ പ്രശ്നം ഉണ്ടാക്കുന്നത്. പുരുഷാർത്ഥങ്ങളിൽ കാമവും അർത്ഥവുമാണ് അവയിലുള്ള അമിതമായ ആസക്തി കൊണ്ട് , സ്വാർത്ഥപരമായ ക്രിയകൾചെയ്യാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്. അതിനാൽ അവയാണ് പ്രശ്ന കാരണം. ആർത്തനും അർത്ഥാർത്ഥിയും ഇതിനാൽ ഇഡ് വ്യക്തിത്വമുള്ളവരാണ്, പ്രശ്നകാരികളാണ്. സകാമം കർമ്മം ചെയ്യുന്നവരായ ഇവർക്ക് ഏകാഗ്രമായി ബുദ്ധി പ്രവർത്തിപ്പിക്കാനോ , ധർമ്മമോക്ഷങ്ങളിൽ താല്പര്യമുണ്ടാവാനോ സാധിക്കുന്നില്ല.

കാമാത്മാനഃ സ്വർഗ്ഗപരാ

ജന്മകർമ്മഫലപ്രദാം

ക്രിയാവിശേഷബഹുലാം

ഭോഗൈശ്വര്യഗതിം പ്രതി (2. 43)

ഭോഗൈശ്വര്യപ്രസക്താനാം

തയാപഹൃതചേതസാം

വ്യവസായാത്മികാ ബുദ്ധിഃ

സമാധൌ ന വിധീയതേ (2. 44)

ബാഹ്യശരീരപ്രകൃതി വെച്ച് വ്യക്തിത്വം നിർണ്ണയിക്കാനാവില്ല. എന്നാലും ഇതിനുള്ള ശ്രമം ചരിത്രത്തിലെമ്പാടും കാണാം. ഗ്രീക്കുകാർ ഇതിനെ സൊമറ്റോടൈപ്പിങ്ങ് എന്നു വിളിച്ചു. കഥകളിയിലെ നായകന് പച്ചയും വില്ലന് കത്തിയും എന്ന പോലെ ഗ്രീക്കുനാടകത്തിലും കഥാപാത്രത്തിനനുയോജ്യമായ മാസ്കുകളുപയോഗിച്ചിരുന്നു. ഇന്നും വെള്ളിത്തിരയിലെ നായകസങ്കല്പത്തിൽ ഷാരൂഖ് ഖാനും പ്രേംനസീറും ഒരറ്റത്തും , വില്ലസങ്കല്പത്തിൽ ബാലൻ.കെ.നായരും അമരേഷ്പുരിയും പ്രാണും മറ്റേ അറ്റത്തുമാണ്. മുണ്ടും നേര്യതും ധരിച്ചവരെല്ലാം നല്ല സ്ത്രീകളും ,ജീൻസുധരിച്ചവരെല്ലാം മോശക്കാരും എന്നു കരുതാൻ യാതൊരു ന്യായവുമില്ല. വസ്ത്രധാരണം ഓരോ ദേശത്തും രാജ്യത്തും ഓരോന്നാണ്. ശരീരം തന്നെ ജീർണ്ണവസ്ത്രം. അതിനുമുകളിലായി ഞാത്തിയിട്ട അതിലും ജീർണ്ണിച്ച വസ്ത്രം നോക്കി സ്വഭാവനിർണ്ണയം നടത്തുന്നവരെ ഭഗവദ്ഗീത മൂഢന്മാരായിത്തന്നെ കരുതുന്നു.

വാസാംസി ജീർണ്ണാനി യഥാ വിഹായ

നവാനി ഗൃഹ്ണാതി നരോ അപരാണി

തഥാ ശരീരാണി വിഹായ ജീർണ്ണാ-

ന്യന്യാനി സംയാതി നവാനി ദേഹി (2.22)

- ഗ്രീക്ക് സൊമറ്റോടൈപ്പിങ്ങ്ഃ-

1. എന്റോമോർഫ് . (endomorph) വിസറോടോണിയ. (viscerotonia) തടിച്ചവരും സുഖലോലുപരും

2. എക്ടോമോർഫ്. (ectomorph) സെറിബ്രോടോണിയ.(cerebrotonia) മെലിഞ്ഞവരും ചിന്തകരും

3. മീസോമോർഫ്.(mesomorph) ദൃഢമാംസപേശിയുള്ളവർ. ഊർജ്ജ സ്വലർ.

ജൈനബുദ്ധമതസന്യാസിമാരുടെ പ്രതിമകളും സൈന്ധവസംസ്കൃതിയിലെ ചില ചിത്രങ്ങളും ,ഇന്ത്യയിലെ തടിച്ചവർ വെറും സുഖലോലുപർ മാത്രമല്ലെന്നു കാണി ക്കുന്നു. ചിരി ക്കുന്ന ബുദ്ധന്റെ തടിച്ച രൂപം കണ്ട് അദ്ദേഹം സുഖലോലുപനെന്നു കരുതേണ്ട. കാഷ്യസ്സിനെ lean and hungry looking എന്നു വിളിച്ച ഷേക്സ്പിയറും മെലിഞ്ഞവരുടെ ചിന്ത നല്ലതായിക്കൊള്ളണമെന്നില്ല എന്നാണല്ലോ സാക്ഷ്യപ്പെ ടുത്തുന്നത്. നല്ല ഭക്ഷണം സമയത്ത് കിട്ടിയാൽ അവികസിതരാഷ്ട്രങ്ങളിലെ പല ചിന്തകരും തടിക്കും. ഭക്ഷണം കിട്ടാതിരുന്നാൽ തടിച്ചവരും മെലിയും.ശരീരത്തി ന്റെ തടിയോ മെലിവോ അല്ല ,സുഖലോലുപതയും ചിന്തയും അളക്കാനുള്ള നിദാനമെന്ന് ഇത് തന്നെ തെളിവല്ലേ. ആയുർവ്വേദം വാതപിത്തകഫരക്തപ്രകൃതി യെന്നു വിളിക്കുന്നതിനെ ഗ്രീക്ക് മെഡിസിനും അംഗീകരിക്കുന്നുണ്ട്.കറുത്ത ബൈൽ, മഞ്ഞ ബൈൽ,ഫ്ലെം,ബ്ലഡ് (black bile, yellow bile, phlegm, blood) എന്നാണ് വിളിക്കുന്നതെന്നു മാത്രം. ആയുർവ്വേദക്കാരുടെ സൊമറ്റോടൈപ്പിങ്ങ് ആദ്യം പറഞ്ഞ ഗ്രീക്ക് സൊമറ്റോടൈപ്പിങ്ങി നേക്കാളും സൂക്ഷ്മമാണ്.

	ആയുർവ്വേദം	ഗ്രീക്ക്	സ്വഭാവം
1.	കഫം	phlegm	മന്ദരും അലസരും
2.	പിത്തം	Yellow bile	വിഷാദാത്മകത്വം melancholic

3. വാതം Black bile ക്ഷിപ്രകോപി choleric

4. രക്തം Blood പ്രസാദാത്മകത്വം sanguine

ഇവിടെ അർജ്ജുനന്റെ പ്രകൃതി താല്കാലികമായ ഒരു വിഷാദാത്മകത്വമാണ്. അതിനെ പ്രസാദാത്മകത്വത്തിലേക്ക് കൊണ്ടുവരണം. കാമമോ കോപമോ കൊണ്ട് സമ്മോഹവും സമ്മോഹംകൊണ്ട് സ്മൃതിനാശവും സ്മൃതിനാശംകൊണ്ട് ബുദ്ധി നാശവും അർജ്ജുനന് സംഭവിച്ചിട്ടില്ല. അതിനാൽ ദ്വന്ദ്വാതീതമായ ,നിഷ്കാമക ർമ്മത്തിലൂടെ പ്രസാദത്തിലേക്കുള്ള വഴി തുറന്നുകൊടുക്കാനും വ്യക്തിത്വം വികസിപ്പിക്കാനും ഭഗവാനു കഴിയുന്നു.

രാഗദ്വേഷവിയുക്തൈസ്തു

വിഷയാനിന്ദ്രിയൈശ്ചരൻ

ആത്മവശ്യൈർവിധേയാത്മാ

പ്രസാദമധിഗച്ഛതി(2.64)

പ്രസാദേ സർവ്വദുഃഖാനാം

ഹാനിരസ്യോപജായതേ

പ്രസന്നചേതസോ ഹ്യാശു

ബുദ്ധിഃപര്യവതിഷ്ഠതേ

പ്രസന്നചിത്തന്റെ-പ്രസാദവാന്റെ - ബുദ്ധിയാണ് വേഗം ഉറച്ച് നിശ്ചലമായി, ഏകാഗ്രമായി ഭവിക്കുന്നത്. ഏകാഗ്രബുദ്ധിയാണ് ഈഗോ, സുപ്പർഈഗോ തലങ്ങളിലേക്കും അവിടെനിന്ന് ആത്മബ്രഹ്മതലങ്ങളിലേക്കും വ്യക്തിത്വത്തെ വികസ്വരമാക്കുന്നത്. പ്രതിഭാശാലികളായ ശാസ്ത്രജ്ഞരും ചിന്തകരും ഋഷിക വികളും ഈ തലങ്ങളിലേക്ക് പടിപടിയായി ഉയർന്നവരാണ്.

- സ്പ്രാംഗർ,ആൽപ്പോർട്ട്ഃ-

1928ൽ മനുഷ്യരുടെ വ്യക്തിത്വം നിശ്ചയിക്കേണ്ടത് അവരുടെ താല്പര്യങ്ങളും ലക്ഷ്യങ്ങളും മൂല്യബോധങ്ങളും ആസ്പദ മാക്കിവേണമെന്ന് സ്പ്രാംഗർ (spranger)പറഞ്ഞു.ആൽപ്പോർട്ട് (Alport) ഇതു ശരിവെച്ചു,നൂറുശതമാനം സ്വീകരി ച്ചു.അതോടെ ആറുതരം വ്യക്തിത്വങ്ങളെ പാശ്ചാത്യമനശ്ശാസ്ത്രം അംഗീകരിച്ചു.

1. സൈദ്ധാന്തികം (തിയററ്റിക്കൽ)Theoretical

2. സാമ്പത്തികം(ഇക്കണോമിക്ക്)Economic

3. സൌന്ദര്യാത്മകം (എസ്തറ്റിക്ക്)Aesthetic

4. സാമൂഹികം (സോഷ്യൽ)social

5. രാഷ്ട്രീയം(പൊളിറ്റിക്കൽ)political

6. മതപരം (റിലിജിയസ്)Religious

ദുഃഖിതൻ(ആർത്തൻ),അർത്ഥാർത്ഥി(ധനം ആവശ്യമുള്ളവൻ), ജിജ്ഞാസു (ഗവേഷകൻ)ജ്ഞാനി എന്ന് ഭഗവദ് ഗീത നാലു തരം മനുഷ്യരെ അവരുടെ താല്പര്യമനുസരിച്ചും വ്യക്തിത്വവികാസത്തിന്റെ ഘട്ടത്തെ ആസ്പദമാക്കിയും വിഭജിക്കുന്നു.

ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥീ

ജ്ഞാനീ ച ഭരതർഷഭഃ (അ. 7. ശ്ലോ.16)

സ്വഭാവം,താല്പര്യം ,കർമ്മം,വ്യക്തിത്വവികസനഘട്ടം ഇവ യെ ആധാരമാക്കി ബ്രാഹ്മണ,ക്ഷത്രിയ, വൈശ്യ, ശൂദ്ര,പഞ്ചമരെന്ന് അഞ്ചായിട്ടും വിഭജിക്കുന്നു.

സ്പ്രാംഗറുടെ തിയററ്റിക്കൽ,റിലിജിയസ് വ്യക്തിത്വത്തോട് ,സ്പിരിച്വലെന്നു കൂടി (spiritual) ചേർത്താലേ ബ്രാഹ്മണ്യമാവൂ. (റിലിജിയനല്ല,സ്പിരിച്വാലിറ്റി.) അദ്ധ്യയനം, അദ്ധ്യാപനം, തപസ്സ് ജ്ഞാനം,ജിജ്ഞാസ,മനനം,ഗവേഷണം എന്നീ ഗുണ ങ്ങൾ ആരിലൊക്കെ കണ്ടുവോ, അവരാണ് ബ്രാഹ്മണർ. ഇത് വിരലിലെ ണ്ണാവുന്നവരിലേ എക്കാലത്തും കണ്ടിരുന്നുള്ളു. മതമെന്നാൽ ഭാരതീയഭാഷകളില് അഭിപ്രായമെന്നാണ് അർത്ഥം. ഓരോ മനുഷ്യനുമുണ്ട് അവന്റേതായ മതം (അഭി പ്രായം). അതിൽവൈവിദ്ധ്യമുണ്ട്. പക്ഷേ,ആത്മീയത (സ്പിരിച്വാലിറ്റി) സർവ്വ മനുഷ്യർക്കും ഒന്നേയുള്ളു. ബ്രഹ്മം (ഈശ്വരൻ) ഏകമായതു കൊണ്ടാണിത്. ഭാരതത്തിലെ ദർശനങ്ങളുടെ പ്രത്യേകത ഇതാണ്. മതപരം(റിലിജിയസ്)ആത്മീയം (സ്പിരിച്വാലിറ്റി) എന്നിവയുടെ വ്യത്യാസം ഗ്രഹിക്കാതെ അദ്വൈതാമൃതവ ർഷിണിയായ ആത്മഗീതാരഹസ്യം വെളിപ്പെടുകയില്ല. സ്പ്രാംഗറുടെ സോഷ്യൽ, പൊലിറ്റിക്കൽ വ്യക്തിത്വങ്ങൾ ചേർന്നതാണ് ക്ഷത്രിയൻ. സാമൂഹികവും രാഷ്ട്രീ യവുമായ ചിന്ത ,ധർമ്മജിജ്ഞാസ, അതിൽ മനനം,കർമ്മനിഷ്ഠ ഇവ അവർക്കു ണ്ട്. ഇത് കാലക്രമത്തിൽ അധികാരം, ഭരണം, സമരം, നീതിന്യായപരിപാലനം, എന്നിവയിലും രാഷ്ട്രത്തിന്റെ സമ്പദ്വ്യവസ്ഥിതിയെക്കുറിച്ച ചിന്തയിലും (ഇക്കോ ണമി) എത്തിക്കുന്നു.സ്പ്രാംഗറുടെ ഇക്കണോമിക് ,എസ്തറ്റിക് വ്യക്തിത്വം ചേർന്നതാണ് വൈശ്യന്റെ വ്യക്തിത്വം. കല, സാഹിത്യം,വാണിജ്യം,കൃഷി മുതലായ ധനാഗമമാർഗ്ഗങ്ങളും, അതിനായി ലോകസഞ്ചാരവും -ഇവയിലാണ്

വൈശ്യന്റെ നിഷ്ഠയും മനനവും. ധനസമ്പാദനവും കലകളും ഭൂരിപക്ഷക്കാരേയും പെട്ടെന്ന് വശീകരിക്കുന്നവയാണ്. വശീകരണക്ഷമതയുള്ള വൈശികതന്ത്രത്തിൽ നിഷ്ഠയോടെ ഏർപ്പെട്ടിരിക്കുന്നവനാണ് വൈശ്യൻ. ഇവരുടെ സ്ത്രീകളെ വേശ്യയെന്നും വൈശ്യയെന്നും വിളിച്ചിരുന്നു. വൈശിക തന്ത്രത്തിലുള്ള പ്രാവീണ്യം വേശ്യയെന്നപേരിലും ഗണന ക്രിയയിലുള്ള പ്രാവീണ്യം ഗണിക, ഗണകനെന്നപേരിലും ഇവർക്ക് നേടിക്കൊടുത്തിരിക്കാം. ശൂദ്രർ ഈ മൂന്നുവിഭാഗത്തിലും പെടാത്തവരാണ്. അതായത് മൂന്നുതരക്കാരാണ് ഇവരിൽ(ശൂദ്രരിൽ) പെടുക.

1. മേല്പറഞ്ഞമൂന്നിനും അതീതമായി ആത്മജ്ഞാനത്തിന്റെ പരകോടിയിൽ വ്യക്തിത്വം സമ്പൂർണ്ണ മായി ത്യജിച്ച പരമഹംസർ.

2. മൂന്നുവിഷയങ്ങളിലും (ബ്രാഹ്മണ്യ,ക്ഷാത്ര,വൈശ്യങ്ങളിൽ പറഞ്ഞവ) താല്പര്യവും ശ്രദ്ധയും നിഷ്ഠ യും പ്രകടിപ്പിക്കുന്നതിനുമുമ്പുള്ള വ്യക്തിത്വം - ശൈശവാവസ്ഥ.ജനിക്കുമ്പോൾഎല്ലാവരും ശൂദ്രരായിട്ടാണ് ജനിക്കുന്നത്.

3. മൂന്നിലും താല്പര്യമില്ലാതെ തിന്നും കുടിച്ചും അലസമായി മന്ദരായി ഇഡ് വ്യക്തിത്വത്തിനുമാത്രം കീഴ്പ്പെട്ട വർഗ്ഗം .ഏതാണ്ട് ചിന്താവിഷ്ടയായ ശ്യാമളയിലെ ശ്രീനിവാസന്റെ പോലെ.

ഇംഗ്ലീഷ് ഭാഷയിൽ മനുഷ്യരുടെ വർഗ്ഗീകരണം പോലെയേ ഉള്ളു സംസ്കൃത ഭാഷയിലും വർഗ്ഗീകരണം. ഇതുമനസ്സിലാക്കിയാൽ,ജന്മനാ ജായതേ ശൂദ്ര, കർമ്മണാ ജായതേ ദ്വിജ എന്ന ഭഗവദ്വാക്യത്തിന്റെ പൊരുളറിയും. ജന്മനാ എല്ലാ മനുഷ്യരും ശൂദ്രരായി ജനിക്കുന്നു. വാസനകളും താല്പര്യങ്ങളും നിഷ്ഠകളും കർമ്മങ്ങളും ഹേതുവായി ദ്വിജത്വം കിട്ടുമ്പോൾ(രണ്ടാം ജന്മം)അതാതു താല്പര്യവും നിഷ്ഠയും കർമ്മവുമനുസരിച്ച് ശൂദ്രനിൽനിന്ന് ബ്രാഹ്മണനോ, ക്ഷത്രിയനോ,വൈശ്യനോ ജനിക്കുന്നു. അതു കൊണ്ട് ഈ മൂന്നുകൂട്ടരും ഉപനയനം ചെയ്യുന്നു. ഇത് ഏതാണ്ട് ജ്ഞാനസ്നാനം പോലെ ഒന്നാണ്. വിദ്യ അഭ്യസിക്കുന്നതിനു മുമ്പ്, ഗുരുകുലത്തിലെ അന്തേവാസിയാവുന്നതിനു മുമ്പ്, ചെയ്യുന്ന ഒന്ന്. ഇത്തരം എല്ലാ വിഭജനങ്ങളിൽനിന്നും അതീതനാവുമ്പോളാണ് പരമഹംസനായി വീണ്ടും ശൈശവാവസ്ഥ പ്രാപിക്കുന്നത്.

ജന്മം 1	ജന്മം 2 (ദ്വിജം)	ജന്മം 3 (സർവ്വത്യാഗം,സന്യാസം)
ശിശു (ശൂദ്രൻ)	ബ്രാഹ്മണൻ,ക്ഷത്രിയൻ,വൈശ്യൻ.	പരമഹംസൻ

അതായത് സർഗ്ഗക്രമത്തിൽ,വൈശ്യനും ബ്രാഹ്മണനും ഇടയിലും, ബ്രാഹ്മണന് ഉപരിയും ,വൈശ്യനുതാഴെയും ,ക്ഷത്രിയനു സമമായും ശൂദ്രനു സ്ഥാനങ്ങൾ കിട്ടുന്നു. ക്ഷത്രിയനും ശൂദ്രനും തമ്മിൽ ഒറ്റവ്യത്യാസമുണ്ട്. ശുക് കൊണ്ട് ആർദ്ര നായി വിഷാദാത്മകനായി അകർമ്മണ്യനായി വിലപിക്കുന്നു എന്ന വ്യത്യാസം. ആ സ്വഭാവം മാറി, പ്രസാദാത്മകനായി കർമ്മനിരതനായാൽ ക്ഷത്രിയനായി. അർജ്ജുനവിഷാദയോ ഗത്തിൽ ശൂദ്രനായി വിലപിച്ച അർജ്ജുനനെ ഊർജ്ജസ്വല നായ ക്ഷത്രിയനാക്കി കർമ്മനിരതനാക്കി പ്രസാദയോഗയു ക്താത്മാവാക്കാനാണ് ഗീത ഉപദേശിക്കപ്പെടുന്നത്.

E=e3–f എന്നാണ് കർമ്മശേഷിയുടെ നിർവ്വചനം.

E Efficiency(കർമ്മശേഷി) e3= (Experience X expertise Enthusiasm) അനുഭവം ,സാങ്കേതികപരിചയം ,ഉത്സാഹം . f= frustration വിഷാദം കൊണ്ടുള്ള രോഗം. (വിഷാദരോഗം). അർജ്ജുനന് യുദ്ധം ചെയ്യാൻ ഉത്സാഹമുണ്ടായിരുന്നു. ആയോ ധനവിദ്യയിൽ സാങ്കേതികപരിചയവും മികച്ച അനുഭവവും ഉണ്ടായിരുന്നു. താൽക്കാലികമനസ്സംഘർഷം കൊണ്ടുണ്ടായവിഷാദം കാർമേഘം സൂര്യനെ എന്നപോലെ അദ്ദേഹത്തിന്റെ കർമ്മശേഷിയെ മറച്ചുകളഞ്ഞു. ആ വിഷാദത്തെ മാരുതവേഗത്തിൽവന്ന് (അർജ്ജുനന്റെ കൊടിക്കൂറയിലെ മാരുതിയുടെ വേഗം) അടിച്ചുപറത്തിക്കളഞ്ഞ് കർമ്മസൂര്യനെ വീണ്ടും അഭിവ്യക്തമാക്കുകയാണ് ഗീത. നല്ല മനശ്ശാസ്ത്രജ്ഞനാണിവിടെ ഗീത ഉപദേശിക്കുന്ന കൃഷ്ണൻ.

- ഈഗോവ്യക്തിത്വം

മാനസികവ്യക്തിത്വമാണ് റിയാലിറ്റി പ്രിൻസിപ്പിളെന്നു വിളിക്കുന്ന ഈഗോ, ശാരീരികമല്ല.ഇവിടെ ക്ഷേത്രജ്ഞനായ ഞാൻ, താനിരിക്കുന്ന ക്ഷേത്രത്തെ, (തന്റെ വാസസ്ഥാനം,മണ്ഡലം, ചുറ്റുപാട്) ജിജ്ഞാസയോടെ നിരീക്ഷണം ചെയ്യുന്നു. സത്യം, തന്റെ ഇഡ് വ്യക്തിത്വത്തോട് ബന്ധപ്പെട്ട ഇന്ദ്രിയചോദനക്കുമാത്രം നിയ ന്ത്രിക്കാവുന്ന ഒന്നല്ല എന്ന് ഈഗോ മനസ്സിലാക്കുന്നു..ഞാനീ ശരീരമല്ല, മനസ്സും ബുദ്ധിയുമാണ് എന്ന് ഗ്രഹിച്ച വ്യക്തി താനിരിക്കുന്ന ശരീരക്ഷേത്രത്തെ പഠിക്കു മ്പോൾ ശരീരശാസ്ത്രവും വൈദ്യശാസ്ത്രവും ഉണ്ടാവുന്നു. ഇതരജന്തുജാലങ്ങളി ലിരിക്കുന്ന ഞാനിനെ പഠനവിധേയമാക്കുമ്പോൾ ജന്തുശാസ്ത്രവും സസ്യശാസ്ത്ര വും ,ചരാചര പ്രപഞ്ചമണ്ഡലങ്ങളെ പഠിക്കുമ്പോൾ, കെമിസ്ട്രി, ഫിസിക്സ്, ആസ്ട്രോഫിസിക്സ് എന്നിവയും ഉണ്ടാവുന്നു. സബ് അറ്റോ മിക്ക് പാർട്ടിക്കിൾ മുതൽ,ബ്രഹ്മാണ്ഡങ്ങൾവരെ സർവ്വവും ഉൾപ്പെട്ട ക്ഷേത്രത്തെ നിരീക്ഷിക്കുകയും പഠിക്കുകയും പഠിച്ചത് ഓർമ്മിക്കുകയും (സ്മൃതി) തർക്കവിചാരം ചെയ്യുക യും നിത്യാനിത്യവസ്തുവിവേകത്തിലൂടെ പ്രശ്നപരിഹാരത്തിനും നവസൃഷ്ടിക്കും കാരണഭൂതമായിത്തീരുകയും ചെയ്യുന്ന, മനസ്സും ബുദ്ധിയും ചേർന്ന വ്യക്തിത്വ

മാണ് ഈഗോ. ഓരോ കർമ്മം ചെയ്യുമ്പോളും താൻ ആ കർമ്മമണ്ഡലം കീഴടക്കി എന്ന് ഈഗോ സന്തോഷിക്കുന്നു. (മേല്പറഞ്ഞതെല്ലാംതന്നെ ഈഗോയുടെ നിയന്ത്രണത്തിലാണ്, ഇഡ്ഡിന്റെ നിയന്ത്രണത്തിലല്ല.) ഇഡ്ഡും ഈഗോയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഫ്രൂയിഡ് പറഞ്ഞു:-ഇഡ്ഡ് കുതിരയാണെങ്കിൽ ഈഗോ സാരഥിയാണെന്ന്. കുതിരപോകുന്നവഴിക്ക് അതിനെ തെളിച്ചുവിടുന്ന ഈഗോ ഉള്ളവരാണ് മിക്കമനുഷ്യരും എന്നദ്ദേഹം കൂട്ടിച്ചേർത്തു. ഗീത ഉപയോഗിച്ച അതേ ഉപമതന്നെ ഫ്രൂയിഡ് ഉപയോഗിച്ചതിൽ അത്ഭുതം വേണ്ട. ഫ്രൂയിഡ് ഭഗവദ്ഗീത വായിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് അദ്ദേഹത്തിന് നല്ല അഭിപ്രായവുമായിരുന്നു.(**Vishnu on Freud's desk** എന്ന ഗ്രന്ഥം വായിക്കുക)ഫ്രൂയിഡിയൻസൈക്കോഅനാലിസിസ് ജനിച്ചത് ആർത്തരും വിഷാദരോഗികളു മൊക്കെയായ മനോരോഗികളുടെ കിടക്കക്കരികിലാണ്. അതു കൊണ്ടാണ് മിക്കമനുഷ്യരും കുതിരപോകുന്നവഴി അതിനെ തെളിക്കുന്ന ഈഗോ ഉള്ളവരാണെന്ന് അദ്ദേഹത്തിന്റെ ഡാറ്റ കാണിക്കുന്നത്. ജിജ്ഞാസുക്കളും ഗവേഷണകുതുകികളുമായ ചിന്തകരുടെ ഡാറ്റമാത്രം എടുത്താൽ ഇങ്ങനെ തോന്നിയെന്നു വരില്ല. **Learning and Trait Theory** എന്നറിയപ്പെടുന്ന ഗുണസിദ്ധാന്തം ഇത്തരം ചിന്തകരുടെ മസ്തിഷ്ക ലാബറട്ടറി കളിലാണ് പിറന്നത്.

- സൂപ്പർഈഗോഃ

മനുഷ്യർ ചില മാതൃകകളെ സ്വീകരിക്കുന്നു. കുട്ടിക്കാലത്ത് മാതാപിതാക്കളും കാരണവന്മാരും ഗുരുനാഥന്മാരും അയ ൽക്കാരും ചങ്ങാതിമാരും വേലക്കാരും- പിന്നെപ്പിന്നെ വായിച്ചും കേട്ടും അറിഞ്ഞ പൂർവ്വികരും കവികളും ശാസ്ത്രജ്ഞരും ഋഷിമാരും ... ഈ മാതൃകകളും അവർ സ്വീകരിച്ച ജീവിതമൂല്യങ്ങളും കൊണ്ട് നാം നമ്മുടെ വ്യക്തിത്വത്തെ സ്വയം രൂപപ്പെടുത്തിയെടുക്കുന്നു. ഇതാണ് സുപ്പർഈഗോ. ഇതിന് പ്രധാനമായും രണ്ടുഘടകങ്ങളുണ്ട്.

1. താൻഇന്നയിന്നത് പറയുകയും പ്രവർത്തിക്കുകയും ചെയ്താൽ അത് തനിക്കും സമൂഹത്തിനും ദോഷമാവും . അല്ലെങ്കിൽ ഗുണമാവും എന്ന ബോധം. **(conscience)**

2. പൂർവ്വമാതൃകകളോടുള്ള തന്മയത(**identification**) കൊണ്ട് ഉണ്ടായ **ego-ideal.**

പൂർവ്വമാതൃക

മാതാപിതാക്കൾമുതൽ,സത്യയുഗ,ത്രേതായുഗകാലത്തെ ഐതിഹാസികപുരുഷന്മാരോ ചരിത്രപുരുഷരോ വരെ ആകാം. കുട്ടികൾ തങ്ങൾക്കുലഭിച്ച നിന്ദ,ശിക്ഷ, സ്നേഹം,സുരക്ഷ ഇവയെ ആസ്പദമാക്കി മോഡലുകളെ അനുകരിക്കുന്നു. മുതിർന്ന ആളുകളിൽ തന്മയത അനുകരണം മാത്രമല്ല. പൂർവ്വികരുടെ ചിന്താരീതി

,താർക്കികബൌദ്ധികസമീപനങ്ങൾ, സ്വഭാവങ്ങളെന്നിവ തന്നിൽത്തന്നെ സാത്മീകരിക്കലും കൂടിയാണ്. (നാലപ്പാട്ട് നാരായണമേനോന്റേയും ശങ്കരന്റേയും വരാഹമിഹിരന്റേയും ശ്രീകൃഷ്ണന്റേയും ഒക്കെ താർക്കികബൌദ്ധികസമീപനങ്ങളെ സാത്മീകരിക്കാതെ വെറുതെ അനുകരിക്കാ ൻ സാദ്ധ്യമല്ലല്ലോ) . ശ്രേഷ്ഠന്മാർ എന്ത് ആചരിക്കുന്നുവോ അത് സാമാന്യജനങ്ങളും ആചരിക്കുന്നു എന്ന് ചൂണ്ടിക്കാട്ടുന്ന ശ്രീകൃഷ്ണൻ പറയുന്നു:- പാർത്ഥാ, ത്രിഭുവനത്തിലും എനിക്കു ചെയ്യേണ്ടതായിട്ടോ,നേടേണ്ടതായിട്ടോ യാതൊന്നുമില്ല. എന്നാലും ഞാൻ കർമ്മം ചെയ്യുന്നു.ഞാൻ കർമ്മമൊന്നും ചെയ്യാതെ അലസനായിരുന്നാൽ ജനങ്ങളും എന്നെ അനുകരിച്ച് അലസന്മാരാവും. സ്വധർമ്മം അനുഷ്ഠിക്കാതിരുന്നാലാണ് വർണ്ണസങ്കരം ഉണ്ടാവുക. നാലുവർണ്ണങ്ങളെ ഗുണധർമ്മവിഭാഗമനുസരിച്ച് ഞാൻ സൃഷ്ടിച്ചു. അവയുടെ കർത്താവും ,അകർത്താവും ഞാൻതന്നെയാണ്..

ഗുണധർമ്മവിഭാഗമനുസരിച്ച് മനുഷ്യർ നാലുതരമുണ്ട്. അവനവന്റെ ഗുണധർമ്മാനുസൃതമായ കർമ്മം (സ്വധർമ്മം) ചെയ്യാതെ പരധർമ്മം അനുഷ്ഠിക്കാൻ ആളുകൾ പുറപ്പെടുമ്പോളാണ് വർണ്ണസങ്കരം ഉണ്ടാവുന്നത്. സൈദ്ധാന്തികവ്യക്തിത്വം സാമ്പത്തികവ്യക്തിത്വത്തിലേക്കും രാഷ്ട്രീയവ്യക്തിത്വത്തിലേക്കും ഇറങ്ങുന്നതും ,സൌന്ദര്യാത്മകവ്യക്തിത്വം രാഷ്ട്രീയത്തിലേക്കു തിരിയുന്നതും പരധർമ്മമാണ്. ചിലർ ബഹുമുഖ വ്യക്തിത്വങ്ങളുള്ളവരായിരിക്കും .അവർക്ക് ഏതുധർമ്മവും നന്നായി ചെ യ്യാൻ സാധിക്കും. കൃഷ്ണന്റേത് ബഹുമുഖപ്രതിഭയോടെയുള്ള അസാധാരണവ്യക്തിത്വമാണ്.

നഹി ജ്ഞാനേന സദൃശം

പവിത്രമിഹ വിദ്യതേ

തത് സ്വയം യോഗസംസിദ്ധഃ

കാലേനാത്മനി വിന്ദതി (അ.4.38)

ശ്രദ്ധാവാൻലഭതേ ജ്ഞാനം

തത്പരം സംയതേന്ദ്രിയഃ

ജ്ഞാനം ലബ്ധ്വാ പരാം ശാന്തി -

രചിരേണാധിഗച്ഛതി(അ.4.39)

യോഗസന്യസ്തകർമ്മാണം

ജ്ഞാനസംഛിന്നസംശയം

ആത്മവന്തം ന കര്മ്മാണി

നിബധ്നന്തി ധനഞ്ജയഃ (അ.4. 41)

അത് ജ്ഞാനിയുടെ വ്യക്തിത്വമാണ്.ജ്ഞാനംവേണമെങ്കിൽശ്രദ്ധ വേണം. സന്യാസ യുക്തമായ നിഷ്കാമകർമ്മംവേണം. അങ്ങനെ സർവ്വ സംശയവും വിഛേദിച്ച ജ്ഞാനിയെ കർമ്മബന്ധങ്ങളൊന്നും ബന്ധിക്കുന്നില്ല, ആത്മസാക്ഷാത്കാരം കൊണ്ട് ,പവിത്രമായ ജ്ഞാനലബ്ധി കൊണ്ട്, പരമമായ ശാന്തി നേടിക്കഴിഞ്ഞിരിക്കുന്നു ആ വ്യക്തി. സന്യാസശീലരായ അത്തരം പൂർവ്വീകരുടെ ധന്യസ്മരണ ഉള്ളിലുള്ള കാലത്തോളം കുട്ടികളാരും നന്മയിൽനിന്നകന്നുപോവുകയില്ല. അവരുടെ വ്യക്തിത്വം വികസ്വരമായിത്തീരും.

സന്യാസശീലരാമപ്പണ്ടുള്ളോരുടെ

ധന്യസ്മരണ നിന്നുള്ളിൽനിന്നാൽ

അമ്മതന്നോമനക്കൊച്ചുമിടുക്കനു

നന്മയല്ലാതെ കണ്ടില്ലയല്ലോ (നാലപ്പാട്ടിന്റെ ഇന്നത്തെ അമ്മ. പുളകാങ്കുരം)

സ്വധർമ്മം കുറച്ചെങ്കിലും നന്നായി അനുഷ്ഠിച്ചു കൊണ്ട് ജീവിച്ചാൽ അത് നമ്മേയും സമൂഹത്തേയും രക്ഷിക്കും. ഉദാഹരണമായി ,കാർഗിലിൽ യുദ്ധം ചെയ്യുന്ന ജവാൻ ആയുധംവെച്ച് അഹിംസാസിദ്ധാന്തത്തിന്റെ വക്താവായി മാറിയാലത് അപരാധമായേക്കും. സിവിലിയന്മാർ ആയുധമെടുത്ത് തീവ്രവാദികളായി പൊതുമുതൽ നശിപ്പിക്കുന്നതും കൊള്ളയും കൊലയും നടത്തുന്നതും പരധർമ്മമാണ്. ഭയാവഹമാണ്.രണ്ടും തനിക്കും സമൂഹത്തിനും ദോഷകരമാണ്. അതുകൊണ്ട് വർണ്ണസങ്കരം (ഗുണധർമ്മങ്ങളുടെ കലർപ്പ്) ഉണ്ടാവുന്നു. ഡോക്ടറാവാൻ തല്പരരായ കുട്ടികളെ എഞ്ചിനീയറാക്കുന്നതും ,കവിത ഇഷ്ടപ്പെടുന്നവരെ പൈലറ്റാക്കുന്നതും ,അവരവരുടെ താല്പര്യമനുസരിച്ച കർമ്മരംഗം തെരഞ്ഞെടുക്കാനനുവദിക്കാതിരിക്കുന്നതും വർണ്ണസങ്കരമുണ്ടാക്കുന്നു. നമ്മുടെ സമൂഹത്തിലിന്ന് ഇതാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. എല്ലാവരും പരധർമ്മം സ്വീകരിക്കാൻ നിർബ്ബന്ധിതരാവുന്നു. ചരിത്രപുരുഷനായ കൃഷ്ണനെന്ന പൂർവ്വികന്റെ മാതൃകയോടു തന്മയത പ്രാപിച്ച് , നരൻ നാരായണനാവുന്ന സുപ്പർഇഗോ അർജ്ജുനനിലുണരുന്നു. അതോടൊപ്പം സുപ്പർഈഗോക്കും അതീതമായ ഒരു വ്യക്തിത്വവും അദ്ദേഹത്തിലഭിവ്യക്തമാവുന്നു.

- സെൽഫ്ഃ-

ചാതുർവ്വർണ്യത്തിന് അകർത്താവും താനാണെന്ന് പറയുമ്പോൾ, വർണ്ണവും സ്വഭാവവും നിർണ്ണയിക്കുന്നതിൽ പൂർവ്വ മാതൃകകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിനുപരിപൂർവ്വ ജന്മവാസനയാണ് പ്രവർത്തിക്കുന്നതെന്ന് ഗീത ചൂണ്ടിക്കാട്ടുന്നു. പൂർവ്വജന്മവാസനയുടെ അഭിവ്യക്തിയാണ് വർണ്ണങ്ങളുടെ ഗുണധർമ്മം. അതിൽ സുപ്ർഈഗോക്ക് പങ്ക് കുറച്ചേ ഉള്ളു. പൂർവ്വജന്മവാസനയനുസരിച്ചാണ് വ്യക്തി ഈ ജന്മത്തിലെ മാതൃകകളെ കണ്ടുമുട്ടുന്നതും പരിചയപ്പെടുന്നതും തെരഞ്ഞെടുക്കുന്നതുമൊക്കെ. യഥാർത്ഥസാരഥി ഈഗോ അല്ല, സുപ്പർഈഗോയുമല്ല. പൂർവ്വജന്മസംസ്കാരസ്മൃതി എന്ന സമഷ്ടിമനസ്സായ സെൽഫ് ആണ്. ഈ ഇംഗ്ലീഷുപദം ആത്മാവെന്ന സംസ്കൃതപദത്തിന് പകരം വെക്കാവുന്ന ഒന്നല്ല. ആത്മാവെന്ന പദത്തിന്റെ അർത്ഥവ്യാപ്തിയെ ഉൾക്കൊള്ളാനാവില്ല സെൽഫെന്ന പദത്തിന്. . ആ സെൽഫിനെ (ആത്മാവായ തന്നെത്തന്നെ) അർജ്ജുനന്ന് അഭിവ്യക്തമാക്കാനാണ് ഈ പരമരഹസ്യം ഞാനാണ് പണ്ട് വിവസ്വാനുപദേശിച്ച തെന്ന വാക്ക്.

ഇമം വിവസ്വതേ യോഗം

പ്രോക്തവാനഹമവ്യയം

വിവസ്വാൻമനവേ പ്രാഹ

മനുരിക്ഷ്വാകുവേ അബ്രവീത് (അ. 4. 1)

മാത്രമല്ല, യോഗഭ്രഷ്ടന്റെ പുനർജ്ജനിയെക്കുറിച്ചു പറയുമ്പോഴും പഴയ ജന്മങ്ങളിലെ ജ്ഞാനവാസനയോടെയാണ് പുനർജ്ജനിയെന്ന് വ്യക്തമാക്കുന്നു.

പ്രാപ്യ പുണ്യകൃതാം ലോകാ-

നുഷിത്വാ ശാശ്വതീഃസമാഃ

ശുചീനാം ശ്രീമതാം ഗേഹേ

യോഗഭ്രഷ്ടോഭിജായതേ (അ.6. 41)

അഥവാ യോഗിനാമേവ കുലേ ഭവതി ധീമതാം

ഏതദ്ധി ദുർല്ലഭതരം

ലോകേ ജന്മയദീദൃശം(6.42)

തത്ര തം ബുദ്ധിസംയോഗം

ലഭതേ പൌർവ്വദേഹികം

യതതേ ച തതോ ഭൂയഃ

സംസിദ്ധൌ കുരുനന്ദനഃ(6.43)

പൂർവ്വാഭ്യാസേന തേനൈവ

ഹ്രീയതേ ഹ്യവശോ അപി സഃ

ജിജ്ഞാസുരപി യോഗസ്യ

ശബ്ദബ്രഹ്മാതിവർത്തതേ (6.44).

പൂർവ്വജന്മസ്മൃതികളിലെ ജ്ഞാനാർജ്ജനം കൊണ്ടാണ് ഈ ജന്മത്തിലും ജിജ്ഞാസുവായി ഭവിക്കുന്നതും ആത്മാന്വേ ഷണം ചെയ്ത് ശബ്ദബ്രഹ്മത്തെ അതിവർത്തിക്കുന്നതും.

മനുഷ്യമനസ്സിന്റെ സ്മൃതിലോകം എത്ര ചെറുതാണ്. ഹ്രസ്വ കാലസ്മൃതികൾ കെമിക്കൽ ന്യൂറോട്രാൻസ്മിറ്ററുകളായും ദീർഘകാലസ്മൃതികൾ മസ്തിഷ്ക നാഡീവ്യൂഹങ്ങളിലെ വൈദ്യുതിശക്തിയായും നാം ശേഖരിക്കുന്നു. 20 ട്രില്യൻ സൈനാപ്സുകളിലായി അത്രയും സ്മൃതിസഞ്ചയം ശേഖരിക്കാൻ മസ്തിഷ്കത്തിനാവും. 920 ബില്യൻ ഓർമ്മ ശേഖരി ക്കാവുന്ന ജനിതകങ്ങൾ നമ്മൾക്കുണ്ട്. മസ്തിഷ്കത്തിൽ ഇഹജന്മസ്മരണകൾ, ജനിതകങ്ങളിൽ പൂർവ്വജന്മസ്മരണകൾ - ഒരു കൊച്ചുവൈറസ്സും ഏകകോശജീവിയുമായിരുന്ന ജന്മങ്ങളിലെ സ്മൃതിഭാണ്ഡം പോലുമുണ്ട് ആ ജനിതകച്ചുരുളിനകത്ത് ശേഖരിച്ചുവെച്ചിട്ട്. എന്നാലും നമുക്കൊന്നും ഓർമ്മയില്ല. അർജ്ജുനനെപ്പോലെ.

കൃഷ്ണൻ പറയുന്നു:- അർജ്ജുനാ, എനിക്കെല്ലാം ഓർമ്മയുണ്ട് എന്ന്. വന്നതും വരാനിരിക്കുന്നതുമായ സർവ്വവും തെളിയുന്ന ത്രികാലജ്ഞാനിയുടെ വ്യക്തിത്വമാണ് സമഷ്ടിമനസ്സിന്റേത്. അത്തരം സമഷ്ടിമനസ്സിന്റെ വിശ്വരൂപദർശനമുണ്ടായി അതിനോടു തന്മയത പ്രാപിക്കാതെ, മന്മനാഭവ എന്ന കൃഷ്ണന്റെ നിർദ്ദേശം പ്രാവർത്തികമാക്കാൻ ആർക്കും കഴിയുകയില്ല. ഈ അവസാനവികാസ ഘട്ടത്തിൽ ഇഡ്,ഈഗോ,സുപ്പർ ഈഗോ എന്ന് ക്രമത്തിൽ വികാസം പ്രാപിച്ച വ്യക്തിത്വം ആ വ്യക്തിത്വത്തെ തന്റെ തന്നെ സമഷ്ടിമനസ്സായ ബ്രഹ്മത്തിൽ സർവ്വസമർപ്പണം ചെയ്യുന്നു. വ്യക്തിത്വത്തിന് അതീതനാവുന്നു.

യോഗയുക്തോ വിശുദ്ധാത്മാ

വിജിതാത്മാ ജിതേന്ദ്രിയഃ

സർവ്വഭൂതാത്മഭൂതാത്മാ

കുർവ്വന്നപി ന ലിപ്യതേ (അ 5. 7)

ജിതാത്മനഃപ്രശാന്തസ്യ

പരമാത്മാ സമാഹിതഃ

ശീതോഷ്ണസുഖദുഃഖേഷു

തഥാ മാനാപമാനയാ

ജിതാത്മാവായി പ്രശാന്തനായി,ദ്വന്ദ്വാതീതനായി പരമാത്മ സമഭാവത്തിൽ ജീവാത്മാവ് വിളങ്ങുന്നു. ഇതാണ് യഥാർത്ഥ വ്യക്തിത്വ വികസനം. അതോടെ,

ലോകമേ തറവാട്, തനിക്കീച്ചെടികളും

പുൽകളും പുഴുക്കളും കൂടിത്തൻകുടുംബക്കാർ

എന്നായി സ്വഭാവം.ലോകാസ്സമസ്താഃസുഖിനോ ഭവന്തു എന്നായി പ്രാർത്ഥന. അദ്വൈതമായി മതം. സ്നേഹമായി സന്ദേശം.

സർവ്വഭൂതസ്ഥമാത്മാനം

സർവ്വഭൂതാനി ചാത്മനി

ഈക്ഷതേ യോഗയുക്താത്മാ

സർവ്വത്ര സമദർശനഃ (അ. 6. 29)

യോ മാം പശ്യതി സർവ്വത്ര

സർവ്വം ച മയി പശ്യതി

തസ്യാഹം ന പ്രണശ്യാമി

സ ച മേ ന പ്രണശ്യതി (6.30)

സർവ്വഭൂതസ്ഥിതം യോ മാം

ഭജത്യേകത്വമാസ്ഥിതഃ

സർവ്വഥാ വർത്തമാനോ അപി

സ യോഗീ മയി വർത്തതേ (6.31) ഏകത്വത്തിൽ സ്ഥിതിചെയ്തുകൊണ്ട് സർവ്വത്തിലും (അനേകത്തിലും) സർവ്വഭൂതത്തിലും ഇരിക്കുന്ന ഈശ്വരനെത്തന്നെ സമബു

ദ്ധിയോടെ കാണുമ്പോഴാണ് സർവ്വത്ര സമദർശിത്വം സാദ്ധ്യമാവുക. പാവ്ലോ (Pavlov)വിന്റെ Conditioned reflexൽനിന്ന് സ്കിന്നറു(Skiner)ടെ **operant conditioning** ലേക്ക് വ്യക്തി എത്തിക്കഴിഞ്ഞു. പാവ്ലോവിന്റെ റിഫ്ലക്സിൽ ക്ഷേത്രം ക്ഷേത്രജ്ഞനെ പ്രചോദിപ്പിക്കുന്നു. കർമ്മനിരതമാക്കുന്നു. സ്കിന്നറുടേതിൽ ക്ഷേത്രജ്ഞൻ ക്ഷേത്രത്തെ പ്രചോദിപ്പിക്കുന്നു.കർമ്മനിരതമാക്കുന്നു.താൻ ജീവിക്കുന്ന മണ്ഡലത്തിന്റെ സൃഷ്ടി മാത്രമല്ല, സ്രഷ്ടാവും കൂടിയാണ് വ്യക്തി എന്ന് ജെസ്റ്റാൾട്ട് സൈക്കോളജിയെ(gestalt psychology)പ്പോലെ ഗീതയും നമ്മെ പഠിപ്പിക്കുന്നു. സ്വന്തം മനനത്തിലൂടെ ,ചിന്തയിലൂടെ,സ്വയം ഉത്തേജിപ്പിക്കാനും ഉണർത്താനും വികസിപ്പിക്കാനും വ്യക്തിക്കു സാധിക്കുമെന്ന ആധുനികമനശ്ശാസ്ത്രജ്ഞരുടെ വാക്ക് ഉദ്ധരോദ്ധരമാത്മാനം എന്ന ഗീതാവചനത്തിലുണ്ട്. ഒരാളുടെ ജ്ഞാനമാണ് അയാളുടെ വിജ്ഞാനത്തെ സഹായിക്കുന്നത്. കൃഷ്ണന്റെ ജ്ഞാനവിജ്ഞാന ക്ഷീരസാഗരത്തിലുയരുന്ന ചിന്താശക്തിയാകുന്ന തൂവെണ്ണയാണ് ഗീത. അത് കൃഷ്ണന്റെ വ്യക്തിത്വത്തിന്റെ കാതലാണ്. സമൂഹത്തിനും വ്യക്തിക്കും നന്മവരുത്തുന്ന ഔഷധവീര്യമുള്ള ആ വാക്ക് ഭാരതത്തിനുമാത്രം ഉദ്ദേശിച്ചുള്ളതല്ല. ലോകത്തിലുള്ള സർവ്വർക്കും വേണ്ടി എഴുതപ്പെട്ട ,പാടപ്പെട്ട, അമൃതവർഷിണിയാണ്.

- സ്വാനുഭവം

മനുഷ്യർ ആദ്യം ഇന്ദ്രിയങ്ങളുടെ ദാസരാണ്. പിന്നീട് സ്വന്തം കാമങ്ങൾ സാധിക്കാൻകച്ചവടക്കണ്ണോടെ കർമ്മം ചെയ്യുന്ന വൈശ്യനാവുന്നു. അതും കഴിഞ്ഞാൽ, സമ്പാദിച്ചുകൂട്ടിയ സ്വത്തുക്കളെല്ലാം ശത്രുക്കളിൽനിന്ന് സംരക്ഷിക്കാനായി ആയുധമേന്തിയ ക്ഷത്രിയനാവുന്നു.(ആർത്തനും അർത്ഥാർത്ഥിയും ആയ മനസ്സ് ധർമ്മസംരക്ഷണത്തിനായി പൊരുതാനാരംഭിക്കുന്നു) ദൈവസർഗ്ഗക്രമത്തിന്റെ അവസാനത്തിൽമനുഷ്യ മനസ്സ് പൂർണ്ണജീവവികാസം പ്രാപിക്കുമ്പോള്, പാമ്പ് വളയൂരിക്കളയുന്നതുപോലെ ഈ ഭാവങ്ങളെല്ലാം ഉപേക്ഷിക്കുന്നു. സർവ്വം ഉപേക്ഷിച്ച് സത്യം തേടുന്ന ഏകാന്തസഞ്ചാരം ആരംഭിക്കുന്നു. ആൾക്കൂട്ടത്തിൽ തനിയേ നിൽക്കുന്ന ഇവരെക്കുറിച്ചാണ് വിൽഡ്യൂറന്റ് **The men of wisdom who stand aside unused by the world** എന്നു പറഞ്ഞത്. കിടപ്പറകളും ചന്ത സ്ഥലങ്ങളും യുദ്ധക്കളങ്ങളും ഉപേക്ഷിച്ച് ,ചിന്തയുടെ അഗാധശാന്തമണ്ഡലങ്ങളിലേക്ക് സത്യമെന്ന ചിന്താമണിതേടി ഊളി യിടുന്നവർ.. അഗ്നി എന്നോ വഴികാട്ടുന്ന ജ്യോതിയെന്നോ വിളിക്കാവുന്നവർ,...അധികാരത്തേക്കാളും ധനത്തേക്കാളും സത്യത്തിനും ധർമ്മത്തിനും പ്രാധാന്യം കൊടുക്കുന്നവർ... ധ്യാനത്തിൽ ആനന്ദം കാണുന്നവർ.. ഇവരുടെ എണ്ണം എപ്പോഴും കുറവായിരിക്കും.

പൂർവ്വജന്മവാസനകൾ, ജനിതകരൂപത്തിൽ ചുരുണ്ടുകൂടി ജീവവികാസപ്രക്രിയയിൽനമ്മെ ഇങ്ങനെയൊക്കെയാക്കി എന്നതിൽക്കവിഞ്ഞ് അഹങ്കരിക്കാൻയാ

തൊന്നുമില്ലെന്ന് ജ്ഞാനി അറിയുന്നു.അതുകൊണ്ട് ,ബലവദ്വിനയത്തിന്റെ സൌമ്യമൂർത്തിയാണ് ജ്ഞാനി. ഇതാണ് നാലപ്പാടൻകളരിയുടെ സാരസ്വതപാഠം. ഈ കൊച്ചുജന്മത്തിന്റെ ഇക്കണോമിക്ക്,പൊളിറ്റിക്കൽ യുദ്ധങ്ങളിൽനിന്ന് വളയൂരും പോലെ മനസ്സിനെ മോചിപ്പിച്ച് ,അതീതജന്മങ്ങളിലെ സംഗീതധ്വനികളിലേക്കും വരുംതലമുറകളുടെ സർഗ്ഗം നടക്കുന്ന രാശിമണ്ഡലങ്ങളിലേക്കും സഞ്ചരിക്കാൻഈ കളരിയിലെ പഠനമാണ് എന്നെ സഹായിച്ചത്.ഇതാണ് എന്റെ സുപ്പർഇഗോവിനെ വളർത്തിയ മാതൃകകളുള്ള ഗുരുകുലം.

എന്റെ ജീവിതത്തിലെ ഏറ്റവും വലിയ രണ്ടു മഹാത്ഭുതങ്ങൾ- ഒന്ന് , നക്ഷത്ര നിബിഢമായ ആകാശപ്പരപ്പിലെ നിഗൂഢക്രമബദ്ധത.അതിൽലയിച്ച നാദതരംഗങ്ങളും പ്രകാശതരംഗങ്ങളും തമ്മിലുള്ള അവിഭാജ്യത. രണ്ട്, . വാസനച്ചിമിഴിൽ അടച്ച് എന്റെ ആത്മാവ് കൊണ്ടുനടക്കുന്ന ആന്തരധർമ്മങ്ങളുടെ ക്രമബദ്ധമായ വികാസപരിണാമത്തെ ഗ്രഹിക്കാനും അപഗ്രഥിക്കാനും കഴിവുള്ള ബോധപ്രകാശം. ഗേഥേ ഉദ്ധരിക്കുന്ന, കാന്റിന്റെ ഒരു വാക്യം നാലപ്പാട്ടിന്റെ ഡയറിയി ൽ കുറിച്ചിട്ടത് കണ്ടു. കാന്റിന്റെ ജീവിതത്തിലും **The starry heavens above and the moral law within** ആയിരുന്നുവത്രെ രണ്ടു മഹാത്ഭുതങ്ങൾ.

മാനവചേതന വസ്തുക്കളെ നോക്കിക്കാണാൻ പലമാർഗ്ഗങ്ങളെടുത്തിട്ടുണ്ട്.ഒരു താക്കോൽപ്പഴുതിലൂടെ നോക്കിക്കണ്ട് മുറിയെ വർണ്ണിക്കുന്നത് ഡിഫക്ടീവ് മെത്തേഡ് ആണ്.ഒരു പ്രത്യേകസ്ഥാനത്തുനിന്ന് ,ഒരു പ്രത്യേകആംഗിളിൽവെച്ച ക്യാമറക്കണ്ണിലൂടെ മുറിയെ നോക്കിക്കാണുന്നത് ലോജിക്കൽമെത്തേഡ് ആണ്. പകൽവെളിച്ചത്തിൽ,മുറിയിൽ സ്വതന്ത്രമായി സഞ്ചരിച്ചും കണ്ടും സ്പർശിച്ചും അറിഞ്ഞും വർണ്ണി ക്കുന്നതാണ് സൈക്കോളജിക്കൽമാർഗ്ഗം. മുറി വീട്ടിന്റെ ഒരു ഭാഗമാണ്. വീട് ഭൂമിയുടെ ഭാഗം. ഭൂമി സൌരയൂഥത്തിന്റെ ഭാഗം. സൌരയൂഥം രാശിമണ്ഡലത്തിന്റെ ഭാഗം. ഇങ്ങനെ സർവ്വചരാചരങ്ങളുടേയും അദ്വൈതാവസ്ഥ ഗ്രഹിക്കുന്ന ഹോളിസ്റ്റിക് മാർഗ്ഗമാണ് എസോട്ടറിക് മാർഗ്ഗം. എന്റേത് സൈക്കോളജിക്കലും എസോട്ടറിക്കുമായ മാർഗ്ഗങ്ങളുടെ ഒരു സമന്വയമാണെന്നു വേണമെങ്കിൽ പറയാം. ഒന്നിനെത്തന്നെ പല ലോജിക്കൽആംഗിളുകളിലൂടെയും നോക്കിക്കാണുന്ന മാർഗ്ഗമാണിത്. അത് ജിജ്ഞാസുമനസ്സിന്റെ മാർഗ്ഗമാണ്. ആർത്തന്റേതോ അർത്ഥാർത്ഥിയുടേതോ അല്ല, ആയിരുന്നിട്ടുമില്ല.

ആധുനികമഹിളകളുടെ സമസ്യകളും യോഗദാനവും എന്നതായിരുന്നു അന്താരാഷ്ട്രഗീതാസെമിനാറിലെ വിഷയം ഇതിനെ പുരസ്കരിച്ച് കേസരി 1176 വൃശ്ചികം 25 (ഡിസംബർ 10)ന് പ്രസിദ്ധീകരിച്ച എന്റെ ലേഖനത്തിലെ പ്രസക്തഭാഗങ്ങളും കൂടി ചേർത്താലേ, ഗീതയുടെ വ്യക്തിത്വവികസനമെന്ന ഈ വിഷയം പൂർത്തിയാവുകയുള്ളു. സ്വാനുഭവമില്ലാത്ത, വെറും തിയറി മാത്രമായ വ്യക്തിത്വവികസനമല്ലല്ലോ,ഗീത ലക്ഷ്യമാക്കുന്നത്.

ആരാണ് ആധുനികമഹിള . എന്താണവളുടെ സമസ്യ. എന്താണവൾ സമൂഹത്തിനു വേണ്ടി ചെയ്യേണ്ടത്. മകളും കാമുകിയും ഭാര്യയും അമ്മയും സഹോദരിയും മുത്തശ്ശിയും മാത്രമായിരുന്നാൽ മതിയോ അതോ ജനാധിപത്യരാഷ്ട്രത്തിലെ ഉത്തരവാദിത്തമുള്ള പൌരയും കൂടിയായി തന്റെ വ്യക്തിത്വം വികസിപ്പിക്കണോ. സമൂഹത്തിലും രാഷ്ട്രഭരണത്തിലും ലോകത്തിലും സഹധർമ്മം ചരിക്കാതെ എങ്ങനെയാണവൾ പുരുഷന്റെ സഹധർമ്മിണിയായി സഹധർമ്മ ശ്ചരതഃ എന്ന ആശീർവ്വാദം സഫലമാക്കുക. സമശീർഷയായി സഹധർമ്മം ചരിക്കുന്ന സഹധർമ്മിണിയെന്ന പുരാതനനിർവ്വചനം ഇന്ന് ആധുനികമഹിളകൾക്കാണ് യോജിക്കുന്നത്. പുരുഷന്റെ ശക്തിയായി എല്ലാ കർമ്മരംഗങ്ങളിലും സ്ത്രീ ഉണ്ടാവുമ്പോളാണ് ഒരു സ്ത്രീയെന്നനിലയിലുള്ള അവളുടെ ദൌത്യം പൂർത്തിയാവുന്നത്. ഇരുതലവാളുപോലെ മൂർഛയുള്ള കർമ്മരംഗങ്ങളിലെല്ലാം പോറലേൽക്കാതെ കടന്നു പോകുക എന്ന സമസ്യ ആധുനികമഹിളകൾക്കുണ്ട്. ആ യാത്രയിൽ താൻ നേടിയ പാഥേയം സമൂഹത്തിനു പകർന്നു നൽകുക എന്ന യോഗദാനം അവളുടെ കടമയുമാണ്. ലോക പൌരന്റെ എല്ലാ കഴിവുകളും തന്നിലുണ്ടെന്നു കണ്ടറിഞ്ഞ് , അവയെ ഉണർത്തി,ലോകനന്മക്കായി അവയെ വിനിയോഗിക്കുക എന്ന ശ്രമകരമായ ദൌത്യം തികച്ചും ആനന്ദകരമായ കർമ്മമാണ്. സഹസ്രാബ്ദങ്ങളായി മറഞ്ഞു കിടക്കുന്ന ചിന്താമണി തെരഞ്ഞെടുത്ത് വരുംതലമുറകൾക്കായി തുടച്ചു മിനുക്കുക എന്ന യജ്ഞമാണ് എന്റേത്. നാലപ്പാട്ട് നാരായണമേനോനിൽനിന്ന് വരാഹമിഹിരനിലേക്കും ഇളങ്കോവടികളിലേക്കും സുശ്രുതനിലേക്കും വൈദിക ഋഷിമാരിലേക്കും സഞ്ചരിച്ച് ഞാൻകണ്ടെത്തിയ രത്നപ്രഭ കണ്ണഞ്ചിക്കുന്നതാണ്. സിൻഡ്രല്ലയെപ്പോലെ ഞാനാ ചിന്താരത്നങ്ങൾക്കിടയിൽ, നൃത്തം വെച്ചു. എന്റെ മനസ്സിന്റെ രാശിമണ്ഡലങ്ങളിലേക്ക് അവ പ്രവഹാനിലരൂപത്തിൽചുറ്റിയടിച്ച് കറങ്ങിവന്നു നിറഞ്ഞു് അതിനെ ചൈതന്യപൂർണ്ണമാക്കി. മനസ്സിന്റെ പാവന ചഷകത്തിൽസർവ്വജീവജാലങ്ങളുടെ ജീവരക്തവും ഉണ്ടെന്ന അറിവിൽഅഹിംസയുടെ ജീവകാരുണ്യമധു ഉറന്നു.

ആകാശഗംഗയിലെ പരമാണുമാത്രമായി സൂര്യൻ. സൂര്യന്റെ പാലാഴിയിലെ ഒരു നുറുങ്ങുപാൽത്തരിയായി ഭൂമി. ഈ പാലാഴിയിൽ എനിക്കു ചുറ്റും എത്രയെത്ര ചിദ്കണങ്ങളുടെ ലാസ്യം. ശ്രുതിമധുരസംഗീതം. ഈ സംഗീതത്തിന്റെ ഗണിത താളത്തിന്റെ വിധാതാവാര്. സഹസ്രാബ്ദത്തിലൊരിക്കൽമാത്രം ഈ ശ്രുതിലയ താളം കേൾക്കാൻഭാഗ്യമുണ്ടായ ഏതെങ്കിലുമൊരു മനുഷ്യനോ. ? ഭൂമിയുടെ പാൽത്തരിനുറുങ്ങിലൊരു കാൽക്കണം പോലുമല്ലാത്ത മനുഷ്യനോ. ? അനന്ത മജ്ഞാതമവർണ്ണനീയം ഈ ലോകഗോളം തിരിയുന്ന മാർഗ്ഗത്തിൽഅവന്റെ പങ്ക് എത്ര നിസ്സാരം.എങ്കിലും കെല്പറ്റതെങ്കിലും എൻകയ്യും ചെല്ലായ്കിലപ്പോഴേ നിശ്ചലം കാലചക്രം എന്നും എന്റെ ഗുരു പറഞ്ഞിട്ടുണ്ടല്ലോ.

ബംഗാളിലെ സ്തീകളെക്കുറിച്ച് ശ്രീമതി നിർമ്മലാബാനർജി എഴുതിയ ഒരു ലേഖനത്തിൽ വ്യവസായവത്കരണത്തിനുശേഷമാണ് സ്ത്രീകൾ പുരുഷന്റെ സഹധർമ്മചാരിണി കളല്ലാതായിത്തീർന്നതെന്ന് സയുക്തികം വാദിക്കുന്നു. ദ്രാവി ഡനാട്ടിലെ സ്ത്രീകൾക്ക് മര്യാദ ,മുതൽമര്യാദ മുതലായ പദങ്ങളുടെ അർത്ഥം പുതിയതായിരുന്നില്ല. സെൽഫ് റെസ്പെ ക്ട് മൂവ്മെന്റ് ആരംഭിക്കുന്നതിനു മുമ്പും ഇതിന്റെ ബീജം ഉണ്ണിയാർച്ചയിലും കണ്ണകിയിലും കാക്കപ്പാടിനിയിലു മെല്ലാം പൂത്തുലഞ്ഞുകിടന്നിരുന്നു. 1918 -19ൽ ഉമാനെഹ്റു, രാമേശ്വരി നെഹ്റു, രൂപ്കുമാരി നെഹ്റു ,കമലാ നെഹ്റു മുതലായവരുടെ സ്ത്രീദർപ്പണെന്ന മാസി കയിൽ , പറയുന്നു:- നമ്മുടെ ഇല്ലായ്മകളേയും പരിമിതികളേയും കുറിച്ചുമാത്രം ആവലാതിപ്പെട്ടു കൊണ്ടിരുന്നിട്ടു കാര്യമില്ല. നമ്മിൽനിർല്ലീനമായ ശക്തികളെ അറിയുക. അവയെ വികസിപ്പിക്കാൻ ശ്രമിക്കുക. **Self respect** ഇല്ലാത്ത സമൂഹ ത്തിന് സ്വാതന്ത്ര്യം സാദ്ധ്യമല്ല. **Self respect** ലഭിക്കാൻ സ്ത്രീപരുഷന്മാർക്ക് സ്വന്തം കഴിവുകളുടെ സമ്പൂർണ്ണവികാസം സാധിക്കണം. അതിന്നുള്ള സാഹചര്യങ്ങളി ല്ലാത്ത സമൂഹങ്ങൾക്ക് -സ്ത്രീ കൾ, ആദിവാസികൾ,പിന്നോക്കക്കാർ, നിർദ്ധന രായ മുന്നോക്ക സമുദായക്കാർ- മുഴുവൻ അതിന്നുള്ള സാഹചര്യങ്ങളുണ്ടാക്കി ക്കൊടുക്കേണ്ടതുണ്ട്. ഇത് ഗവർമ്മേണ്ടിന്റെ മാത്രം കടമയല്ല. നമ്മുടെ ഓരോരു ത്തരുടേയും കടമയാണ്. ഒരുമയോടെ,ലക്ഷ്യബോധത്തോടെ ,അവനവന്റെ കർമ്മ രംഗങ്ങളിൽ ആത്മാർത്ഥതയോടെ നാമെല്ലാവരും പ്രയത്നിച്ചാൽ ഇതു സാദ്ധ്യമാ വും. സാദ്ധ്യമാക്കണം. ജാതിമതങ്ങളുടേയും സമുദായങ്ങളുടേയും സ്ത്രീപുരുഷ ഭേദത്തിന്റേയും രാഷ്ട്രീയക്കക്ഷികളുടേയും മറ്റു പലതിന്റേയും പേരിൽ വഴക്ക ടിച്ച് നാം ചിന്നിച്ചിതറിക്കൊണ്ടിരിക്കുന്ന ഊർജ്ജം ഈ വഴിക്ക് തിരിച്ചുവിടുക എന്നതാണ് ഒരേ ഒരു പോംവഴി

വളരെ കുറച്ചുമാത്രമാണ് എനിക്ക് ചെയ്യാൻകഴിഞ്ഞിട്ടുള്ളതെങ്കിലും , അണ്ണാർക്ക ണ്ണന്റെ സഹായവും ശ്രീരാമന് സേതുബന്ധിക്കാനുള്ള സഹായം തന്നെയായിരു ന്നുവല്ലോ എന്ന് സമാശ്വസിക്കുന്നു. അതിനാലാവാം ഭഗവദ്ഗീതയുടെ അടിസ്ഥാന ത്തിലുള്ള മാനേജ്മെന്റ് ബ്ലഡ്ബാങ്കിലെ അഡ്മിനിസ്ട്രേഷനിൽ പ്രയോഗിക്കാനും അതിൽ 100 ശതമാനം തന്നെ വിജയം വരിക്കാനും എനിക്കു കഴിഞ്ഞതിനെ കെല്പറ്റതെങ്കിലും എൻകൈയ്യിന്റെ ചെറിയ ഒരു സംഭാവനയായി എനിക്കു കരുതാനാവുന്നതും.

ഗവേഷക,ശാസ്ത്രജ്ഞ,സാഹിത്യകാരി, സാമൂഹ്യപ്രതിബദ്ധതയുള്ള പൌര, മുതലായ മേഖലകളിലുണ്ടായിട്ടുള്ള പ്രതിബ ന്ധങ്ങളെ അതിജീവിച്ച് പ്രയത്ന ശീലം കൊണ്ടും ഇഛാശക്തികൊണ്ടും ജീവിതം മുന്നോട്ടുകൊണ്ടുപോകാനായി എന്നതിലാണ് എന്റെ ചാരിതാർത്ഥ്യം. സാമ്പത്തികഭദ്രതക്കും സ്റ്റാറ്റസ്സിനും

സുഖലോലുപതക്കും ഭൌതികതൃഷ്ണകൾക്കും അമിതപ്രാധാന്യം കൊടുക്കുന്ന ഇന്നത്തെ മനുഷ്യർ , മൂല്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാതെ പോകുന്നു. അത്തരമൊരു സാഹചര്യത്തിലേക്ക് വീണുപോകാതെ , ഭൌതികശാസ്ത്രരംഗത്ത് പ്രവർത്തിക്കാനായതും മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തെക്കുറിച്ച് ഒട്ടേറെ ചിന്തിക്കാനും എഴുതാനും കഴിഞ്ഞതും ഭഗവദ്ഗീതയിലെ കർമ്മയോഗം കൊണ്ടു തന്നെയാണ്.വസ്ത്രത്തിലോ ഭാഷയിലോ നാം ജീവിച്ചിരിക്കുന്ന വർത്തമാനകാലത്തിലോ അല്ല, നമ്മുടെ മാനസികാവസ്ഥയിലാണ് ആധുനികത ഇരിക്കുന്നത്. നാം ചിന്തിക്കുന്ന വിധം, പ്രവർത്തിക്കുന്ന വിധം, സംസാരിക്കുന്ന വാക്കുകളുടെ അർത്ഥം-ഇവയിൽനിന്നാണ് നമ്മുടെ ആത്മോർജ്ജത്തെ അറിയുന്നത്. എന്റെ ചിന്ത എന്താണോ അതേ എന്റെ നാവി ലും തൂലികത്തുമ്പിലും നിന്ന് പുറപ്പെടുകയുള്ളു. എന്റെ ലക്ഷ്യമെന്ത്.അതിനു ഞാൻ സ്വീകരിച്ച മാർഗ്ഗമെന്ത്. ഇതു രണ്ടും അറിഞ്ഞാലേ എന്റെ ആത്മാംശം ഗ്രഹിക്കാനാവൂ. കൃഷ്ണൻ പറഞ്ഞത്:-

കീർത്തിശ്രീർവാക് ച നാരീണാം

സ്മൃതിർമേധാ ധൃതിക്ഷമാ

എന്നാണ്. ധർമ്മിഷ്ഠയെന്ന കീർത്തിയാണ് സുന്ദരിയെന്നോ പണക്കാരിയെന്നോ ഉള്ള കീർത്തിയല്ല വേണ്ടത്. വിദ്യയോടും വിനയത്തോടും കൂടിയ ശാസ്ത്രോചിതമായ വാക്ക് , ആ വാക്ക് കൊണ്ടുവരുന്ന ശ്രീത്വം,ഇവ ലക്ഷ്മിയുടെയും സരസ്വതിയുടെയും സമന്വയമാണ്. അതൊടൊപ്പം സ്മൃതി അഥവാ ഓർമ്മശക്തി വേണം. ഈ ജന്മത്തിലെ കർമ്മങ്ങൾക്കാവശ്യമായ ഓർമ്മമാത്രം പോര, യഥാർത്ഥത്തിൽ ഞാനാരാണ് -ആത്മാവോ ശരീരമോ- എന്ന ഓർമ്മകൂടി ഉണ്ടാവണം. ഞാനൊരു സ്ത്രീശരീരമാണ്,പുരുഷശരീരമാണ് എന്ന് തെറ്റിദ്ധരിക്കുന്നതാണ് പ്രശ്നങ്ങളുടെ കാരണം. ശരീരം വെറും വസ്ത്രം മാത്രമാണ്. ലിംഗഭേദമില്ലാത്ത ആത്മാവാണ് ഞാനെന്നത് സദാ ബോദ്ധ്യമുണ്ടായാൽ, ആവലാതികൾക്കിടമില്ല. മേധ,ബുദ്ധി, ധാരണാശക്തി ഇവ ആത്മാവിന്റെ ഗുണങ്ങളാണ്. അവയുള്ളതുകൊണ്ടാണ് സ്മൃതിയും വിദ്യയോടു ചേർന്ന വാക്കും ലഭിക്കുന്നത്. കർമ്മകുശലതയും ക്ഷമയും അലങ്കാരങ്ങളാണ്. മഹാഭാരതത്തിൽ കുന്തി ദ്രൌപദിയോടു പറയുന്നു: സ്ത്രീയുടെ പാത പൂവിരിച്ചതാണ് .പക്ഷേ,അവ വിരിക്കപ്പെടുന്നത് അവൾ കടന്നുപോന്ന പാതയിലാണ്.

ഇതാണ് എനിക്കും അനുഭവം. ഇതിനു സമാനമായ ചില വരികളുണ്ട് എന്റെ ഗുരു നാലപ്പാട്ട് നാരായണമേനോന്റെ കവിതയിൽ.

എൻചുടുചോരപേർത്തിറ്റിറ്റുവീണൊരാ

സഞ്ചാരമാർഗ്ഗത്തെ സംസ്മരിക്കേ

ഓരോ കരിങ്കൽനുറുങ്ങുമെൻകാലുകൾ-

ക്കോരോ മഹേശ്വരലിംഗമായി

പുല്ലിൻകൊടികളോരോന്നുമെന്നുള്ളിലാ-

ക്കല്യാണകൃഷ്ണന്റെ മെയ് വടിവായ്.

പരീക്ഷണങ്ങളും സുഖദുഃഖങ്ങളും നിറഞ്ഞ സഞ്ചാരമാർഗ്ഗ ത്തിലൂടെ ബഹുദൂരം സഞ്ചരിച്ച് ,വാർദ്ധക്യത്തിലെത്തിയ എനിക്കും തിരിഞ്ഞുനോക്കുമ്പോൾ പറയാനുള്ളത് ആ ഗുരുവാക്യങ്ങൾ തന്നെയാണ്.

പറഞ്ഞുകേട്ടും ചിന്തിച്ചും വായിച്ചും പഠിച്ചും നേടിയ അറിവോട് നിഷ്കാമകർമ്മത്തിലുള്ള കുശലതയും, സ്വാനുഭവമാകുന്ന വിജ്ഞാനവും കൂടി ചേരണം. ഏതൊന്നറിഞ്ഞാലാണോ ഇവിടെ മറ്റൊന്നും അറിയാൻബാക്കിയില്ലാതാവുന്നത്, ആ ബ്രഹ്മജ്ഞാനത്തിലുള്ള ജിജ്ഞാസ ,ബൌദ്ധികമായ അന്വേഷണം എന്നിവയുടെ പരിണതഫലമായി, ബ്രഹ്മാനുഭവം(ബ്രഹ്മാനുഭൂതി) ഉണ്ടാവുന്നതാണ് മനുഷ്യനെ കൃതകൃത്യനാക്കുന്നത്.

ജ്ഞാനം തേഹം സവിജ്ഞാന-

മിദം വക്ഷ്യാമ്യശേഷതഃ

യജ്ഞാത്വാ നേഹഭൂയോ അന്യത്

ജ്ഞാതവ്യമവശിഷ്യതേ (അ 7. 2)

മനുഷ്യാണാം സഹസ്രേഷു

കശ്ചിദ്യതതി സിദ്ധയേ

യതതാമപി സിദ്ധാനാം

കശ്ചിന്മാം വേത്തി തത്ത്വതഃ(7.3)

ഗ്രന്ഥങ്ങൾ പഠിക്കാനും അറിയാനും അവസരം ലഭിച്ചവരും കൂടി ,സ്വാനുഭൂതി ലഭിക്കാതെ ശുഷ്കപണ്ഡിതരായി അലയുകയാണ്. അങ്ങനെയിരിക്കെ ശാസ്ത്രമീമാംസയോടൊപ്പം കലാഭിരുചിയും രസനയും , ജ്ഞാനയോഗത്തോടൊപ്പം ഭക്തിയോഗവും അല്പമെങ്കിലും സ്വധർമ്മം ആചരിക്കാനുള്ള അവസരവും വളരെ അപൂർവ്വമായി മാത്രം ഈശ്വരകടാക്ഷം കൊണ്ടും പൂർവ്വജന്മപുണ്യം കൊണ്ടും ലഭിച്ചതാണെന്ന് ഞാനറിയുന്നുണ്ട്. അക്കാരണം കൊണ്ടുതന്നെ ആവലാതികളോ പരിഭവങ്ങളോ ഇല്ല. എന്നെ ഞാനാക്കിയ ഓരോ സുഖാനുഭവത്തിനും നന്ദി,

ഓരോ ദുഃഖാനുഭവത്തിനും നന്ദി. അവയിലൊക്കെ ഞാനെന്നും ഈശ്വരഹസ്തം മാത്രം കാണുന്നു. ശ്രീകൃഷ്ണഗീതം മാത്രം കേൾക്കുന്നു. ഇത് എന്റെ ജീവിതഗീത, എന്റെ പാഥേയം.

2. ബാലാമണിയമ്മയുടെ ആസ്തിക്യബോധം

- **ആസ്തികം, നാസ്തികം**

സർവ്വൈശ്വര്യങ്ങളും നിറഞ്ഞ ഈ പ്രപഞ്ചത്തിനും ഉപരിയായി ഒരു പരമസത്ത (സത്യം)അഥവാ ഉണ്മ ഉണ്ടോ ഇല്ലയോ. ഐശ്വരമായ ആ സത്യത്തെ അഥവാ ഈശ്വരനെ ഉണ്ട്(അസ്തി)എന്ന് അംഗീകരിക്കുന്നവരെ ആസ്തി കരെന്നു പറയുന്നു. കണ്ണുകൊണ്ടു കാണാനാവാത്ത അങ്ങനെയൊരു സത്യം ഇല്ല, (നാസ്തി) എന്ന് പറയുന്നവരെ നാസ്തികരെന്നും. നാസ്തികർക്ക് താൻ ഇന്ദ്രിയങ്ങളെക്കൊണ്ട് അനുഭവിക്കുന്നതും കാണുന്നതുമായ പ്രപഞ്ചത്തിനപ്പുറം ഒരു സത്യം ഇല്ല. ആസ്തികർക്ക് ഈ ദൃശ്യാനുഭവപ്രപഞ്ചത്തിനപ്പുറം അദൃശ്യമെങ്കിലും അനുഭവവേദ്യമായ ഒരു പരമ ശക്തി സത്യമായി നിൽക്കുന്നുണ്ട്. ആ ശക്തിയെ പലരും പല പേർ ചൊല്ലി വിളിക്കാമെങ്കിലും ശക്തി ഒന്നുതന്നെ യാണ്. (ഏകം സത് വിപ്രാ ബഹുധാ വദന്തി). ഓരോരുത്തരും തന്റെ ഈശ്വരന് ഇഷ്ടമുള്ള രൂപവും നാമവും കൊടു ക്കുന്നു, ആ നാമരൂപങ്ങളോടുകൂടിയ തന്റെ ഇഷ്ടദേവതയെ നിഷ്ഠാപൂർവ്വം ധ്യാനിച്ച് എല്ലാ നാമത്തിലും രൂപത്തിലും ഇരിക്കുന്ന ശക്തി (സത്ത)ഒന്നാണെന്ന് തിരിച്ചറിയുമ്പോളാണ് അദ്വൈതചിന്ത ഉരുവെടുക്കുന്നത്. ഇഷ്ടദേവതാനിഷ്ഠ, ധ്യാനം, ധാരണ,സമാധിഅനുഭവം ,നാമരൂപമില്ലാത്ത നിർഗുണപരബ്രഹ്മാനുഭൂതി , മനസാ വാചാ കർമ്മണാ അദ്വൈതം പാലിക്കു ന്ന ജീവിതചര്യ- ഇതാണ് ക്രമം. സഗുണേശ്വരചൈതന്യത്തെ ഇഷ്ടദേവതയാ യി ധ്യാനിച്ച് വളരെ കാലം കഴിഞ്ഞേ മനുഷ്യാത്മാവിന് നിർഗ്ഗുണപര ബ്രഹ്മസാക്ഷാത്കാരം സാധിക്കുന്നുള്ളു. അതുകൊണ്ടുതന്നെ കർമ്മസിദ്ധാന്ത വും കർമ്മാനുഭവപൂർത്തിക്കുവേണ്ടി പലജന്മം സ്വീകരിക്കേണ്ടിവരിക എന്ന പുനർജന്മവിശ്വാസവും ആസ്തികരിലേ ഉള്ളു. നാസ്തികരുടെ സിദ്ധാന്തം ഇന്ത്യയിലെ ചാർവ്വാകസിദ്ധാന്തമാണ്. ഹ്രസ്വമായ ഈ ജീവിതത്തിൽ, കഴിയു ന്നത്ര സുഖാനുഭവം നേടാനായി എന്തു കർമ്മം ചെയ്യാനും-അത് അധർമ്മമാ യാലും- മടിക്കേണ്ടതില്ല എന്ന ചാർവ്വാകദർശനം എല്ലാ വിധ ചൂഷണങ്ങ ൾക്കും ഭൂമാതാവിനെ പ്രയോജനപ്പെടുത്തുന്നു. കടമെടുത്തായാലും ഘൃതം കുടിക്കണമെന്ന നാസ്തികസിദ്ധാന്തം ആഡംബരങ്ങൾക്കും നാവിന്റേയും മറ്റ് ഇന്ദ്രിയങ്ങളുടേയും തൃപ്തിക്കുമായി എന്തും ചെയ്യാമെന്ന വഴിയാണ്

സ്വീകരിച്ചത്. ഈ നിർവ്വചനം മനസ്സിലാക്കിയാൽ ബാലാമണിയമ്മ തികച്ചും ആസ്തികയാണെന്ന് മനസ്സിലാവും. അവരുടെ കവിതകളെല്ലാം തന്നെ ആസ്തി ക്യബോധമുള്ള ഒരാളുടെ കവിതകളാണ്. ഇഷ്ടദേവതകളായിട്ട് ബാലാമണിയ മ്മക്ക് രണ്ടുപേരുണ്ട്. ദേവിയും വിഷ്ണുവും . പരമമായ അദ്വൈതചിന്ത യും പ്രകൃതിയെത്തന്നെ ഈശ്വരനായി കാണുന്ന,സർവ്വത്തിലും ബ്രഹ്മം തന്നെ സാക്ഷാത്കരിച്ച സർവ്വേശ്വരഭാവവും ഒന്നാണ്. ആ മഹത്തായ അനുഭൂതി ബാലാമണിയമ്മക്കവിതകളുടെ മുഖമുദ്രയാണ്. ഗാർഹസ്ഥ്യത്തിലിരുന്നുതന്നെ സന്യാസവും സാധിക്കുമെന്ന് ഗുരുവായ നാലപ്പാട്ടിനെപ്പോലെ ബാലാമണിയ മ്മയും തെളിയിച്ചിട്ടുണ്ട്. ഋഷിമാരെല്ലാം ഗൃഹസ്ഥരായിരുന്നുവല്ലോ.

- **ഇഷ്ടദേവതാനിഷ്ഠ—ദേവീഭാവതന്മയത**

ഏഴരവെളുപ്പിനു ഞാനുണരുമ്പോളമ്മേ, നീയിളംനീലപ്പട്ടാൽപുതച്ചു മയങ്ങുമ്പോൾ,
നിൻനെഞ്ചിലൂറുന്നാർദ്രമാധുര്യം നുണയുന്നേൻനിൻവേഗനിമിഷങ്ങൾ തന്നഴകറിയുന്നേൻ. ശിരസ്സിലേൽപ്പേൻ
ശാന്തിഗന്ധിയാം നിന്നുച്ഛ്വാസം തിരച്ചാർത്തൊഴിഞ്ഞതാം
ആഴിയെയോർമ്മിക്കുന്നേൻ...

ബ്രാഹ്മമുഹൂർത്തത്തിലുണർന്നു കുളിച്ച് , സൂര്യനെ നോക്കി ലളിതാസഹ സ്രനാമം പാടുന്ന വലിയമ്മയെ കുറിച്ച് എനിക്കു പറയാനുള്ളതും വലിയമ്മ എഴുതിയ ഈ വരികളാണ്. ബാലാമണിയമ്മ പാകം ചെയ്ത ത്രിമധുരം സ്വജീവിതത്തിലും സാഹിത്യജീവിതത്തിലും ഒരുപോലെ നൊട്ടിനുണയാനുള്ള ഭാഗ്യം കിട്ടിയ ഈ മാനസപുത്രി അവരുടെ തൃക്കാൽക്കൽ ചാർത്തുന്ന വാക്കുകളുടെ വനമാലയാണിത്. തന്റെ ഗുരുവായ നാലപ്പാട്ടിനെപ്പോലെ നക്ഷത്രലോകങ്ങൾക്കപ്പുറത്തേക്ക് ഉൾക്കാഴ്ചയുള്ള കവിയാണ് ബാലാമ ണിയമ്മ. ആ ഉന്നതലോകങ്ങളിൽ സഞ്ചരിക്കുമ്പോൾ അവിടെ വിളഞ്ഞു നിന്ന സദ്വാസനകളുടെ ഉതിർമണികൾ അവർ നമുക്കായി ശേഖരിച്ചു. അവയിൽ സ്വാനുഭൂതിയുടെ മധുരഫലങ്ങൾ മുറിച്ചിട്ടു. വാത്സല്യത്തിന്റെ മധുരം ചേർ.ത്തു. സ്വന്തം ഹൃദയത്തിന്റെ ഊഷ്മളതയുടെ ചൂടടുപ്പിൽ പാകംചെ യ്ത പുത്തരി നിവേദ്യത്തിന്റെ ത്രിമധുരം സ്വന്തം ശരീരത്തിൽനിന്നു പുറ ത്തുവന്ന മക്കൾക്കു മാത്രമായല്ല ,ഇന്നു ജീവിച്ചിരിക്കുന്നവരും ഇനി പിറക്കാ നിരിക്കുന്നവരുമായ അനേകം വായനക്കാരായ മാനസപുത്രർക്കുവേണ്ടിയാണ് അവർ ഒരുക്കിവെച്ചത്. ഈ കാവ്യനൈവേദ്യത്തിന്റെ ത്രിമധുരം രുചിച്ച ഞാനെത്ര ഭാഗ്യവതി.

ഒരിക്കൽ കുലദേവത വാഴുന്ന കോവിലിലും അടുക്കളയിലും തലകുനി ച്ചുനിന്ന് നെയ്ത്തിരി കത്തിച്ച് ഇരുട്ടകറ്റിയ അതേ കുടുംബിനി വിദ്യുദ്ദീപം തെളിച്ച് ഗൃഹത്തിലും ഇടവഴികളിലും പണി ശാലകളിലും വെളിച്ചം പരത്തുന്നു. ഓരോ കുടുംബിനിയിലുമുള്ള ദേവീഭാവം ബാലാമണിയമ്മ തിരിച്ചറിയുന്നു. ജീവിതത്തിന്റെ സഹസ്രാരപത്മത്തിനു താഴെ നിഗൂഢതയിൽ സ്പന്ദിക്കുന്ന സർഗ്ഗക്രിയാമർമ്മരം നഗരത്തിലും ഗ്രാമത്തിലും ബാലാമണിയമ്മയെ പ്രശാന്തചിത്തയാക്കുന്നു. അപ്പോഴെല്ലാം അവരിൽ അലൌകികമായ ദേവീഭാവം ഉയിര്ക്കൊള്ളുന്നു.

പിൻനിലാവൊഴുകുന്ന ജീവിതപ്പുലരിമുതൽ ഇന്നോളം തനിക്കു ഉണർവ്വേകുന്ന ചിദാത്മികയുടെ മൃദുസ്പർശത്തെ കവി എപ്പോഴും ഓർക്കുന്നു. മൃത്യുവിന്റെ ഇരുൾ പരക്കുമ്പോളും അവൾ അമ്മയെപ്പോലെ അന്തിത്തിരി കത്തിക്കാനും നക്ഷത്രം ഉജ്വലിപ്പിക്കാനും തന്റെ അടുത്തുണ്ടാകുമെന്ന് കവിക്കറിയാം. (വെയിലാറുമ്പോൾ).

വാസരാന്തത്തിൽ ജ്യോതിർല്ലോകങ്ങൾ തുറക്കുമ്പോൾ
വായുമണ്ഡലം പട്ടുമെത്തകൾ നിവർത്തുമ്പോൾ
ശ്രാന്തരാം മധുപങ്ങൾ പോയ്മറയുമ്പോൾ,സുവി-
ശ്രാന്തിതൻഗീതംചൂഴെപ്പൊങ്ങുന്നു,സോഹം,സോഹം.

എന്നിരുന്നാലും, വയൽവക്കത്ത് കണ്ണിനെ മറയ്ക്കാൻഊക്കൻഎടുപ്പുകളില്ലാതെ, വിശ്വസർഗ്ഗത്തിന്റെ വിതപ്പാട്ടു പാടിയ മഹസ്സുകൾ പോറ്റുന്ന വിശാലത നിവർന്നുകിടക്കുന്ന ഗ്രാമത്തിലാണ് അർക്കനാളങ്ങൾപോലെ വിണ്ണിന്റെ കൈവിരലുകൾ ബാലാമണിയമ്മയിലേക്ക് നീളുന്നത്. സമൃദ്ധി മുളക്കുന്നതും മൂത്തുകായ്ക്കുന്നതും ആർദ്രതയിലാണെന്ന സത്യമന്ത്രം നെല്ലുകൾ മൂളിപ്പറിപ്പിച്ചതും അവിടെവെച്ചാണ്. അരിവാളെടുത്ത്, സ്വന്തം തല കൊയ്യുന്നവർക്ക് ഭാഗ്യസൂക്തം മന്ത്രിക്കുന്ന പുന്നെൽക്കതിരുകളാണ് ബാലാമണിയമ്മയുടെ ശങ്കരാചാര്യന്മാർ. അത്തരം പുന്നെൽക്കതിരുകളെ പ്രസവിക്കാനും പോറ്റിവളർത്താനുമുള്ള അർഹത നേടലാണ് മനുഷ്യന്റെ ശ്രേഷ്ഠത. ശ്രേഷ്ഠപുത്രനെ വളർത്താൻ അർഹത നേടേണ്ട മാതാവിനെപ്പോലെ ധന്യനാണ് കൃഷിക്കാരനെന്ന് അവർ കരുതുന്നു. ഭൂമിയുടെ താലമായ വയലിൽ ആദ്യമായി ഒരു കൃഷിക്കാരനോ കൃഷിക്കാരിയോ തൂവെയിലാറ്റിക്കുറുക്കിയെടുത്ത നാളു മുതലാണ് ആദിവനങ്ങളിൽ മൃഗഹിംസ ചെയ്തുനടന്ന കാപാലികർ ആയുധം വെച്ച് അഹിംസ സ്വീകരിച്ചത്. കാടിൽനിന്ന് ഗ്രാമത്തിലേക്ക് സംസ്കൃതിയെ പറിച്ചുനട്ടതും കൃഷിതന്നെ. ചന്ദ്രനിലോളം ഉയർന്നാലും സംസ്യതി വാടാതെ നിൽക്കുന്നത് ഈ നിറംകെട്ട മണ്ണിൽ അകിഞ്ചനനായ കർഷകൻ ഇന്നും തുടരുന്നസാത്വികയജ്ഞത്തിൽ വേരോടിമാത്രമാണ്. അന്നമില്ലാതെ ജീവനെവിടെ.

ജീവനില്ലാതെ സംസ്യതിയെവിടെ എന്ന് ഈ പുതിയ ഋഷികവിയും ചോദിക്കുന്നു.

നിത്യതയുടെ വക്കിൽ തൂങ്ങുമ്പോൾ കവിയുടെ ബോധമണ്ഡലം അറിയുന്നു.

ഒരു പൈങ്കിളിപ്പാട്ടോ പച്ചിലപ്പടർപ്പിന്റെ നിറമോ പുതുനെല്ലിൻ മണമോ തേനിൻസ്വാദോ
അരിമക്കുഞ്ഞിൻസുഖസ്പർശമോ കൂടാതെയുമൊരു
വാഴ്വുണ്ടാകാമെന്നെങ്ങനെയോർക്കാനാവും

വിശ്രുതതേജോലോകജീവിതങ്ങളിലും പുനർജന്മസൽക്കഥകളിലും കവിഭാവന രമിക്കുന്നു. മനഷ്യൻ കത്തിച്ചുവെച്ച ബോധദീപം ജഗത്സർഗ്ഗത്തിൽ കാലദേശങ്ങൾ കടന്ന് തന്റെ തിരിവട്ടം പകർത്തുന്നു. എന്നാലും തന്റെ കാലദേശങ്ങളുടെ ഇത്തിരിവട്ടത്തിനകത്തിരുന്നു വേണമല്ലോ ഏതു മനുഷ്യനും ഒരു ബോധചൈതന്യത്തിരി കൊളുത്താൻ. തൃഷ്ണയോടെ മോന്താൻ കാത്തുനിൽക്കുന്ന പുത്തൻതലമുറകൾക്ക് ബാലാമണിയമ്മക്കവിത കാമധേനുവാണ്. വിശ്വപ്രേമമിറ്റുന്ന അകിടുമായി മാനവാത്മാവിൽ വിശന്നുനിൽക്കുന്ന കാമധേനു. ആ പാൽ കോരിയെടുത്തു കുടിച്ചിട്ടും മക്കൾ പരസ്പരം കലഹിക്കുന്നതു കാണുമ്പോൾ അമ്മയുടെ അകിടുവരണ്ടുപോകുന്നു.

മാനവാത്മാവിലിരുട്ടിലെങ്ങോ,കാമധേനുവുറങ്ങി വരളുന്നകിടുമായ്.

പുന്നയൂർക്കുളത്തുനിന്ന് ഒരു രാധ

ദീപായുതപ്പൊന്നിലപ്പടർപ്പിന്നകം ഗോപാലകൃഷ്ണൻ കളിക്കുന്ന കോവിലും
സന്ധ്യക്കുകൈത്തിരിവെച്ചതിൽകൺനട്ടു സർപ്പങ്ങളാടുന്ന ചിത്രകൂടങ്ങളും
കെട്ടതിരികൾതൻപാടുകളത്രയും ഒട്ടിനിൽക്കും നാലുകെട്ടിൻതറകളും

കേരളീയഭവനങ്ങൾ ആവണിപ്പലകയും അഷ്ടമംഗല്യവും ദശപുഷ്പവുമായി ശ്രീഭഗവതിയെ എതിരേൽക്കാൻ ഒരുങ്ങി നിന്ന ഒരു കർക്കിടകമാസത്തിലെ ആയില്യം നാളിൽ , ചിഛക്തികേന്ദ്രമായ ഒരു മകളുടെ വരവിൽ ഗോവിന്ദപുരത്തെ വിഷ്ണുവും നാലപ്പാട്ടെ പാമ്പിൻകാവിലെ സർപ്പങ്ങളും ചിത്രകൂടങ്ങളും നാലുകെട്ടും ആനന്ദിച്ചു. ലക്ഷ്മി എന്നു പേരിട്ട് , ബാല എന്നു വിളിച്ച് ,ബാലാമണിയമ്മ എന്നറിയപ്പെട്ട ഒരു രാധയുടെ. ചിഛക്തികേന്ദ്രമായ ഈ മകൾ വളരുമ്പോൾ വീണ്ടും വീണ്ടും വിസ്തൃതി കൈവരിക്കുന്ന ദീപ്തിഗോളങ്ങളേയും കർമ്മവല വീശി തന്റേതാക്കുമെന്ന് കണക്കു കൂട്ടിയ പ്രകൃതി അന്നൊരുണർത്തുപാട്ട് പാടിയിരിക്കാം

ചിക്കെന്നുണർന്നാലും ചിക്കെന്നുണർന്നാലും ചിഛക്തികേന്ദ്രമാമെൻമകളേ

(ഉണർത്തുപാട്ട്)
പഴയ പുന്നയൂർക്കുളത്തിന്റെ മക്കൾ എങ്ങനെയുള്ളവരായിരുന്നു.
ദൈവവിശ്വാസത്തിലാമഗ്നരാകയാൽ ജീവിതത്തിന്റെ കനമറിയാത്തവർ,
ആവശ്യമേറെച്ചുരുങ്ങിയതാകയാൽആരോടുമത്യന്തമൌദാര്യമാർന്നവർ,
കാലവുംദേശവും തൻപാട്ടിലാമെന്നു കാണായ്കയാൽസുഖിക്കാനിട കിട്ടിയോർ.
അവരിലൊരാളായിട്ടാണ് അമ്മ വളർന്നത്. പിന്നെ നാടിന് മാറ്റം വന്നു. ആവശ്യങ്ങളധികരിച്ചതുകൊണ്ട് ആരോടും ഔദാര്യം കാണിക്കാനാത്തവരും ദുഃഖംകൊണ്ട് ജീവിതത്തിനു കനംകൂടിയവരും ആയി ജനത. പട്ടണത്തിന്റെ പിടച്ചിലും പാച്ചിലും തന്റെ നാടിനേയും ബാധിക്കുന്നത് കണ്ടിട്ടും ബാലാ മണിയമ്മ നിരാശപ്പെട്ടില്ല. വളർച്ചയിലുള്ള അഭിമാനം പങ്കുവെച്ചതേ ഉള്ളു. ഊടുവഴിവക്കിലും ടാറിട്ടനിരത്തിലും ജനങ്ങൾ നീങ്ങുന്നതിനു സാക്ഷിയായി ,ഗോവിന്ദപുരത്തെ കിഴക്കേ നടയിൽ, ഓരോ ഇളംതളിരിനും ഇറങ്ങിവരാനായി തോളുകുനിച്ച് നിൽക്കുന്ന ആലിൽ, പോയപൊൻനാളുകളിൽ നുകർന്ന അതേ നിർവൃതി ഇപ്പോളും നുകരാനാവുന്നു. കേറിക്കൂടിമുറുകുന്ന ശീവേലി മേളങ്ങളിൽ പ്രപഞ്ചത്തെ സൃഷ്ടിച്ചുവളർത്തിയെടുത്ത ഭാവന(വിഷ്ണു) എഴുന്നള്ളുന്ന ഗരുഡത്തേരിന്റെ ചിറകൊച്ച , ചീറുന്ന കാറുപായുന്ന തെരുവിലും ചില്ലിട്ട ഷോപ്പുകളിലും ഇപ്പോഴും ഈ രാധ കേൾക്കുന്നു. ചുറ്റുപാടുകളിലെ മാറ്റം ഈ രാധയെ പരിഭ്രമിപ്പിക്കുന്നില്ല. ക്ഷോഭിപ്പിക്കുന്നുമില്ല. (അമ്പലത്തിൽ- 1966)ശ്രേയസ്സും പ്രേയസ്സും പന്തടിക്കുന്ന മുറ്റങ്ങളിൽ ഭാവിയിലെ വിശ്വപൌരന്മാരെ സൃഷ്ടിക്കുന്ന പ്രപഞ്ചമാതാവായി (ആശിസ്സ്)എന്നും ഈ രാധ അനുഗ്രഹം ചൊരിയുന്നു. നഗരമായാലും ഗ്രാമമായാലും ഉള്ളിൽ പ്രശാന്തിയുള്ള രാധക്ക് ഒരുപോലെയാണ്. അവരുടെ തിരുവരുൾ എവിടെയും മുഴങ്ങിക്കേൾക്കുന്നത് ഭഗവാന്റെ തിരുവരുളായാണ്.
മാർഗ്ഗം തെറ്റിയ ഗോവിനായല്ലോ മേയ്ക്കും ഞാൻ കുഴലൂതുന്നതെന്നും.
വഴിതെറ്റിപ്പോയ കന്നുകുട്ടികളെ ധാർമ്മികരോഷം പൂണ്ട് നിന്ദിക്കുന്ന പണ്ഡിതരും , ആ തെറ്റായ വഴിയാണ് ശരിയെന്നു വാദിച്ച് അതിന്റെ പിന്നാലെ പോകുന്ന ആസ്വാദകരും ഒരുനിമിഷം കണ്ണന്റെ ഈ തിരുവരുളിന് ചെവിയോർക്കണം. നോവിച്ചെൻ നെഞ്ചിൽ മർത്യനേൽപ്പിച്ച ശ്രീവത്സമെന്ന് ഓരോ ചവിട്ടിനേയും ഓരോ നിർഭാഗ്യത്തേയും ഓരോ പാവപ്പെട്ടവനേയും മാറോടണച്ചുപുൽകുന്ന സർഗ്ഗാത്മാവിന്റെ സൌമ്യസന്ദേശം അതിൽ കേൾക്കാനാവും.

ഇരുൾനീക്കിയവബോധമലിയിച്ച തീർത്ഥമാണിതുനോക്കു എന്ന് ഉരുവിടുന്ന കണ്ണന്റെ കുഴലൊച്ച വഴികാണാക്കാടുകൾപിന്നിട്ട് നേർത്ത് രാധയിലെത്തുന്നു. ഗിരിയുടെ കൂപ്പുകൈ ഉയരുന്നിടത്തെല്ലാം ആ ചരണത്തുടുപ്പ് തെളിയുന്നു. ഒളിവീശി ഉലയുന്ന അവന്റെ പട്ടാടച്ചുളിവ് ആറ്റുവെള്ളത്തിലിഴയുന്നു.

ആ ജലം തൊട്ടുതലോടി ബാലാമണിയമ്മ അവന്റെ തിരുമെയ്യിന്റെ ചൂടറി യുന്നു. കൊടിയ കയങ്ങളുടെ മേലെ അലച്ചാർത്തിൽ ആ നാദം നടമാടി , ഉഴറാതെ യോരാതെയുൾക്കൊൾകീയാർദ്രമാമഴകിനെ എന്ന് മൊഴിയുന്നു. പാതിനിറച്ച് ഒക്കത്തുവെച്ച മൺകുടത്തിൽ തുള്ളുന്ന വെള്ളത്തിൽ അവന്റെ തൃക്കഴലൊച്ച തുടിക്കുന്നു. ചലനത്തിൽച്ചലനത്തിലാനന്ദം എന്ന് പലവട്ടം നെഞ്ചിൽ മന്ത്രിക്കുന്നു. ഏതാപത്തും ഏതു ദുർഘടമാർഗ്ഗവും അവൻ പിന്നിലുള്ളപ്പോൾ ഭദ്രമാണെന്ന് ബാലാമണിയമ്മ പറയുന്നു. ഉച്ചവെയിലിനു ചൂടുകൂടിയാലും ആ ഉഛ്വാസമേറ്റാൽ തളർച്ച അറിയുന്നില്ല. മൺകുടം ഉടഞ്ഞുചോരുന്ന ഓരോ നീർത്തുള്ളിയിലും അവന്റെ ദീപ്തവടിവുമാത്രം. ആ അനാദ്യന്തനാദം ,വരളില്ലിപ്പുഴയെന്നും സ്ഥിരമല്ലോ വീടെന്നും മൂളുന്ന വേണു ഗീതം, ഇതെവിടെനിന്നാണ്.... സ്വന്തം മൂർദ്ധാവിൽനിന്നോ ഉൾക്കാ മ്പിൽനിന്നോ. ബുദ്ധിയും ശരീരവും എല്ലാം നിരന്തരം അതേ നാദമുയർത്തു ന്നത് ഈ രാധയുടെ കവിതകളിൽ കാണുന്നു. രാധ സ്വയം കൃഷ്ണനായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഓരോ ആത്മാവും മായകൊണ്ടു മുഗ്ദ്ധമാണെങ്കിലും പുണ്യവാസനകളാൽ സുരക്ഷിതവുമാണ്. ഇത് ക്രാന്തദർശിയായ കൃഷ്ണനെന്ന തപസ്വിക്ക്അറി യാം. ആ തോഴനാണ്, മുറ്റത്തെ കണ്ണീർച്ചാലിന്റെ പിന്നിലെ മുൾവേലിക്ക പ്പുറത്തു വന്നു നിന്ന് നിന്റെ വാസനച്ചെപ്പല്ലാതെ മറ്റൊന്നും എടുക്കാതെ എന്റെ കൂടെ വരൂ എന്നു വിളിക്കുന്നത്. ആ വിളി വന്നാൽ താൻ മറ്റെല്ലാം ഉപേക്ഷിച്ച് കൂടെപ്പോയേ തീരൂ എന്ന് ഒരുനിമിഷംപോലും തപസ്വിനി രാധ മറക്കുന്നില്ല. അതുകൊണ്ടു തന്നെ സർഗ്ഗലീലതൻ പൊരുളറിയാക്കിടാങ്ങളിൽ, സത്യജ്ഞയായ അവർ ഒരിക്കലും ശാപമേൽപ്പിക്കുന്നുമില്ല. ഭൂമിയുടെ കിരാ തത്വം മുറിവേൽപ്പിച്ച ഓരോ ജീവാണു പേറുന്ന നോവും തന്റെ നെഞ്ചിൽ പിടക്കുമ്പോൾ,മനുഷ്യൻ ഉന്നതങ്ങളിലേക്ക് പറന്നുയരുന്ന മഹിമാവിനെക്കു റിച്ച് മാത്രമല്ല, അവന്റെ താണുപോകുന്ന ചിറകിനെക്കുറിച്ചും പാടാൻ അവരിലെ വാത്മീകിക്ക് സാധിക്കുന്നു.

അറിവൊട്ടുദിച്ച ബാല്യകാലത്ത് കോവിലിലെ ശിലയിൽ പതുങ്ങി ഒളിച്ചി രുന്ന കൃഷ്ണനെന്ന നിത്യകാമുകനുവേണ്ടി കിണറ്റിലെ തണ്ണീരും വളപ്പിലെ പൂവും ഈ രാധയും ശേഖരിച്ച് സൂക്ഷിച്ചുവെച്ചു. ഈ വഴി സഞ്ചരിക്കുന്ന ഓരോ പാന്ഥന്റെ കാൽവെപ്പിലും അവന്റെ സ്വരത്തിനായി കാതോർത്തു. അവന്നായി സുഗന്ധധൂപം കത്തിച്ചു. നിലവിളക്കിലെ തിരി നീട്ടി. എന്നാലൊ രിക്കലും തന്റെ ശരീരത്തെ നിവേദിച്ചില്ല. അവർ തന്റെ പ്രാണപ്രിയനു നിവേദിച്ച തിരുമധുരം മനസ്സും വാക്കും ക്രിയയുമാണ്.

അഹസ്സൊടുങ്ങവേ നിലാവൊഴുകുമെൻ അകത്തളത്തിൽ വന്നിരുന്ന നിൻമുന്നിൽ അനാദിപൂരുഷാ നിവേദിക്കട്ടെ ഞാൻ, മനോവചക്രിയാമധുരമീയന്നം.

വേദമന്ത്രം പോലെ പവിത്രമായി കവിത ആത്മാവിലേക്ക് കിനിഞ്ഞിറങ്ങുന്ന വരികൾ. കൂട്ടം തെറ്റിയ ഗോക്കളെ തന്നിലേക്ക് ആകർഷിക്കുന്ന മധുരഗാന നിർഝരി കവിയുടെ അകത്തളത്തിൽനിന്ന് നമ്മിലേക്കും ഒഴുകിയെത്തുന്നു. തലയിൽ ചവിട്ടുന്ന കാലിലീശനെക്കണ്ട ബലവദ്വിനയത്തിന്റെ സൌമ്യമൂർത്തിയാണ് ബാലാമണിയമ്മ. സൌമ്യമൂർത്തിയായ ഈ രാധ, അർച്ചനാദീപനാളംപോലെ ജ്വലിക്കുന്ന ശോഭനമുഹൂർത്തങ്ങളെ സ്വാത്മാവിൽ ദർശിച്ച് , അവയിൽ മുഗ്ദ്ധമായ ഉൾക്കണ്ണൂന്നി ധ്യാനിച്ചുനിൽക്കുമ്പോൾ, അവർക്കു മാത്രമല്ല,നമുക്കും ചുറ്റുമുള്ള മറ്റെല്ലാം പാഴ്നിഴലായി തോന്നുന്നു. വിശ്വഭിക്ഷക്കായി അന്തര്യാമി എത്തുന്ന നിമിഷങ്ങൾ എത്ര മൃദുലം. മനോഹരം... **എൻകമണ്ഡലുവിൽനിന്നൊഴുകും നീരത്രയും നിൻകയ്യിൽ വീണേ നിൽക്കൂ** എന്ന് ഈ തപസ്വിനി പാടുമ്പോൾ അന്തരീക്ഷത്തിൽ ഹവ്യസൌരഭം. അന്തരംഗത്തിൽ ദേവസംഗീതം. മന്നിന്റെ വാടാപ്പച്ചയുടെ മാറത്ത് ചേർന്നുകാണുന്ന കൊട്ടാരങ്ങൾ കുട്ടിക്കളിപ്പുരകൾ മാത്രം. മുന്നിൽ ത്രിലോകാഭിവ്യാപ്തവും നിത്യസുന്ദരവുമായ ഒരു നീലഗാത്രം മാത്രം. ഗർവ്വുകൊണ്ടുയരുന്ന ഓരോ ശിരസ്സിലും അവൻ കാൽവെക്കുന്ന അത്ഭുതദൃശ്യം.

നിൻകാൽവെപ്പുണർത്തുമീ സർഗ്ഗമണ്ഡലങ്ങളിൽ, തങ്കുന്നോരണു താനായെന്നെ ഞാനറിയാവൂ.

പകലോ രാവോ സ്പർശിക്കാത്ത നിത്യതയുടെ അഗാധത ചുറ്റും വികസ്വരമാകെ, അമ്മയുടെ മഹായജ്ഞവും സമ്പൂർണ്ണമാകുന്നു. ഇഷ്ടദേവന്റെ വരവ് യാഥാർത്ഥ്യമാവുന്നു. പൊടിമണ്ണു ചുംബിക്കും മഞ്ഞപ്പൂഞ്ചേലയും അടിവെപ്പിലാനന്ദതാളവുമായ് കൃഷ്ണൻ എത്തുമ്പോൾ ഈ രാധ പാടിപ്പോകുന്നുഃ

നിറയുന്നു കണ്ണെനി, ക്കൊഴുകുന്നു നിൻനീലനിറമെങ്ങും വനമാല ചാഞ്ചാടുന്നു കരുതിയിരുന്നതിലെത്രയധികമിപ്പരമമാം സൌന്ദര്യം വിശ്വമൂർത്തേ

മിനുത്തുനേർത്ത അനുസ്മൃതികളാൽ, മനസ്സ് പൂണൂൽപിരിച്ചുനിൽക്കുമ്പോൾ, അകത്തെ ശ്രീകോവിലിലിരിക്കുന്ന നാഥന്റെ അനുഗ്രഹോജ്ജ്വലമായ നോട്ടം തന്നിൽവന്നുവീഴുന്നത് ബാലാമണിയമ്മ കാണുന്നു. ചൈതന്യം കാംക്ഷിക്കുന്നവന് ചൈതന്യവും ധനം കാംക്ഷിക്കുന്നവന് ധനവും നൽകുന്ന ഗുരുവായൂരപ്പന്റെ പ്രസാദരൂപം എത്ര മധുരം (പ്രസാദം).എപ്പോഴാണ് ആ രൂപം കാണാനും തിരുമൊഴികേൾക്കാനുമിടയായത്.

നിനവിലോ ദേവ, കിനാവിലോ കാണായ്
നിറനിലാവോ,നിൻപ്രഭാവലയമോ
ഉദയത്തൂമഞ്ഞിൻകണങ്ങളോ ,ഹൃത്തി-
ലുതിർന്നുവീണതു തിരുമൊഴികളോ

ഇരുട്ടിൽ ആ തൃക്കരസ്പർശം എത്ര മൃദുലം. ആ സ്വരം കേട്ട ഹൃദയം പ്രപഞ്ചത്തേക്കാള് വിശാലരമ്യം. പല മുഖങ്ങളിൽ വിരിയും സുസ്മേരമല ർകളാലേ തത്പ്രസാദം ചൂടുന്ന ഹരിപ്രിയയാണ് ഈ കവി. അവനവന്റെ നേട്ടങ്ങളേക്കാൾ മറ്റുള്ളവരുടെ മനപ്രസാദത്തിന് വില കൽപ്പിച്ച ഒരു ഗാന്ധി. വിഷ്ണുദർശനാനുഭൂതിയുടെ ദിവ്യപ്രസാദവുമായി ,സ്നേഹത്തിന്റെ വറ്റാ ത്ത തരുണസുരഭിയായി ബാലാമണിയമ്മക്കവിത മലയാളസാഹിത്യത്തിൽ ജ്വലിച്ചുനിൽക്കുന്നു. തുളസിക്കതിരിന്റെ പാവനതയുള്ള ഈ ആത്മാനുഭൂ തിനുറുങ്ങുകൾ പറഞ്ഞറിയിക്കാവതല്ല ,പുത്തൻതലമുറക്കാർക്ക് ഒന്നു പരി ചയപ്പെടുത്താമെന്നല്ലാതെ ആ ഋഷികവിദർശനത്തെ മുഴുവനായി വ്യാഖ്യാനി ക്കാനുമാവില്ല.

ദ്വൈതത്തിനു പ്രതിവിധി സ്നേഹം,ജ്ഞാനം

കവിത തപസ്സാണ്.അതനുഷ്ഠിക്കാൻ ബാഹ്യമായ യാതൊന്നും വിലങ്ങുതടിയ ല്ല. ഓരോ വികസ്വരസുമങ്ങളിലും ഓരോ ജീവാത്മാവിലും ജീവിതം നുകരാ നായി ചിദാത്മാവ് അവതരിക്കുന്നു. വാശിക്കാരായ സ്വർഗ്ഗഭ്രഷ്ടരിൽപോലും ചിറകു നിവർത്തി ഉണരുന്ന സർഗ്ഗപ്രക്രിയയിൽ ,പ്രോജ്വലിക്കുന്ന പ്രജ്ഞയോ ടെ ഭാവിയിലേക്ക് ദൂരദർശിനി തിരിച്ചുപിടിച്ച മനുഷ്യൻ സൌരയൂഥങ്ങളെ ഏകരാഷ്ട്രമായിക്കണ്ട് , മാരകായുധങ്ങളെ മറക്കുന്ന നാളിനായി അമ്മ തപ സ്സനുഷ്ഠിക്കുന്നു.

അമ്മയുടെ മാനസസരസ്സിൽ പ്രളയാന്തത്തിൽ വിരാട്സ്വരൂപനിൽ മഹാപത്മ മെന്നപോലെ ഒഴുകിനടക്കുകയാണ് മകന്റെ പൊന്നുടൽ(നിർവൃതി)മകനിലും അമ്മ കാണുന്നത് ഈശ്വരനെയാണ്.

സ്വപുത്രനെസ്സേവിച്ച ഹൃത്തിനിങ്ങോ രോ ശിശുവുമച്ചിന്മയനല്ലയോ .
കമ്രമാമോരോ കളിവിരുതും മഹാകർമ്മയോഗത്തിൻ തനിക്കഴമ്പല്ലയോ
(വേണുഗോപാലൻ). നിഷ്കാമകർമ്മമെന്ന തപശ്ചര്യയിലാണ് സ്വന്തം ഉണ്ണിയി ലും സകല ഉണ്ണിമാരിലും ജഗത്തിലും സർവ്വഭൂതാത്മകത്വം ദർശിക്കുന്ന അദ്വൈതം ജനിക്കുന്നത്. ജഗദാത്മാവ് സ്വന്തം പൈതലായിത്തീർന്നു എന്നു വരുന്ന നിമിഷം അമ്മ പ്രപഞ്ചമാതാവായിത്തീരുന്നു (കുട്ടികൾക്കിടയിൽ).

എല്ലാത്തിനേയും വാത്സല്യത്തോടെ വീക്ഷിക്കുന്ന അവസ്ഥ. നിന്മുന്നിൽ ഓമൽക്കിടാങ്ങളായല്ലയോ നിൽക്കുന്നു സർവ്വചരാചരങ്ങൾ.(ഏതിനെ)ചതഞ്ഞ പുൽക്കൊടി കാണുമ്പോളും കാരുണ്യമൊഴുക്കാനും , ഒരു പാറ്റയുടെ ആനന്ദവായ്പ്പിലും ഉൾക്കുളിർക്കാനും കഴിഞ്ഞാൽ കർമ്മപ്രപഞ്ചത്തെ സ്വന്തം കുഞ്ഞിനെപ്പോലെ സ്നേഹിക്കാനായാൽ, അയുതം കൽപ്പങ്ങളുടെ കൈവേല തീർന്ന് തന്റെ ഹൃദയം പൂർണ്ണത പ്രാപിക്കുമെന്ന് അമ്മ അറിയുന്നു.

മനുഷ്യഹൃദയം എപ്പോഴും തനിക്ക് പ്രിയങ്കരമായതിനെ അന്വേഷിക്കുന്നു (സദസ്സിൽ). തന്റേതാക്കിക്കഴിഞ്ഞാൽവാടിപ്പോകുന്ന പൂവിനുവേണ്ടി മുള്ളു കുത്തുന്നതും അത് സഹിക്കുന്നു.(പനിനീർപൂവ്).എല്ലാ ബന്ധനങ്ങളിൽനിന്നും പുറത്തുവന്ന് അപാരതയുടെ കീഴിലിരിക്കുമ്പോൾ ഹൃദയം ആനന്ദാനുഭൂതി അറിയുന്നു. അണുകോടികൾ നെയ്യുന്ന വർണ്ണമണ്ഡലമായും സസ്യങ്ങളുടെ ലാസ്യകൌതുകമായും പറവച്ചാർത്തിന്റെ സംഗീതത്തിമർപ്പായും അനേകം ആത്മാക്കളുടെ ആന്തരൈക്യത്തിന്റെ ഗൂഢാനുഭവമായും തന്നിലേക്ക് അലച്ചു കയറുന്ന ചിദാനന്ദസാഗരത്തിന്റെ സൌന്ദര്യനുരകൾ അമ്മ അറിയുന്നു. ദ്വൈ തബോധം കൊണ്ടാണ് സ്വത്ത് പൊതുമുതലാവുന്നത് പൊറുക്കാനാവാത്തത്. അമൃതജലമെങ്കിലും സ്വന്തം വരമ്പുകളെ ഇടിക്കുന്നത് മനുഷ്യന് പൊറുക്കാ നാവുന്നില്ല. ഈ ദ്വൈതഭാവനയെക്കുറിച്ച് നാലപ്പാട്ട് പാടിയപോലെത്തന്നെ ബാലാമണിയമ്മയും പാടുന്നു.

എങ്ങനെ പൊറുക്കും ഞാനമൃതിൻനീരായാലും
എന്നതിർവരമ്പെല്ലാമിടിഞ്ഞിങ്ങലിയുമ്പോൾ
യാതനാമധുരമെൻനേട്ടമോരോന്നും ക്ഷണാലേതുലകിനും
പൊതുമുതലെന്നായ്ത്തീരുമ്പോൾ

എല്ലാം കയ്യടക്കണമെന്ന അതിമോഹം ഇല്ലാതായാലേ പുൽത്തണ്ടിലും കൂടി ഒളിഞ്ഞിരിക്കുന്ന സൌന്ദര്യലഹരി ഉള്ളിൽവന്നു നിറയൂ. പ്രപഞ്ചത്തിലെ സർവ്വവും പ്രിയങ്കരം, എല്ലാവരും പ്രിയജനം. ആരുടെ കാലിൽ മുള്ളു തറച്ചാലും നോവനുഭവിക്കുന്നത് സ്വന്തം ഹൃദയത്തിന്. ഈ തിരിച്ചറിവു ണ്ടാവാൻ എന്തേ ഇത്ര വൈകിയത് എന്ന് കവി ചോദിക്കുന്നു
.എന്തുകൊണ്ടെന്തുകൊണ്ടിക്കണ്ടതൊക്കെയും
എന്റെയാണെന്നതറിഞ്ഞീലിതുവരെ (യാത്രയിൽ). ഉൾത്തടം തകർക്കുന്ന ദ്രുത പദവിന്യാസത്തോടെ കടന്നുപോകുന്ന പ്രപഞ്ചം കവിയോടു മന്ത്രിക്കുന്നു:
എന്നിലേറിപ്പരന്നതാം തൽപ്രേമം മുറ്റുമിത്തിരി മുന്നോട്ടൊഴുകിയാൽ
വറ്റുമെന്നെന്തേ പേടിക്കുവാൻ(എന്റെ പ്രേമം). ഭാഷ,സാമ്രാജ്യം,വർഗ്ഗം, മതം ഇവകൊണ്ട് ഒരു നല്ല നാളേക്ക് അതിരിടാനാവുമെന്നു കരുതിയ തിരക്കിൽ,

മനുഷ്യൻ എണ്ണമില്ലാത്ത ചപ്പുചവറുകൾ വാരിക്കൂട്ടി ഇതെന്റെ ഇതെന്റെ എന്നു മുദ്ര കുത്തുന്ന് അമ്മ കാണുന്നു. ഇതേ പ്രക്രിയയാണ് താൻ എതിരാളി എന്നോ ശത്രു എന്നോ വിചാരിക്കുന്ന തന്റെ അയൽക്കാരനും ചെയ്യുന്നതെന്നും താൻതന്നെയാണ് തന്റെ എതിരാളി എന്നും കണ്ടെത്തുന്ന നിമിഷം എത്ര അനഘം. പേരിനും പെരുമക്കുമുള്ള ദാഹം, വിജയിക്കുമ്പോളുള്ള ഗർവ്വം, പരാജയഭീതി,തന്റേതെന്നു കരുതിയതെല്ലാം നഷ്ടപ്പെടുമോ എന്ന ആശങ്ക ,അശാന്തി. ദ്വൈതത്തിന്റെ ഫലങ്ങളാണിവ. ദ്വൈതം ഉപേക്ഷിച്ച് അദ്വൈതം സ്വീകരിക്കുന്നവന്റെ കൈപ്പിടിക്കുള്ളിലാണ് വിശ്വക്ഷേമം എന്ന അസുലഭദർശനം ഋഷിമാരുടെ ഹൃദയത്തെപ്പോലെ അമ്മയുടെ ഹൃദയത്തേയും തേജസ്സുറ്റതാക്കുന്നു. ദ്വന്ദാനുഭൂതിനിറഞ്ഞ ജീവിതച്ചെപ്പ് തുറന്നാൽ കിട്ടുക അദ്വൈതസമ്പത്താണ്. ആത്മാവിൽ സ്നേഹമായി മങ്ങാക്കതിർവീശുന്ന സമ്പത്ത്. ആ ഒറ്റ സമ്പത്തുനേടാനാണ് മസ്തിഷ്കം വിശ്രമമറിയാതെ ഇച്ഛയുടെ താക്കോൽ തിരുപ്പിടിക്കുന്നത്. തീരാത്ത കലഹങ്ങളിലും യുദ്ധങ്ങളിലും ഏർപ്പെട്ട് തളർന്നവർ, അവരുടെ ദന്തഗോപുരങ്ങളിലിരുന്നു സ്നേഹചിന്തപോലെ ആകർഷകവും തത്വചിന്ത പോലെ മഹത്തരവും ആത്മചിന്ത പോലെ അനഘവുമായ ഈ ഉലകത്തെ നോക്കട്ടെ (ദന്തഗോപുരം) അപ്പോൾ അവരുടെ തെറ്റിദ്ധാരണ നീങ്ങും. പ്രപഞ്ചം ഒരു കുഞ്ഞിനെപ്പോലെ സ്നേഹാർഹവും ലാളനാർഹവുമാകും(മംഗളഗീതം). പ്രപഞ്ചത്തിന്റെ അഴകിനെ തേടുന്ന കണ്ണ് അലിവിന്റെ ഉറവിലാണ് ആറാടേണ്ടത്. പ്രപഞ്ചത്തിന്റെ തിന്മകളെപ്പോലും പഴിക്കാനാവാത്ത , സകലത്തേയും സ്നേഹിക്കാനാവുന്ന അവസ്ഥ അപ്പോളാണ് ഉണ്ടാവുന്നതും.

എങ്ങനെ പഴിക്കും ഞാൻ സ്നേഹത്തിൻ കവചത്താൽ

തങ്ങളിൽ പാലിക്കുമെൻ കൂട്ടർതൻ ദൌർബല്യത്തെ
എങ്ങനെ ശപിക്കും ഞാൻ മൃദുചിന്തകൾനൂൽക്കാൻ

ഞങ്ങളെ പഠിപ്പിച്ച മണ്ണിന്റെ കാർക്കശ്യത്തെ

കാലം പ്രപഞ്ചസൌന്ദര്യത്തെ ഉരുക്കൂട്ടി വിടർത്തിയതാണ് മനുഷ്യഹൃദയം. ആ കവിഹൃദയം നിത്യമംഗളപ്രാപ്തിക്കായി എന്താണ് ചെയ്യുന്നത്. അനാദ്യന്തമായ ദുഃഖത്തെ പുറത്തുനിന്ന്(മറ്റുള്ളവരിൽനിന്ന്)അകത്തേക്ക് (തന്നിലേക്ക്) ആവാഹിക്കുക. എല്ലാവരേയും ഉള്ളഴിഞ്ഞ് സ്നേഹിക്കുക. സ്നേഹം സർവ്വമാലിന്യവും നീക്കി സർവ്വമംഗളം തരുന്നു.

ഇപ്രപഞ്ചാത്മാവിന്റെ ഹൃദ്രക്തമല്ലോ സ്നേഹം
തൻപരിവാഹത്തിനു തക്കതാം സിരകൾനാം
പാവനമതു നമ്മിൽ പാഞ്ഞൊഴുകുമ്പോളുണ്ടോ

ജീവിതമാലിന്യങ്ങളൂഴിയിൽത്തങ്ങീടുന്നു(സദസ്സിൽ)
കുരുക്ഷേത്രഭൂമിയിൽ വ്യാസവചനം ആരാണ് കേട്ടത്.
മതം,ജാതി,ഭാഷ,രാഷ്ട്രീയം,ലിംഗഭേദം ഇങ്ങനെ അനേകം ദ്വൈതങ്ങളുടെ പേരിൽ വിഘടിച്ചു നിൽക്കുന്ന ഇന്നത്തെ തലമുറ ബാലാമണിയമ്മയുടെ വാക്കുകൾക്ക് ചെവിയോർത്താൽ അവർക്കു നന്ന്, രാഷ്ട്രത്തിനും ലോക ത്തിനും നന്ന്.   സംഘർഷം അഥവാ കലഹവും സമരവും വിപ്ലവവും മാത്രമാണ് പുരോഗതിക്ക് ആവശ്യമെന്ന വാദം സകലവും ഭാഗിച്ചു തുണ്ട മാക്കാനുള്ള സഹോദരങ്ങളുടെ പ്രവണത കൂട്ടുന്നു.ഇതാണ് നാരദവീണയും ചെയ്തിരുന്നത്. (നാരദവീണ)മക്കളുടെ വിശുദ്ധഭവനങ്ങളിൽസൌഭ്രാത്രവും ശാന്തിയും ധർമ്മവും കൊണ്ടു പണിത സൌന്ദര്യസാമ്രാജ്യങ്ങളുടെ പാവുക ല്ലുകളാവട്ടെ എന്നാണ് , കലഹം അഥവാ വിപ്ലവം കൊണ്ട് പുരോഗതി നേടട്ടേ എന്നല്ല അമ്മയുടെ ആശീർവ്വാദം (വീടുകൾ)

നിത്യകർമ്മങ്ങളിൽ ഉൾത്തിങ്ങും സൌരഭം നിസ്വർക്കു കാണാൻ കഴിവു ണ്ടാക്കാനും പച്ചത്താലങ്ങളിലെ അമൃതം സംഭരിച്ച് മറ്റുള്ളവർക്ക് പങ്കിടാ നും ഈ നാടിനെ നമ്മുടെ നാടായി കാണാനും ഉള്ള പൌരബോധം എന്തേ ഈ മാതൃനാടിന്റെ മക്കൾക്കില്ലാത്തത്. (പൌരബോധം). കരയുന്ന ഓരോ ജീവന്റെ വേദനയേയും ഓർക്കുന്ന മനസ്സിനേ മണ്ണിൽനിന്ന് വേദന തുടച്ചു നീക്കാനാവൂ.(കണ്ണുനീർ കാണുമ്പോൾ). അത്തരമൊരു മനസ്സിന്റെ ഉടമയായ മനുഷ്യാത്മാവ് തന്നെ തറച്ച കുരിശിൽ കിടന്ന് ചോദിക്കയാണ്

പാനപാത്രത്തെത്തട്ടിനീക്കുവാനുഴറിയോ
ഞാനെന്റേതെന്നഭിമാനത്താൽത്തഴുകിയോ (കുരിശിന്മേൽ).

ചേതനാലോകം ചുമക്കുന്ന സ്ഥൂലസൂക്ഷ്മങ്ങളായ വേദനകൾ തന്നിലേക്ക് ഒഴു കുമ്പോഴാണ് മാഴ്കുന്ന ജീവകോടികളുടെ ദുഃഖശാന്തിയെക്കുറിച്ച് ചിന്തിക്കാ ൻ ബുദ്ധനും ക്രിസ്തുവും ഋഷിപരമ്പരകളും ശക്തരാകുന്നത്. അപ്പോഴാണ് അസ്വതന്ത്രമെങ്കിലും ഈ ശരീരത്തിന്റെ കൂട്ടിൽ, ബ്രഹ്മാണ്ഡത്തെത്തന്നെ ഒതു ക്കുന്ന ഉത്ബലസ്നേഹം ഉണരുന്നത്. ഓരോ ദിനവും ദിനപത്രങ്ങളിലൂടെ ചോര ചിന്തുന്ന മത്സരത്തിന്റേയും കാമത്തിന്റേയും കഥകളുമായെത്തും. ഓരോ ദിനവും സൂര്യൻ ഹൃദയത്തിൽ ആണി തറക്കുന്ന പോലെയാണ് ബാലാമണിയമ്മ ഇതിനെ കണ്ടത്. ചിന്തയുടെ മുൾമുടി ചൂടിയ കവിമസ്തി ഷ്കം സർവ്വപിതാവിന്റെ സന്ദേശം മനസ്സിൽ കുറിച്ചിടുന്നു.ഒരുനാളുണ്ടാം ദുഃഖമോചനം ,വഴികാണാം തിരയുന്നവർക്ക് എന്ന വിശ്വാസം പതറാതെ ഓരോജീവനിലും തപസ്സിരിക്കുന്നതായി ബോധിസത്വന്റെ സന്ദേശം. (പൌർണ്ണ മി) പിന്നിലൊരു കണ്ണീർത്തുള്ളിയിൽ പ്രപഞ്ചം വിരിയുന്നു മുന്നിൽ നിർവ്വൃ തിയുടെ ശാന്തസ്മേരത്തിൽ പ്രപഞ്ചം വിലയിക്കുന്നു. ചരാചരങ്ങൾ ഉയിർനു

റുങ്ങുകളായിത്തീരുന്നു(വിരിയാത്ത ഹൃദയം) വിരിഞ്ഞ ഹൃദയത്തിൽ തന്റേ തല്ലാത്ത ദുഃഖങ്ങളെ നേടാനുള്ള വാശിയിൽ ക്രിസ്തുവിനേയും ഗാന്ധിയേയും ബുദ്ധനേയും പോലെ കവിയും ഒട്ടും പിന്നിലല്ല. നേടും ഞാൻദുഃഖത്തിനെ (എന്റെ വാശി) എന്നാണവരുടെയും വാശി. താൻ നേടിയ ശോകത്തിനു രൂപപരിണാമം വന്നത് മനസ്സിലാക്കുന്ന ജ്ഞാനമാണ് വളർച്ച. എല്ലാ വേലി ക്കെട്ടും താണ്ടുന്ന, എല്ലാ അതിർത്തികളും ഭേദിച്ച് ദ്വൈതത്തെ പരാജയപ്പെ ടുത്തുന്ന ആ വളർച്ചയെ മനസ്സിലാക്കാത്തവരാണ് ഇന്നും പലരും.

പൊങ്ങിവന്നമേയത്തെയളന്നീടവേ,കണ്ണു
മങ്ങിപ്പോയ് തലതാഴ്ന്നു വിജ്ഞാനം വിനയമായ്
ആഹ്ലാദത്തിമർപ്പുപോയക്ഷോഭ്യപ്രശാന്തിയായ്
ആത്മാനുധ്യാനം താനായതിപോഷിതം ശോകം (വളർച്ച)

നാടിനെക്കുറിച്ച് കവിക്ക് സ്വപ്നങ്ങളുണ്ട്. സർവ്വമംഗളങ്ങളും ആർജ്ജിച്ച്, വിജ്ഞന്മാരാൽ മാനിതമായി, വിശ്വസാഹിത്യചർച്ചകളാൽ വിശ്രമവേള കളിൽപോലും വിദ്യ കൊയ്യുന്നവരായ മക്കളാൽ ധന്യമായി സാധിതാദർശ മായ നാടിന്റെ വിളിയാണ് അമ്മ കേൾക്കുന്നത്. അന്തിയുഴിച്ചിലിലും പ്രാപ ഞ്ചികത്വത്തെ ഉത്കൃഷ്ടജ്ഞാനം ദഹിപ്പിക്കുന്ന ധൂമം അന്തരീക്ഷത്തെ സുഗന്ധ പൂരിതമാക്കുന്നു. ജിജ്ഞാസുവായ തപസ്വിനി ചിന്തയുടെ തിരമാലകളിൽ നൂൽപ്പന്തുപോലെ കിടന്നാടുന്ന ബ്രഹ്മാണ്ഡങ്ങളെ അന്വേഷിച്ചറിയാൻ വെമ്പുന്ന വളാണ്. (അജ്ഞേയം) ബ്രഹ്മാണ്ഡങ്ങളെ പുൽകുന്ന ചിന്ത ആദ്യമായി എന്നാ വാം തന്നിലുണർന്നത്. ആ ബ്രഹ്മാണ്ഡങ്ങളിലൊന്നിൽ താനും ഒരു നൂൽനുറു ങ്ങല്ലേ. ആരും അതിരറിയാത്ത വിശ്വത്തിന്റെ ഭൂരിബിന്ദുക്കളിൽ ഒന്നോ താൻ.

ആരുനീയയെന്നാത്മാവെമ്മട്ടോ കാർകൊള്ളും നേരത്തതിൽകാണും മാരിവില്ലോ
എന്മഹാവിശ്വമേ സംശയമാണെനിക്കുണ്മയായ് നിൽപ്പതു നീയോ ഞാനോ (നീയോ ഞാനോ)

സത്തയുടെ ആഴങ്ങളിൽ ഇറങ്ങിച്ചെന്നു ചൈതന്യം ആർജ്ജിക്കുന്ന കവിയുടെ ആത്മാവിനോട് അപ്പോൾ പ്രപഞ്ചം തിരിച്ചുചോദിക്കുന്നു.

എന്നിലുണ്ടെന്തയേ , പൂർണ്ണക്ഷയാത്മാവേ , നിന്നിൽനിന്നൊപ്പിയെടുത്തതെന്ന്യേ (വ്യാമോഹം)

കണക്കറ്റ ജന്മാഹസ്സുകളുടെ മഹാപ്രകാശത്തിൽ ബ്രഹ്മാണ്ഡത്തിനു ജീവൻന ൽകുന്ന കർമ്മത്തിനുറവിനെ കവി തന്നിൽത്തന്നെ കാണുന്നു. (വിശ്വഹൃദയം) എങ്കിലും ബാലാമണിയമ്മയേയും ഭൂമിയിലേക്ക് പിടിച്ചുവലിക്കുന്ന ഒരു

മൃണാളതന്തുവുണ്ട്. **എങ്ങിരിക്കിലും ജീവാങ്കുരത്തിൻ കാൽക്കെട്ടാകു-മെന്റെയെന്നതിൻ പൊട്ടാനൂലിന്റെ മൂലദ്രവ്യം**(നാളത്തെ നാട്). അതുകൊണ്ടു തന്നെ ഭൂമിയിലെ മധുപാനം നിർത്തിപ്പോരാൻ വിളിക്കുന്ന വ്യോമത്തോട് ആരുനീ വിദൂരതേ എന്ന് ചോദിക്കാതിരിക്കാനും ആവുന്നില്ല (ഭ്രമരഗീതം)

പ്രജ്ഞോത്കൃഷ്ടനായ ഒരാൾക്ക് ഞാനും നിസ്വാർത്ഥസ്നേഹം പരിശീലിക്കുകയാണ് എന്നല്ലാതെ താൻ പരിപൂർണ്ണമായും നിസ്വാർത്ഥനായിക്കഴിഞ്ഞു എന്നു പറയാനാവുന്നില്ല. സ്നേഹത്തിന്റെ ഈ നിസ്വാർത്ഥഭാവം അൽപ്പമെങ്കിലും പരിശീലിക്കാൻ പിന്നാലെ വന്ന തലമുറക്ക് പഠിപ്പിച്ചവരാണ് നാലപ്പാട്ടും ബാലാമണിയമ്മയും അവരുടെ സഹോദരി അമ്മിണിയമ്മയും. ത്വാദൃശരാകും തത്വചിന്തകർ ,ഗൃഹിണിമാരായി അമ്മമാരായി വാഴുന്ന ഈ നാട്ടിൽ എന്തിനീ മുനീന്ദ്രന്മാരെന്ന് കവിയെപ്പോലെ നാമും ചോദിച്ചുപോകുന്നു . നീലവാനിനു താഴെ പച്ചനാക്കില വെച്ചപോലുള്ള ഈ നാട്ടിൽ ബലവദ്വിനയത്തിന്റെ ഈ സൌമ്യമൂർത്തി പിറന്നതുകൊണ്ട്, ആ തിരുനടയിൽ ശയനപ്രദക്ഷിണം ചെയ്ത് പിൻതലമുറക്കാരും പാടുന്നു:

യാ ദേവി സർവ്വഭൂതേഷു ശാന്തിരൂപേണ സംസ്ഥിതാ നമസ്തസ്യൈ
നമസ്തസ്യൈ നമസ്തസ്യൈ നമോ നമഃ

അദ്വൈതവേദാന്തം ദഹിക്കുകയില്ലെന്നു മേനി പറയുന്നവരുണ്ട്. അദ്വൈതത്തിന്റെ പാണ്ഡിത്യഘോഷംകൊണ്ട് അതിലെ സ്നേഹധാരയോ സൌന്ദര്യലഹരിയോ കാണാതെ പോകുന്നവരുമുണ്ട്. ഇവരെല്ലാം നിഷ്ക്രമണം (1974) എന്ന കവിത വായിക്കേണ്ടതാണ്. ആചാര്യന്റെ സരളമൃദുലമായ ഹൃദയത്തെ ഏതു പാമരനും മനസ്സിലാകുന്ന വിധത്തിലാണ് തന്റെ ഉള്ളംകയ്യിലെടുത്ത് അമ്മ നോക്കിക്കാണുന്നത്. മർത്ത്യനു കയറുകളുണ്ണീ കരളിലേയുള്ളു എന്ന ഗുരുവാണി കേട്ട് ഗൃഹത്തിന്റെ ചരടുപൊട്ടിച്ച് സന്യാസാശ്രമങ്ങൾ തീർക്കുന്നവർ ഏറെനാൾ കഴിയുമ്പോൾ കാണുന്നു, അവിടെയും കൊതി, ഈർഷ്യ, അധികാരവടംവലി, ശീതസമരം. ആ കയറുകളും കയറുകളാണെന്നറിയാതെ അതിൽ പെട്ട് ശിഷ്യർ വലയുന്നത് നോക്കിയിരിക്കെ അമ്മക്ക് സുഖമില്ല എന്ന വാർത്ത കേൾക്കുന്നു. മാതൃസ്നേഹം ആചാര്യരെ അലിയിക്കുന്നു.

മുറിവായ്,നീറ്റലായ്,കൊടും നോവായ്, വിങ്ങി
നിറയുന്നു ഹൃത്തിൽ പുലർത്തിരിനാളം
അതീതജന്മത്തിൻ വളവുകൾ പിന്നി-
ട്ടരികിലെത്തുന്നു മുലപ്പാലിൻ മണം.

അലിവുകൊണ്ട് കുഞ്ഞുന്നാളിൽ തന്റെ ഉള്ളം ശുചീകരിച്ചവളെ ഒരിക്കൽ ഒന്നു കാണാൻ ചെന്നതിന് അടിപുഴങ്ങുമോ പ്രപുഷ്ടമെൻശമം എന്ന ചോദ്യം സന്യാസത്തിന്റെ ആചാരക്കെട്ടുകളുടെ കയറും കരളിൽനിന്ന് പൊട്ടിച്ചെറിയുന്നു. കണ്ണീരുറന്നുകൊണ്ട് അമ്മയുടെ മരണക്കിടക്കക്കരികിലെത്തിയ ശ്രേഷ്ഠപുത്രൻ ജഗജ്ജനനിയെത്തന്നെ അമ്മയിൽ കാണുന്നു.

മുഴുകുമാ വഞ്ചിക്കകത്തു കണ്ടുഞാൻ തുഴനിലത്തിട്ട ജഗജ്ജനനിയെ.

അമ്മയുടെ അവസാനത്തെ ആഗ്രഹം ഉണ്ണീ, ഇനിയും പ്രഭാഷണം കൊണ്ട് ശിഷ്യരെ ആകർഷിച്ച് അമ്മമാർക്ക് ദുഃഖമുണ്ടാക്കരുതേ എന്നായിരുന്നു. ഇങ്ങനെ അമ്മ പറഞ്ഞുവോ ഇല്ലയോ എന്നത് കവിഭാവനയാകാം, സത്യവുമാകാം. ഏതായാലും ശങ്കരഭാഷ്യത്തിൽ ധ്യാനവും ജ്ഞാനവും മാത്രമാണ് സന്യാസിലക്ഷണമെന്നും, ഗൃഹസ്ഥന് ഇവകളോടുകൂടി അപരിഗ്രഹം കൂടി അനുഷ്ഠിച്ച് സന്യാസിയെപ്പോലെത്തന്നെ മുക്തിമാർഗ്ഗത്തിലെത്താമെന്നുമുണ്ട്. ഗാർഹസ്ഥ്യത്തിന്റെ കെട്ടുപോലെ സന്യാസാശ്രമങ്ങളുടെ കെട്ടും കരളിൽനിന്നു പൊട്ടിച്ചെറിഞ്ഞതാണ് ശങ്കരനെ മുക്തനാക്കിയത്. പ്രശാന്തി നേടുവാനൊരാൾക്കീയൂഴിയിൽ പലരിലസ്വാസ്ഥ്യം പകർത്തണമെന്നോ എന്ന് ശങ്കരനിലുദിക്കുന്ന ചോദ്യം പ്രസക്തമാണ്. ആരിലും അസ്വാസ്ഥ്യം പകർത്താതെ ജീവിക്കാനുള്ള മാർഗ്ഗത്തിലാണ് ഋഷിമാരും ജിനന്മാരും ബുദ്ധന്മാരും അഹിംസ കണ്ടെത്തിയത്. അഹിംസ മനുഷ്യന്റെ ശക്തിയാണ്,ദൌർബല്യമല്ല. അഹിംസയെ ആയുധമാക്കിയ മഹാന്മാർക്ക് ഹിംസ ശീലമാക്കിയവരുടെ നിന്ദയും അമർഷവും സഹിക്കാതെ തരമില്ല. അത് നരകവേദനയാണ്. എന്നാലും താങ്ങുന്നത് തിരിച്ചടിക്കാൻ ശക്തിയില്ലാത്തതുകൊണ്ടാവരുത്, തിരിച്ചടിക്കാൻ ഹൃദയം സമ്മതിക്കാത്തതുകൊണ്ടാവണം. സ്നേഹം കരളിൽ കയറിടുന്നതുകൊണ്ടാവണം. അതാണ് അദ്വൈതത്തിന്റെ പാഠം.

തനിക്കേറ്റവും പ്രിയപ്പെട്ടതാണ് മനുഷ്യൻ പരാശക്തിക്ക് ബലിദ്രവ്യമായി സമർപ്പിക്കുന്നത്. അമ്മയോടുള്ള കരളിന്റെ പാശം അറുക്കേണ്ടിവന്നത് അത് ശങ്കരന് ഏറ്റവും പ്രിയപ്പെട്ടതായതുകൊണ്ടാണ്. അമ്മയുടെ അവസാനത്തെ വാക്ക് അനുസരിക്കുമ്പോളും ശങ്കരൻ തനിക്കേറ്റവും പ്രിയങ്കരമായ സന്യാസത്തിന്റെ ചിട്ടകളെ ബലിദ്രവ്യമായി നൽകുകയാണ്. ഒരു ജീവിതത്തിന്റെ തന്നെ ബലിയാണത്. കവിസങ്കൽപ്പത്തിലൂടെയുള്ള ഈ പുനരാഖ്യാനം ചരിത്രപാഠത്തേക്കാളും മഹത്തായ പാഠമാണ്. ബാലാമണിയമ്മയിലെ രാധയും ഇപ്രകാരം ആത്മബലി നൽകി , ആചാര്യപദവിയിലേക്കുയർന്ന മഹാമനീഷിയാണ്. ആ സോപാനപ്പടിമേൽ ചിതറിവീണ ഇലഞ്ഞിപ്പൂ പെറുക്കി കളിക്കുന്ന കുട്ടികൾ മാത്രമാണ് പിന്നെ വന്ന രാധമാരൊക്കെ.

പുനർജ്ജന്മവും തിയോസഫിയും ലോകാന്തരങ്ങളും

ബന്ധുക്കളുടെ വിലാപം പരലോകമാർഗ്ഗത്തിൽ ജീവാത്മാക്കളുടെ ഗതിയെ തടുക്കുന്നു എന്ന സങ്കൽപ്പം കൊണ്ടാണ് ലോകാന്തരങ്ങളിലെന്ന കൃതി ആരംഭിക്കുന്നത്.

എൻ നെടുവീർപ്പേ ,പ്രേഷ്ഠഗുരുവിനെപ്പിന്നിലേക്കു വലിക്കാൻ ശ്രമിക്കൊല്ലേ
ഉന്നതാനുഭൂത്യാസ്വാദനത്തിനായുന്നുമാത്മാവെ മൌഗ്ദ്ധ്യാൽത്തടുക്കൊല്ലേ

നാലപ്പാട്ടിന്റെ കണ്ണുനീർത്തുള്ളി നിർത്തിയിടത്തുനിന്ന് , ബാലാമണിയമ്മ യുടെ ഈ കൃതി ആരംഭിക്കുന്നു.

നിർത്തട്ടെ, ഞാൻ ദുസ്തരമാക്കിയാലോ എന്നോമലാൾതൻ
പരലോകമാർഗ്ഗം.(കണ്ണുനീർത്തുള്ളി)

അമ്മാമന്റെ ആത്മാവിനെ പരലോകമാർഗ്ഗത്തിൽ അനുയാത്ര ചെയ്യുകയാണ് മരുമകളുടെ ആത്മാവ്. തിയോസഫി. ബുദ്ധമതത്തിലെ ബാർഡോ, പുനർജന്മം, കഠോപനിഷത്തിലെയും ഗരുഡപുരാണത്തിലേയും പരലോകസഞ്ചാര സങ്കൽപ്പങ്ങൾ ഇവയെല്ലാം കെട്ടുപിണഞ്ഞു കിടക്കുന്നു ലോകാന്തരങ്ങളിൽ. ഉത്തമമുഹൂർത്തത്തിൽ വാഹനമേറിയ മഹാത്മാവിനെ സ്വാഗതം ചെയ്യാൻ തൈജസലോകങ്ങൾ മുത്തണിക്കതവുകൾ തുറന്ന് കാത്തുനിൽക്കുന്നതും ആധിവാഹികരായ ആദിത്യന്മാരുടെ വെൺതിരുവുടയാടകളായി മേഘങ്ങൾ പാറുന്നതും ആദ്യം കവിയുടെ യോഗദൃഷ്ടി കാണുന്നു. സ്വാദ്ധ്യായതൽപരനായ പരേതന്റെ അടഞ്ഞ കണ്ണിനുമുന്നിൽ 67 വർഷമുള്ള ഈ ജന്മം 67 താളുകളുള്ള ഒരു പുസ്തകമായി നിവരുന്നുണ്ടാവണം എന്ന് ബാലാമണിയമ്മ എഴുതുന്നു. ശോകവും സുഖവും നൽകിയ വിചിത്രാനുഭവങ്ങൾ ചിന്നിക്കിടന്നവയെല്ലാം ഒന്നായിണങ്ങി, ക്രമമൊത്ത ഒരു ചിന്നിയമക്കുറിപ്പായി തെളിയുന്നുണ്ടാവാം. ചൈതന്യരൂപമാർന്ന ജീവാക്ഷരങ്ങൾ ഏത് ഇഛ പൂർത്തീകരിക്കാനാണോ താൻ ഈ ഉടൽ സ്വീകരിച്ചത് ആ ഇഛയെ ജീവാത്മാവിന് വ്യക്തമാക്കിക്കൊടുക്കുന്നു. ഏറ്റവും മഹത്തായ ഈ അദ്ധ്യയനവേളയിൽ, ക്ഷീണം തീർക്കാനായി , ആത്മാവ് അനശ്വരമെന്ന് മന്ത്രം ഉരുക്കഴിക്കുന്ന ബന്ധുജനങ്ങളുടെ സ്നേഹചിന്തകളുടെ ഇളംകാറ്റ് ആ ആത്മാവിനെ സ്പർശിക്കുന്നുണ്ടാവാം. ചിന്ത കാറ്റു പോലെ ഒരാളിൽനിന്ന് ഉത്ഭവിച്ച് മറ്റൊരാളെ സ്പർശിക്കുന്നു ,തൊട്ടുതലോടുന്നു.ഒരാത്മാവ് ചിന്തയിലൂടെ മറ്റൊരാത്മാവിനെ തൊടുന്നതിന് നാമരൂപാത്മകപ്രപഞ്ചമോ കാലമോ തടസ്സമാകുന്നില്ല.

പ്രക്ഷുബ്ധവികാരങ്ങളുടെ കണ്ണീരും ചിന്തയും കൊടുങ്കാറ്റുപോലെ പരേതാത്മാവിനെ ഉലക്കുമെന്നും പിന്നോട്ടുവലിക്കുമെന്നും വിശ്വസിക്കപ്പെടുന്നു. അതിനാൽ നെടുവീർപ്പുകളുടെ ചൂടേൽപ്പിക്കാതെ സ്നേഹചിന്തയുടെ കുളിർകാറ്റു മാത്രം തന്റെ ഗുരുവിനെ സ്പർശിക്കണമെന്ന് കവി നിശ്ചയിക്കുന്നു.

സുപ്രസന്നമായ മുഖത്തോടെ ഉറങ്ങുന്നപോലെ ശയിക്കുന്ന ഗുരുവിന്റെ ദേഹം നോക്കി കവി തന്റെ വിചാരധാര തുടരുന്നു. നിർഭരമായ തമോരാശിയിലേക്ക് ആണ്ടുപോകുന്ന അന്ത്യനിദ്രയാണ് മരണം. 90 നാഴിക കഴിഞ്ഞാൽ നിഴലുകളില്ലാത്ത ഭുവർലോകത്തിൽ കാമശരീരത്തിലാണ് ജീവൻ ഉണർന്നെണിക്കുക. ഊതവർണ്ണമായ ഉള്ളുടുപ്പിട്ട പ്രാണമയകോശം അർദ്ധബോധാവസ്ഥയിൽ മങ്ങിയ വെളിച്ചത്തിൽ താൻ ഉലകിന്റെ സത്ത് ഇന്ദ്രിയങ്ങളെക്കൊണ്ട് ഊറ്റിക്കുടിച്ച മൺപാനിയായ ശരീരത്തെ ഉറ്റുനോക്കി നിൽക്കുന്നുണ്ടാവാം. മൃതാത്മാവ് ശവശരീരത്തെ നിരീക്ഷിക്കുന്ന ഈ ചിത്രത്തെ 1963ൽ എഴുതിയ ഉണരുമ്പോൾ എന്ന കവിതയോടു താരതമ്യപ്പെടുത്തുക. അവിടെ,ഉറങ്ങുന്ന കവിയുടെ ശരീരത്തിൽനിന്ന് പുറത്തുകടന്ന് അന്തരീക്ഷത്തിലുയർന്നുനിന്ന് നിരീക്ഷിക്കുന്ന ആത്മാവിനെ കാണാം. ആത്മാവിന്റെ ഈ ബഹിർഗ്ഗമനം സ്വപ്നാവസ്ഥയിലും നടക്കുന്നുണ്ട്. അത്തരം അവസ്ഥയിൽ ഊഴി തിങ്കളാകുന്ന വിളക്കേന്തി തന്നെ സൂക്ഷിച്ചുനോക്കുന്ന അനുഭവം കണ്ട് ഈ കവി എന്താനന്ദം എന്നു പാടിപ്പോയിട്ടുണ്ട്. നിദ്രയിൽനിന്നെന്നപോലെ , മരണത്തിൽനിന്നും ആത്മാവ് അഗാധമായ കാരണജലധിയിലെ നീണ്ട ഉറക്കം വിട്ട് പുനർജന്മത്തിന്റെ പുതിയ ഉഷസ്സിലേക്കുണരുമെന്നും അന്നും കർമ്മസാക്ഷിയാകുന്ന വിളക്കും പിടിച്ച് ഭൂമി ഉത്സാഹപൂർവ്വം തന്നെ നോക്കിനിൽക്കുമെന്നും ഈ അനശ്വരതയുടെ ആനന്ദഗീതമാണ് സൌരതേജസ്സാകുന്ന ആത്മസുഖമെന്നും കവി കരുതുന്നു. ചക്രവാളത്തിൽ പക്ഷിച്ചിറകിന്റെ മാർദ്ദവവും പുല്ലിന്റെ ഉലച്ചിലും നോക്കിയിരുന്ന് അമ്മാമൻ ചിന്തിച്ചതെല്ലാം മരുമകളും ചെയ്തിട്ടുണ്ട്. പറക്കുന്നവയുടെ ചിറകും കാറ്റത്തുവിറയ്ക്കുന്നവയുടെ ഇതളും ഒരുക്കിയ നിഴൽനൃത്തമെന്ന് അതിനെ വിശേഷിപ്പിച്ചിട്ടുമുണ്ട്. പിതൃലോകങ്ങളിലേക്കും സൌരലോകങ്ങളിലേക്കുമുള്ള പ്രയാണശീലം ബാലാമണിയമ്മ അഭ്യസിച്ചത് നാലപ്പാടനിൽ നിന്നുതന്നെയാണ്.

പിതൃക്കളുടെ അഗ്നിയായ കവ്യവാഹകന്റെ പിതാവാണ് പാവകൻ. പാവകനു നൽകാവുന്ന ഏറ്റവും ശ്രേഷ്ഠമായ അർഘ്യം ദേവമാന്യനായ ശ്രേഷ്ഠന്റെ ഭൌതികശരീരമാണ്. നാലപ്പാട്ടിന്റെ ഭൌതികശരീരം വരാന്നമായി പാവകനു സമർപ്പിച്ചപ്പോൾ, ബാലാമണിയമ്മ വൈദികഋഷിയെപ്പോലെ പ്രാർത്ഥിച്ചു. അഗ്നേ , പാളുക, ഇതിനാൽ സംതൃപ്തനായി സംപുഷ്ടനായി, നീ ഞങ്ങളുടെ ആശയങ്ങളിൽ ആളുക,പാളുക എന്ന്. പിതൃക്കളുടെ പിതാവായ പാവകാഗ്നി നാലപ്പാട്ടെ കുടുംബാംഗങ്ങളുടെ ആശയങ്ങലിൽ ജ്വലിച്ചു

നിന്നതിൽ എന്തത്ഭുതം. അമ്മാമന്റെ ചിന്തകളിലെ അഗ്നിയും മരുമകളുടെ ചിന്തകളിലെ അഗ്നിയും ആശയങ്ങള്ക്ക് ഉൾത്തുടുപ്പേന്തിക്കൊണ്ട് ജ്വലിച്ചുനിൽക്കുന്നു.

ഉടലിന്റെ നിഴലായ പ്രാണമയകോശം കൂടി നശിക്കുമ്പോൾ ആത്മാവ് ജലമണ്ഡലത്തിലേക്ക് പ്രവേശിക്കുന്നു. പരലോകത്തിന്റെ സപ്തതലങ്ങളും ശ്രേഷ്ഠാതിഥിയുടെ പാദപതനത്തിനായി തുറന്നിടപ്പെടുന്നു. ജലമണ്ഡലം ഭുവർലോകമാണ്. അതിന്റെ ഏഴുതലങ്ങളിലായി ഭൂമിയെ തൊട്ടുനിൽക്കുന്ന യാതനാഗർത്തങ്ങളുണ്ട്. അവിടെയാണ് ഭൂമിയിൽ മറ്റുള്ളവരെ ദുഃഖിപ്പിച്ച് ജീവിച്ചവർക്കുള്ള സ്ഥാനം. അതിനും ഉപരി വസുക്കളും ആദിത്യരും ദേവയോനികളും ആദിപിതൃക്കളും വാഴുന്ന ഉപരിലോകം. അത്ഭുതദൃശ്യങ്ങളുദിച്ചുകൊണ്ട് ആകർഷിക്കുന്ന പിതൃലോകങ്ങളിലൊന്നും ശ്രദ്ധയൂന്നാതെ ധന്യനായ ഗുരു അത്യുന്നതപദം നോക്കി ഗമിക്കുകയാണ്. ആ മാർഗ്ഗത്തിലൊരു വൈതരണിയായി ബന്ധുക്കളുടെ കണ്ണീരു വീണുകൂടാ. ദർഭത്തലപ്പിലും പവിത്രജലത്തിലും ഭാവിതാന്നം വെക്കുന്നു. ഈ അന്നത്തിന്റെ ചൈതന്യം മുന്നോട്ടുള്ള യാത്രയിലേക്ക് ആ സ്നേഹാത്മാവിന് തുണയാവട്ടെ എന്ന പ്രാർത്ഥനയോടെ. കവ്യസൌരഭം പൊങ്ങിപ്പരക്കുന്ന വിണ്ണിന്റെ താഴ്വരയിൽനിന്ന് ഏതോ കാകന്റെ കാരിരുൾച്ചിറകേറി ഗുരുവിന്റെ ആശിസ്സ് തങ്ങളെ തേടി വരുന്നുണ്ടാവാം. പഴയപോലെ ഞങ്ങളെ ആശ്വസിപ്പിക്കാനായി സ്വപ്നങ്ങളിലും ഭൂമി സന്ദർശിച്ചേക്കാം. ഏതൊരാൾക്കും ഏതൊരുവസ്തുവും അകം പുറം ഭേദമില്ലാതെ സർവ്വസാക്ഷിയായി നിന്നുകാണാവുന്ന പ്രകാശമണ്ഡലത്തിലെത്തിയ ഗുരുവിന് സ്വപ്നസാന്നിദ്ധ്യം കൊണ്ടുതന്നെ സർവ്വദുഃഖവും നീക്കാനാവും. സർവ്വസാക്ഷി ഇവിടെ നാലപ്പാട്ടിന്റെ ആത്മാവാണ്. ഉണരുമ്പോൾ എന്ന കവിതയിലാകട്ടെ പ്രപഞ്ചമാതാവും . ആഗ്നേയമണ്ഡലവും സിദ്ധന്മാരുടെ സഹവാസവും കഴിഞ്ഞ് ചിദാത്മകമായ മഹർലോകത്തിലെത്തുന്ന ആത്മാവിന് എണ്ണമറ്റ ജന്മങ്ങളുടെ മാർഗ്ഗങ്ങളെല്ലാം ചെന്നുചേരുന്ന വാതിൽ തുറക്കാം. തന്റെ ഉപാധിചതുഷ്കബീജങ്ങൾ ഒരേ നൂലിൽ കോർത്ത മുത്തുപോലെ ജന്മസംസ്കാരങ്ങളുടെ വർണ്ണോജ്വലമായ കാരണാണ്ഡരൂപത്തിൽ കാണുന്നതിന്നായി അവിടെ വെച്ച് സാധിക്കുന്നു. ഏറ്റവും ഉന്നതവും അമലവുമായ പ്രജ്ഞയിൽ ഇതുവരെ കഴിഞ്ഞ ജന്മങ്ങളും വരാനിരിക്കുന്നവയും തെളിയുന്നു. ദേവനും മനുഷ്യനും സസ്യവുമായി ജീവകോടികളുമായി പൂർണ്ണൈക്യം സാധിക്കുന്നു. ചക്രവാളത്തിന്റെ കവിയുടെ പരമമായ ഇഛ ഇതായിരുന്നുവല്ലോ. ഉപാധിചതുഷ്കമെന്നു പറയുന്നത് നാലുതരം പരമാണുക്കളെയാണ്. സ്ഥൂലശരീരത്തിന് ആസ്പദമായ പൃഥ്വി, കാമശരീരത്തിന് ആസ്പദമായ ജലം, മാനസശരീരത്തിന് ആസ്പദമായ വായ്വാകാശങ്ങൾ, കാരണശരീരത്തിനാസ്പദമായ ചിദാകാശം. മഹർലോകവും അഗ്നിമണ്ഡലമാണെങ്കിലും അത് വ്യക്തിപരമല്ല. ചിദഗ്നിമണ്ഡലമാണ്. മഹർല്ലോകത്തിൽവെച്ച് ആത്മാവ് ഇഷ്ടദേവതയെ സാക്ഷാത്കരിക്കുന്നു.

സപ്തഗോളങ്ങൾ മിന്നുന്ന സംസ്യതിപ്പൊൽപ്പതക്കങ്ങൾ മാലയായ് ചാർത്തിയും
നിത്യതയിങ്കലോരോരോ വീർപ്പാലും നീണ്ട കൽപ്പകല്ലോലങ്ങൾ പായിച്ചും
മേവുന്ന ലളിതാപരമേശ്വരിയായ ശ്രീവിദ്യയാണ് നാലപ്പാട്ടിന്റെ ഇഷ്ടദേവത.

നിത്യതയിൽ ഓരോ പ്രാണതരംഗം കൊണ്ടും സൃഷ്ടികർമ്മം നടത്തുന്നവർക്ക് ഇതിലധികം പ്രിയങ്കരമായി മറ്റേതുണ്ട്. സാക്ഷാത്കാരം ഒരു യോഗനിദ്ര യാണ്. ചലനമറ്റ ഒരു സമാധി. എങ്കിലും തരംഗമാലകൾ വീണ്ടും ചലിക്കും, സൃഷ്ടി വീണ്ടും ഉണരും. മായയുടെ നിത്യലാസ്യത്തിൽ ,കാലപ്രവാഹത്തിൽ എവിടെയെങ്കിലും ചലനമല്ലാതെ മറ്റൊന്നുണ്ടോ. നിൽക്കലായ് കാൽകൾക്കി ഷ്ടം എന്നായാലും ചലിച്ചുകൊണ്ടേ ഇരിക്കുന്നതല്ലേ പ്രപഞ്ചനിയമം. സാക്ഷാത്കാരത്തിന്റെ പരമശാന്തിയിൽ മുങ്ങി നിൽക്കലായ് ഇഷ്ടം എന്നായ ഗുരുവിന്റെ സാത്വികാത്മാവിലും , മായയാൽ ചലനമുണ്ടാവാം, സുഷുപ്തി യിൽ പ്രഹൃഷ്ടമായ ഉത്തമവാസനകൾ വീണ്ടും ഇളകാം, ഉണർന്നെണീക്കാം. അവതാരകാലത്ത് ഗോരൂപമെടുത്ത ഭൂദേവിയുടെ കരച്ചിൽപോലെ, ആ വാസനകൾക്ക് ശക്തി കൊടുക്കുമാറ് , തടുക്കാനാവാത്ത മണ്ണിന്റെ വിളി കേൾക്കാം. വാസനയുടെ അലകൾ ഈ മണ്ണിന്റെ കരയിൽ തട്ടി വീണ്ടും കരുത്താർജ്ജിക്കാം. താനിതുവരെ ജീവിച്ചുനോക്കാത്തതും അറിയാത്തതും കാണാത്തതുമായ അനേകം രാഷ്ട്രങ്ങളുടെ വിളി , തന്റെ ഉയിരിനാൽ ഫലപുഷ്ടമായിട്ടില്ലാത്ത മാനവവംശശാഖകളുടെ വിളി, എത്ര ജന്മമെടുത്താലും ഉൾക്കൊള്ളാനാവാത്ത വിജ്ഞാനശാഖകളുടെ വിളി- ഭൂമിയുടെ ഒരിക്കലുമ വസാനിക്കാത്ത ഈ വിരുന്നൂട്ടലിൽ കൌതുകം കൊള്ളാത്തതായി ഏതൊരാ ത്മാവാണുള്ളത്. ഓരോ കണ്ണിണയിലും സ്നേഹമായി പ്രതിബിംബിക്കുന്ന സ്വന്തം അഴകിന്റെ വളർച്ചയെ കാണുന്നതിൽ കുതൂഹലമില്ലാത്തതായി ഏതൊരു ജീവാത്മാവാണുള്ളത്. അതിനാൽ മഹാത്മാക്കളെല്ലാം ഭൂമിയിലേ ക്കുതന്നെ മടങ്ങിവരുന്നു.

ശക്തമായ ഇഛയാൽ തനിക്ക് വീണ്ടും പുതിയൊരുടുപ്പ്-ശരീരം-ആത്മാവ് നെയ്തെടുക്കുന്നു. പൂർവ്വജന്മത്തേക്കാളും മൃദുലതയും സ്നേഹവും അഴകും ശോഭയും മേന്മയുമുള്ള അന്യൂനമായ ഒരു മനസ്സും. അതിൽ കൂടുതൽ ശുദ്ധ ചിന്തകളുടെ സ്ഫുരണം. ആ സൂക്ഷ്മശരീരം സദ്വിചാരങ്ങളാൽ ആഢ്യമായി രിക്കും. തന്റെ ആത്മസംസ്യതിക്കു യോജിച്ച ചുറ്റുപാടുകളുള്ള ഒരു വീട്ടിൽ, നല്ലവളായ ഒരമ്മയുടെ ഗർഭത്തിൽ, കർമ്മദേവന്മാർ കൽപ്പിച്ചുനൽകിയ പുത്തൻ കുപ്പായത്തിൽ വീണ്ടും ജനിക്കുന്ന ആത്മാവ് സുപ്രബോധമായി താൻ പടിയിറങ്ങിപ്പോയ പടവുകളെ ഒന്നൊന്നായി ഇറങ്ങിവരുന്നു. അന്നേ ക്ക്, ഞങ്ങളെല്ലാം മണ്മറഞ്ഞിരിക്കാമെന്ന് കവി ഓർക്കുന്നു. എങ്കിലും പടിയി റങ്ങിവരുന്ന ഗുരുവിന്റെ ബോധത്തിൽ ഞങ്ങളുടെ ഓർമ്മ ഒരിക്കൽക്കൂടി തെളിഞ്ഞുവരും. തന്നെ ഏറെക്കാലം തഴുകിരക്ഷിച്ചതും അന്നേക്ക് ഒരാൾകൂ ടി താമസമില്ലാത്തതുമായ നാലപ്പാട്ടുവീടും ആ പൂർവ്വജന്മസ്മൃതിയിൽ തെളി ഞ്ഞേക്കാം. ആർദ്രശാന്തിദഛായങ്ങളും അന്നേക്ക് കൽക്കരിപ്രായങ്ങളുമായ അങ്കണവൃക്ഷങ്ങളേയും അദ്ദേഹം അന്നോർത്തേക്കാം. ഈ വഴികൾ, ഈ പാടങ്ങൾ, കാലത്തിന്റെ കൈവിരൽ അന്നേക്ക് മായ്ച്ചുനീക്കിക്കഴിഞ്ഞ ചിത്രങ്ങള്,എന്നുമെന്നും ഈ പ്രിയനാടിന്റെ നുറുങ്ങുകൾ, പുതിയ ജന്മത്തി ലും ഈ ഭൂമിക്കു നൽകാനാവുന്നതൊക്കെ ഗുരു ആസ്വദിക്കും. സ്വർഗ്ഗവാ സത്താൽ പതിന്മടങ്ങായി പോഷിപ്പിക്കപ്പെട്ട കഴിവത്രയും പാരിനായി വീണ്ടും വാരിക്കൊടുക്കും. എങ്കിലും ശിഷ്യയുടെ കരൾനോവുന്നു. മാഞ്ഞു

പോയ ആ പൊൻകിനാവിനെ , ആ സുപ്രിയാകാരനെ ,കാലുറക്കാത്ത ഈ പാതയിൽവെച്ച് ഇനിയെന്നെങ്കിലും കണ്ടുമുട്ടുമോ. കണ്ടാൽത്തന്നെ പരസ്പരം തിരിച്ചറിയുമോ.

കാണുമോ,കണ്ടറിയുമോ ,ഞങ്ങളീ കാലുറക്കാത്ത പാതയിൽവെച്ചിനി

ഈ ചോദ്യം കണ്ണുനീർത്തുള്ളിയിലെന്നപോലെ ലോകാന്തരങ്ങളിലും അടക്കിപ്പിടിച്ച ഒരു തേങ്ങലായി നിൽക്കുന്നു.

ഉണ്ടായിരിക്കാമിനിയും പിറപ്പു, രണ്ടാളുമീ ഞങ്ങളടുത്തുകൂടാം
ഇതേനിലക്കുള്ളൊരു സൌഭഗത്തെ വീണ്ടും ചമപ്പാൻ വിധി ശക്തമാമോ....
.(കണ്ണുനീർത്തുള്ളി)

അനശ്വരം വസ്തുവശേഷദേഹാന്തരത്തിലും നിന്നരുളുന്നതുണ്ടാം
അതിന്നിയും മറ്റൊരുടുപ്പിൽവന്നെന്നന്തർഗൃഹത്തിൽ പ്രണയം നിറക്കാം
(കണ്ണുനീർത്തുള്ളി)

പൂർവ്വജന്മസ്മരണ ബുദ്ധനും കൃഷ്ണനും ഉണ്ടായിരുന്നതുപോലെ എല്ലാവർക്കും ഉണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ടാണ് പരസ്പരമറിയുമോ എന്ന ശങ്ക ഗുരുവും ശിഷ്യയും ഒരുപോലെ പ്രകടിപ്പിക്കുന്നത്. ദുഃഖച്ചെന്തീയിൽ നെയ്യു പകർന്നപോലെയുള്ള ആ ചിന്ത ഭാരതീയകർമ്മ,പുനർജന്മ സിദ്ധാന്തങ്ങളുടേയും തത്വചിന്തയുടേയും, തിയോസഫിക്കൽസൊസൈറ്റിയുടേയും സൂക്ഷ്മമായ ആശയങ്ങളിൽ സദാ മനസ്സു വ്യാപരിപ്പിച്ച ഏതൊരാൾക്കും മനസ്സിലാവും.

നാദപ്പൊരുൾച്ചിത്തായ പ്രണയത്തെ സീൽക്കാരത്തിലൊതുക്കി , ഒറ്റ ശ്വാസത്തിൽ അതിന്റെ അലകൾപരത്തി സൃഷ്ടി നിർവ്വഹിക്കുന്നു ,പരാശക്തി. സർവ്വവും വിലയിക്കുന്ന പ്രളയം മരണമെങ്കിൽ സർഗ്ഗം അതിന്റെ നേർത്തൊരു പ്രാണചലനം മാത്രം. ആ പ്രാണചലനത്തിലാണ് പ്രേമം. പ്രപഞ്ചശക്തിയുടെ പ്രേമത്തിന് വിനാശശബ്ദമില്ല. മരണം വിനാശമല്ല, അവസാനമല്ല, ഒരു ദീർഘനിദ്ര മാത്രം. ഈ യോഗസൂത്രം കണ്ണുനീർത്തുള്ളിയുടേയും ലോകാന്തരങ്ങളുടേയും കവികൾക്ക് സ്വായത്തമാണ്. പടിപടിയായി കയറിച്ചെല്ലുന്ന സമാധിയുടെ പരമകാഷ്ഠയും യോഗനിദ്രയാണ്. അതിൽനിന്നുള്ള അവരോഹണം പുനരവതാരവും. നാലും അഞ്ചും ദശകങ്ങളിൽ നാരായണീയം ആത്മാവിന്റെ ആരോഹണാവരോഹണങ്ങളെ പറയുന്നു. മേൽപ്പത്തൂരിന്റെ ചന്ദനക്കാവിന്റെ മണ്ണിൽനിന്നാണല്ലോ നാലപ്പാട്ടു കുടുംബവും പുന്നയൂർക്കുളത്തേക്ക് വന്നത്. മണ്ണിന്റെ ഗുണം വിത്തിലും പ്രതിഫലിക്കുന്നു.

കവിയല്ലാത്ത വി,എം നായർ ജീവിതത്തിൽ ഒരിക്കലെങ്കിലും ഇങ്ങനെ ചോദിക്കാനവസരം കണ്ടെത്തി:- സത്യം എവിടെയാണാവോ. ഉപനിഷത്തിൽത്തന്നെ സൂര്യനോടാവശ്യപ്പെടുന്നുണ്ടല്ലോ , ഹിരണ്മയേന പാത്രേണ

സത്യസ്യാപിഹിതം മുഖം. അതിന്റെ അർത്ഥം തുറന്നുകാട്ടിത്തരാനായി അദ്ദേഹം ഉദ്ധരിച്ചത് ബാലാമണിയമ്മയുടെ കവിതയാണ്.

മർത്യവിചിന്തനം പാർമേലുരഞ്ഞെത്ര തത്വസ്ഫുലിംഗങ്ങൾ ചിന്നിയാലും മുറ്റുമിരുളിൽത്താൻനീളുന്ന സത്യത്തിൻ മുഖ്യാംശമിപ്പോഴും മുന്നെപ്പോലെ.

എത്രപേർ എത്ര യുഗങ്ങളായി വിചിന്തനം ചെയ്ത് തത്വസ്ഫുലിംഗങ്ങൾ ചിന്നിയിട്ടും സത്യത്തിന്റെ മുഖം ഇപ്പോഴും ഇരുട്ടത്താണ്,അതിനെ മുഴുവ നായി കണ്ടവരാരും ഇല്ല. ഈശ്വരനെന്ന സത്യത്തെ കണ്ടവരാരും ഇല്ല. അതി ന്നർത്ഥം സത്യം ഇല്ല എന്നല്ല,നമുക്കതിനെ കാണാനായില്ല എന്നു മാത്രമാണ്. തന്റെ ഭർത്താവിന്റെ ആദ്യത്തേയും അവസാനത്തേയുമായ ഗ്രന്ഥത്തിനുള്ള അവതാരികയിൽ ബാലാമണിയമ്മ എഴുതി: മനുഷ്യന്റെ ചിന്ത വാർദ്ധക്യ ത്തിൽ അന്തിവെയിലിനെപ്പോലെ പിന്നോട്ടു നീങ്ങുന്നു..... അനുഭവങ്ങളെ അയവിറക്കുന്നതിനേക്കാൾ, ചിന്തകളെ പാകപ്പെടുത്തുന്നതിലാണ് പ്രാധാന്യം.

അനുഭവങ്ങളെ പാകപ്പെടുത്തിയെടുക്കുന്ന വാർദ്ധക്യത്തിനും മുമ്പേ ,ചിന്തക ളെയെല്ലാം പാകപ്പെടുത്തിയെടുത്ത മനീഷികളായ എന്റെ ഗുരുക്കന്മാർക്ക്- നാരായണമേനോനും ബാലാമണിയമ്മക്കും- ആസ്തിക്യബോധം ഉണ്ടായിരുന്നു എന്നതിന് അവരുടെ ജീവിതവും ചിന്തകളും കവിതകളുമെല്ലാം സാക്ഷികളാ ണ്. അവരെ ഓരോ ജീവിതഘട്ടത്തിലും സൂക്ഷ്മമായി നിരീക്ഷിക്കാൻ ശ്രമിച്ച ഈ ഞാനും.

3. ഭാരതത്തിന്റെ സംഗീതപൈതൃകം

1. പൈതൃകം എന്നാലെന്ത് ?

2. ഭാരതത്തിന്റെ സംഗീതപൈതൃകത്തിൽ രാഗചികിത്സ ഉണ്ടോ ?

3. അത് എന്നുമുതലാണ് ആരംഭിച്ചത്. അതിന് ശാസ്ത്രീയമായ അടിസ്ഥാനമുണ്ടോ ?

4. ആയുർവ്വേദം, യോഗശാസ്ത്രം, ജ്യോതിശ്ശാസ്ത്രം ,വേദവേദാന്തങ്ങൾ ഇവയി ലെല്ലാം അത് ഉപയോഗിച്ചിരുന്നുവോ ?

5. ഗായകർ എങ്ങനെ പാടണം,എന്തിനു പാടണം ?

6. ഉപനിഷദകാലത്ത് ഉപകരണസംഗീതം ഉണ്ടായിരുന്നുവോ ?

7. മേളകർത്താരാഗം എന്തിന് ? വ്യക്തിക്കും സമൂഹത്തിനും ലോകത്തിനു മുഴു വനും മംഗളം ഉണ്ടാവുന്നതിന് സമ്പൂർണ്ണരാഗങ്ങളുടെ ആവശ്യകത.

പൈതൃകം ദൃശ്യം,അദൃശ്യം എന്ന് രണ്ടുവിധമാണ്. ചരിത്രാവശിഷ്ടങ്ങൾ (വാസ്തു മുതലായവ) മ്യൂസിയമായി സൂക്ഷിക്കുന്നതും, പുസ്തകങ്ങൾ ലൈബ്രറിയായി സൂക്ഷിക്കുന്നതും ദൃശ്യമായ സംരക്ഷണമാണ്. ദൃശ്യമായ ഗ്രന്ഥാവലികളിലും ചരിത്രാവശിഷ്ടങ്ങളിലും നിന്ന് ജനതയുടെ സംസ്കാര പൈതൃകം , വിദ്യ,മേധ (ധിഷണ, ധീ) ഇവ മേധ കൊണ്ടുതന്നെ ഗ്രഹിച്ച് ആ അദൃശ്യമായ വിദ്യയെ അഥവാ സംസ്കൃതിയെ ,മേധയെ സംരക്ഷിക്കു ന്നതിനെ മാനവസംസ്കൃതിയുടെ intangible educational and intellectual heritage സംരക്ഷണമെന്നാണ് പറയുക. ഭാരതപൈതൃകം അത്തരമൊരു ധിഷണ യുടെ പൈതൃകമാണ്. ആ ധിഷണാപൈതൃകത്തെ കണ്ണുകൊണ്ട് കാണാനാ വില്ല, ധിഷണ കൊണ്ട് അറിയേണ്ടതാണ്. വരുംതലമുറക്ക് ആ ധിഷണ യെ പരിചയപ്പെടുത്തുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. അതിൽ സംഗീത വും ജ്യോതിശ്ശാസ്ത്രവും വൈദ്യവും യോഗശാസ്ത്രവും വേദവേദാംഗ ങ്ങളും ദർശനങ്ങളുമെല്ലാം ഉണ്ട്, അവതമ്മിൽ പരസ്പരം വേർതിരിക്കാ നാവാത്ത ബന്ധവുമുണ്ട്. ഈ ചെറിയ മനുഷ്യായുസ്സിൽ ഞാൻ പഠിച്ച വേദവേദാംഗങ്ങളും ദർശനങ്ങളും ഗണിത,ജ്യാമിതീയ, വാസ്തുകലകളും, വൈദ്യവും സംഗീതവുമെല്ലാം ഇപ്രകാരം ഒരു ഇന്റഗ്രേറ്റഡ് മണ്ഡലമായി പിണഞ്ഞുകിടക്കുന്നു. സംഗീതപൈതൃകമെന്നത് ഇത്തരമൊരു മണ്ഡലമാണ് എന്നത്, രാഗചികിത്സ ഭാരതത്തിന്റെ തനതായ സംഭാവനയാണെന്നതിനു നിദാനം കൂടിയാണ്. ഭാരതപൈതൃകം വേദവേദാംഗങ്ങളും ഉപനിഷത്തു ക്കളും ജ്യോതിശ്ശാസ്ത്രം, വാസ്തു,വൈദ്യം, യോഗശാസ്ത്രം ,സംഗീതശാ സ്ത്രം മുതലായ നിരവധി ശാസ്ത്ര,കലാശാഖകളുമായി അറ്റമില്ലാതെ കിടക്കുന്നു. നിരവധി സഹസ്രാബ്ദങ്ങളായി അതിനാൽ പ്രചോദിതരായി അനേകം പേർ ലോകചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. സംഗീ തശാസ്ത്രം ഭാരതത്തിലെ എല്ലാ ശാസ്ത്ര,സാഹിത്യ,കലാ വിഭാഗങ്ങളേയും ഇന്ത്യൻ തത്വചിന്തയേയും ഇന്റഗ്രേറ്റ് ചെയ്യുന്ന മഹത്തായ ശാഖയാണ്. ഇവിടത്തെ കാലാവസ്ഥയും ദിനചര്യകളും ഋതുക്കളും ഗണിതപാരമ്പര്യ വുമെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് സംഗീതത്തിന്റെ വളർച്ച എന്നതുതന്നെ പ്രാധാന്യമർഹിക്കുന്നു. വിഷ്ണുധർമ്മോത്തരപുരാണം പറയുന്നതുപോലെ, ചിത്രം വരക്കാനും നിറം കൊടുക്കാനുമറിയാതെ ശിൽപ്പകല സാദ്ധ്യമല്ല. ശിൽപ്പകലാ പരിജ്ഞാനം കൂടാതെ നൃത്തം പഠിക്കാനാവില്ല. നൃത്തം

ഉപകരണസംഗീതത്തിലും , ഉപകരണസംഗീതം മനുഷ്യർ പാടുന്ന വായ്പ്പാട്ടിലും അധിഷ്ഠിതമാണ്. അതിനാൽ സംഗീതം സർവ്വോത്തമകലയാണ്. വേദത്തെപ്പോലെ സംഗീതവും ശ്രുതിജ്ഞാനമാണ്, എഴുതിവെച്ച ലിപിസമ്പ്രദായം കൊണ്ടുമാത്രം ഗ്രഹിക്കാവതല്ല.

എന്നാണ് സംഗീതം ഭൂമുഖത്ത് ഉണ്ടായത്. സ്വാതിമുനി മഴത്തുള്ളി ഇറ്റു വീണതുകേട്ട് താളം രചിച്ചു എന്നതിനർത്ഥം പ്രകൃതിയെ മനുഷ്യരാശി നിരീക്ഷിച്ചകാലം മുതലുണ്ടായി എന്നാണ്. അത് പ്രാക്തനമനുഷ്യവംശത്തിന്റെ പൈതൃകമാണ്. 5000 വർഷം മുമ്പത്തെ സൈന്ധവസംസ്കൃതി യിലെ നർത്തകീശിൽപ്പം കൈശികി എന്ന് ഭരതമുനി വിളിക്കുന്ന ലാസ്യരൂപത്തിലാണ്. അതായത് അന്നുതന്നെ ലാസ്യനർത്തനവും സംഗീതവും പ്രചാരത്തിലുണ്ട്. മാത്രമല്ല, പല സൈന്ധവലിപികളിലും കാലിൽ ചിലങ്കയിട്ട മനുഷ്യരൂപങ്ങളുമുണ്ട്.സരസ്വതിയും സപ്തമാതൃകമാരും സാമഗാനം പാടുന്ന ദേവേന്ദ്രനുമുള്ള സീലുകളുണ്ട്. ദ്വാദശോപനിഷത്തുക്കളുടെ വ്യാഖ്യാനമായ സുധാസിന്ധുവിൽ സംഗീതപരമായ ശബ്ദങ്ങളും അവക്കുള്ള ശങ്കരഭാഷ്യത്തിലെ വിവരണങ്ങളും അനേകം വേദശബ്ദങ്ങളും അവയുടെ വേദാന്തശാസ്ത്രാനുസൃതവും ഇതരശാസ്ത്രാനുസൃതവുമായ അർത്ഥങ്ങ ളും ആധുനികശാസ്ത്രത്തിൽ അവക്കുള്ള സമാനശബ്ദങ്ങളും വിവരിച്ചിട്ടു ണ്ട്. നാരായണോപനിഷത്തിലെ ,അപ്സരകളിലിരിക്കുന്ന മേധയും ദൈവീകമേധയായ സരസ്വതിയുടെ സാമത്തിലിരിക്കുന്ന മേധയും ഗന്ധർവ്വന്മാരി ലെ മനസ്സും സുരഭിയായ ആനന്ദവും (രസാനുഭവം) ഞ്ങ്ങൾക്ക് തരിക (ശ്ലോ 3) എന്ന പ്രാർത്ഥന സംഗീതസാഹിത്യങ്ങളിലെ വൈദഗ്ദ്ധ്യത്തെയാ ണ് അർത്ഥിക്കുന്നത്. ശാരീരകഭാഷ്യത്തിൽ ശങ്കരാചാര്യർ (1,3,28) ധ്വനി, വർണ്ണം ഇവയുടെ തരംഗകമ്പനം, അവ അകലെയും അടുത്തുമാകുമ്പോൾ ശ്രോതാവിന്റെ ഇന്ദ്രിയത്തിനനുഭവമാകുന്ന ആപേക്ഷികഭേദം ഇവയെ കൃത്യമായി വിവരിക്കുന്നു. ഇത് ഡോപ്ലർ ഇഫക്ടിന്റെ കൃത്യമായ വിവരണവുമാണ്.

കാ പുനരയം ധ്വനിർന്നാമയോ ദൂരാത് ആകർണ്ണയതോ
വർണ്ണവിവേകം അപ്രതിമാനസ്യ കർണ്ണപഥം അവതരതി പ്രത്യാസീദ
തശ്ച മന്ദത്വ പടുത്വാദിഭേദം വർണേഷ്വ സഞ്ജായതി തന്നിവൻ
ധനശ്ചോദതദയോ വിദശാസന വർണ്ണസ്വരനിബന്ധന വർണ്ണാനാം
പ്രത്യാചരണം പ്രത്യഭിജ്ഞായാമാനത്വാത്

ഏറ്റവും സൂക്ഷ്മതമമായ പരമാണുകണങ്ങളുടെ ഉച്ചം,മന്ദ്രം, മന്ദ്രോച്ചം, നിറം,സത്യം,സൌന്ദര്യം ഇവയോടു ചേർന്ന കമ്പനവേഗതകളെ ഈ അടു ത്ത കാലത്താണ് ആധുനികലോകം മനസ്സിലാക്കിയത്. മാനവരാശിയുടെ

പ്രത്യഭിജ്ഞ എന്ന പ്രതിഭാസ്ഫോടത്തിന്റെ സത്യശിവസൌന്ദര്യങ്ങളുടെ ആനന്ദലഹരിയിലേക്ക് ലോഗരിത്മിക്ക് അനുപാതങ്ങളിലാണ് സാമസംഗീത ജ്ഞർ സഞ്ചരിച്ചിട്ടുള്ളത്. കണ്ഠനാലത്തിലെ വായു 8 സ്ഥാനങ്ങളിൽ തട്ടി കമ്പനമുണ്ടാക്കുന്നു,അപ്രകാരം വ്യത്യസ്തങ്ങളായ ശബ്ദ തരംഗങ്ങൾ വ്യത്യ സ്ത കമ്പനവേഗതകളോടെ ഉച്ചരിക്കപ്പെടുന്നു, അത്തരം ഒരു ഗാത്രവീണ അഥവാ സംഗീതോപകരണമാണ് മനുഷ്യശരീരമെന്ന അറിവ് അവർക്കുണ്ടാ യി . വാഗ്ദേവിയുടെ ഉയിരും മെയ്യുമായ സ്വരവും വ്യഞ്ജനവും വഴ ങ്ങുന്നവർക്കേ ഭാഷയും സംഗീതവും വഴങ്ങുകയുള്ളു . സംഗീതജ്ഞന്റെ പ്രാണോർജ്ജവും സൂര്യോർജ്ജവും സമാനമാണെന്ന് സാമവേദപരമായ ഛാന്ദോഗ്യം പറയുന്നുണ്ട്. സൂര്യമണ്ഡലാന്തർഗ്ഗതമായ സുവർണ്ണപുരു ഷന്റെ തേജസ്സ്, സ്വരങ്ങളെ ഉപാസിച്ച് നാദാനുസന്ധാനം ചെയ്യുന്നവർക്കും ലഭിക്കുന്നതായി വേദാന്തം പറയുന്നു. ശങ്കരഭാഷ്യം ഇതിനെക്കുറിച്ച് പറയുന്നു. അടിതൊട്ട് മുടിവരെ ഭാരൂപമായ ഈ സർവ്വവും സുവർണ്ണ മാണ്, സ്വരമണ്ഡലമാണ്. ഉദിക്കുന്ന ആദിത്യനാണ് ഉദ്ഗീഥം. പ്രപഞ്ചം മുഴുവനും ഉദ്ഗാനം ചെയ്യപ്പെടുന്നതിനാൽ അവനാണ് ഉദ്ഗാതാവും. ഗീതവും ഗാതാവും സ്വരവും സുവർണ്ണവും സൂര്യനും നാമരൂപാത്മക പ്രപഞ്ചവും അങ്ങനെ ഒന്നായിത്തീരുന്നു. ചേതനസ്യൈക നിരവയത്വാദ് ദ്വിധാ ഭാവാനുപപ ത്തേഃ തസ്മാദ് അദ്ധ്യാത്മാദി ദൈവതയോർ ഏകത്വം ഏവ (ശങ്കരവാക്യം) സാമഗായകർ കാണപ്പെടുന്ന ഈ ലോകത്തിനുമപ്പുറത്തെ ഊർജ്ജ ഭൂമികകളിൽനിന്നുണ്ടായി ,സ്വന്തം ബോധപ്രകാശത്തിന്റെ ശുദ്ധോർജ്ജത്താൽ അതിൽത്തന്നെ ലയിക്കുന്നു. അതിനാൽ സാമഗായകർ മാത്രമാണ് സർവ്വജ്ഞരെന്ന് ശങ്കരൻ പറയുന്നു.

ഗായകർ എങ്ങനെ പാടണം എന്നു മാത്രമല്ല, എന്തിനു പാടണമെന്നും വേദാന്തം പറയുന്നുണ്ട്. ശുദ്ധമനസ്കരായി, ഈശ്വരോപാസനയോടെ ഏകാഗ്രഭക്തിയോടും ശ്രദ്ധയോടും നിരഹങ്കാരരായി പാടണം. എന്റെ ഗാനം കൊണ്ട്. സർവ്വ ദേവന്മാർക്കും അമൃതവും സർവ്വ പിതൃക്കള്ക്കും സ്വധയും സർവ്വ മനുഷ്യർക്കും ശുഭവും സർവ്വ ജീവജാലങ്ങൾക്കും ധാരാളം അന്നവും ജലവും ലഭിക്കട്ടെ എന്ന് ശുഭചിന്തയോടെ പാടണം. എന്റെ നാവ് മധുമത്തമയായി, ഒഴുക്കുന്ന മധു ധാരാളം പേരുടെ കർണ്ണ ങ്ങളാൽ കേൾക്കപ്പെട്ട്, ആനന്ദം കൊടുക്കട്ടെ , സംരക്ഷിക്കട്ടെ എന്ന വേദമ ന്ത്രങ്ങളിലെല്ലാം സംഗീതചികിത്സയുടെ ആരംഭം കാണാവുന്നതാണ്. ശ്രേഷ്ഠനായ സാമസംഗീതജ്ഞൻ വസിക്കുന്ന സ്ഥലം പാവനമാകുന്നു. അ ദ്വൈതഭാവനയുള്ള ഹൃദയത്തിൽനിന്ന് സകല മാലിന്യവും അകലുന്നത്, ചികിത്സയാൽ ധാതുവൈഷമ്യം അകലുന്നതുപോലെയാണെന്ന് ശങ്കരാചാ ര്യർ സാമവേദിയുടെ സാമഗാനചികിത്സയെ പറയുന്നു.

തൈത്തരീയം അദ്ധ്യായം 2, വല്ലി 5 നാഡികളിലെ പ്രാണസഞ്ചാരം കൊ ണ്ട് അംഗപ്രത്യംഗം ധാതുസാമ്യം വന്ന് സത്വപ്രസാദം വരുത്തുന്ന പ്രാണ ന്റെ ആരോഹണാവരോഹണങ്ങളെ പറയുന്നു. ഛാന്ദോഗ്യം ഖണ്ഡം 10 ശ്ലോ 1,2,5 അമൃതത്വത്തിന്റെ ശ്രുതിസംഖ്യയായി 22 തരുന്നു. സപ്തസ്വരം, 22 ശ്രുതി, ഇവകളാലുള്ള അമൃതത്വത്തിന്റെ പരിധ്യാനയനം (പരിധി കാണൽ) വാസ്തു, ജ്യാതിശ്ശാസ്ത്രം, ഗണിതം,സംഗീതം ഇവയിലെല്ലാം പ്രയോഗിക്കുന്നു. സുഖദുഃഖങ്ങളോ രാഗദ്വേഷമോ ഇല്ലാത്ത ആനന്ദത്തിനു പരിധിയില്ലാത്ത ലോകത്തിലേക്കാണ് സംഗീതം മനുഷ്യനെ കൊണ്ടുപോകു ന്നതും അരോഗമായ ശരീരവും മനസ്സും ബുദ്ധിയും തന്ന് അനുഗ്രഹിക്കു ന്നതും.

സംഗീതോപകരണങ്ങൾഃ-

യമൻ നചികേതസ്സിന് വാഗ്ദാനം ചെയ്ത വരങ്ങളിൽ സന്തൂർ വായിക്കു ന്ന അപ്സരകന്യമാരുണ്ട്.ഛാന്ദോഗ്യം സൂര്യനെ വീണാവാദ്യം കൊണ്ട് സ്തുതിക്കുന്നുണ്ട്. യാജ്ഞവൽക്ക്യൻ മൈത്രേയിയോട് ധ്വനി, പ്രകാശം ഇവയുടെ അടിസ്ഥാനതത്വങ്ങളും സംഗീതോപകരണങ്ങളുടെ പ്രവ ർത്തനാടിസ്ഥാനത്തിൽ പറയുന്നു. അദ്ദേഹം പറയുന്നു, ദുന്ദുഭിമേൽ അടിക്കുമ്പോൾ, അനേകം ശ്രുതിശ്രേണികളുണ്ടാവുന്നുവെങ്കിലും നമ്മുടെ ചെവി അവയുടെ വ്യത്യാസം തിരിച്ചറിയുന്നില്ല. ശംഖ് ഊതുമ്പോളും വീമ വായിക്കുമ്പോളും അപ്രകാരം തന്നെയാണ്. (മൂന്നുതരം സംഗീതോപ കരണങ്ങളുടെ തത്വം ഇവിടെ അദ്ദേഹം ഉദാഹരിച്ചുകാട്ടി ചർമ്മവാദ്യം, സുഷിരവാദ്യം, തന്ത്രീവാദ്യം .ഇവ അദ്ദേഹത്തിനു സുപരിചിതമാണ് എന്ന ർത്ഥം.). ഇന്ദ്രിയങ്ങളുടെ ഗ്രഹണശേഷിക്കും അപ്പുറമുള്ള ഒരു അതീന്ദ്രി യാനന്ദമാണ് നാം സംഗീതത്തിൽനിന്ന് അനുഭവിക്കുന്നത്. ശ്രുതിശ്രേണികളി ൽ ചതുർത്ഥമാനമായ കാലവും ലയിച്ചുചേർന്നിരിക്കുന്നതിനാലാണിത്. 100 തന്ത്രി കെട്ടിയ ശതതന്ത്രിയാഴിനെ ശ്വേതശ്വേതരം പരാമർശിക്കുന്നു. കേശവ ന്റെ അഴിച്ചിട്ട കേശത്തിന്റെ അറ്റം നൂറായും പിന്നെയും അവയോരോന്നും 100 ആയും വിഭജിക്കുമ്പോൾ (പതിനായിരത്തിലൊരംശം) ആണ് നാദ പ്രകാശരൂപമായ ഓരോ ജീവനും. ഇത്തരം അസംഖ്യം ജീവജാലങ്ങളുണ്ട് ഭൂമിയിൽ. അവക്കെല്ലാം ആനന്ദവും ആരോഗ്യവും തരുന്നതാണ് രാഗചി കിത്സ. സംഗീതം അറിയാത്തവരും ,അതിനെ തേനിനെ തേനീച്ച ഏതുപൂ വിലെ തേനാണ് ശേഖരിച്ചതെന്നറിയാതെയും നാം ആസ്വദിക്കുകയും

പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നപോലെ ,രസാനുഭൂതി അനുഭവിച്ച് സ്വാസ്ഥ്യം നേടുന്നു.

ഋതുചര്യ,ദിനചര്യ,യോഗചര്യ:

ഓരോ ഭൂഭാഗത്തിനും അതിന്റേതായ പ്രത്യേകസസ്യങ്ങളും പ്രത്യേകകാലാവസ്ഥകളും ഉണ്ട്. ഭാരതത്തിലെ ആയുർവ്വേദവും സംഗീതവും ഇവിടത്തെ സംസ്കാരത്തോടും കാലാവസ്ഥകളോടും യോജിച്ച വിധമുള്ളതാണ്. ഓരോ ഋതുവിലും ഉണ്ടാവുന്ന ഭക്ഷ്യവസ്തുക്കളെന്നപോലെ അതാതു ഋതുവിനനുസരിച്ച ആറു രാഗങ്ങളെ സംഗീതചികിത്സക്ക് അതാതു ഋതുക്കളിൽ ഉപയോഗിക്കുന്നു. അതുപോലെ 24 മണിക്കൂറുള്ള ഒരു ദിനത്തിന്റെ ദിനചര്യയായി ചിലരാഗങ്ങളും അതാതു സമയത്തിനനുസരിച്ച് ഉപയോഗിക്കുന്നു. ഋതുചര്യയും ദിനചര്യയും ഭൂമിക്ക് സൂര്യനുചുറ്റും ഉള്ള രണ്ടുവിധഭ്രമണത്തെ ആധാരമാക്കിയാണ്. ഉത്തരേന്ത്യയിലെ രാഗചികിത്സ ദിനചര്യയെ ആധാരമാക്കിയാണ്. നാം ഇപ്പോൾ മാധവ-ഗ്രിഗറി സീരീസ് എന്നു വിളിക്കുന്ന ജ്യോതിശ്ശാസ്ത്രനിയമം വളരെ കാലം മുതൽ വേദാംഗജ്യോതിഷകാലം , പൈതാമഹസിദ്ധാന്തകാലം മുതലേ ഇന്ത്യയിലെ ശാസ്ത്രജ്ഞർക്കറിയാവുന്ന ചലനനിയമമാണ്. ജ്യോതിശ്ചക്രത്തെ രാശി, ഹോര, ദ്രേക്കാണം, ഷഡ്ജം, സപ്താംശം, ദ്വാദശാംശം ഇങ്ങനെ വിഭജിക്കുമ്പോൾ

പ്രാണഹംസസംഖ്യയാണ് 21600. അതിനെ 6 പ്രാവശ്യം (129600) സ്വശരീരത്തെ ശംഖായി സങ്കല്പ്പിച്ച് , ശംഖിലൂടെ ഊതുന്നതാണ് , ഉപാസിച്ച് അർപ്പിക്കുന്നതാണ് ഋഗ്വേദത്തിലെ നാദയോഗസാധന. 21600 ഒരു സാമം പാടാനാവശ്യമായ മിനിമം അക്ഷരകാലസംഖ്യയാണ്. മിനിട്ടിൽ 15 പ്രാവശ്യം ശ്വാസം കഴിക്കുന്ന ഒരാൾ 24 മണിക്കൂറിൽ 21600 പ്രാവശ്യം ശ്വാസം കഴിക്കുന്നതുകൊണ്ടാണ് ഇതിന് പ്രാണഹംസസംഖ്യ എന്ന് പേരുകിട്ടിയത്. 8 മണിക്കൂറിൽ 7200 പ്രാവശ്യമാണ് ശ്വാസം. 8 മണിക്കൂർ വീതമുള്ള 3 പ്രഹരമാണ് 24 മണിക്കൂർ. സ്ഥിരതാരസംഖ്യകൾ, അതിന്റെ ആപേക്ഷികമായ ചട്ടക്കൂട്ടിലൊതുങ്ങുന്ന സൌരയൂഥബിന്ദുക്കളുടെ ചലനനിയമങ്ങൾ എന്നിവയിലൂടെയാണ് , അറിയപ്പെടാത്തതും അനുഭവവേദ്യവുമായ ആറും ഏഴും മാനങ്ങളിലേക്ക് (ഷാഡവ,സമസപ്തക) അപരിമിതമായ ആനന്ദാനുഭവത്തിലേക്ക് ജ്യോതിശ്ശാസ്ത്രവും സംഗീതവും മനുഷ്യമനസ്സിനെ ആരോഹണം ചെയ്യിക്കുന്നത്. പഞ്ചമുഖമുള്ള ഗായത്രിഷാഡവത്തിൽ (a)6 (729) എന്ന ഷഡ്ചക്രത്തില്, മൂലാധാരം മുതൽ ആജ്ഞവരെയുള്ള യോഗചക്രങ്ങളുടെ സമ്പൂർണ്ണമായ ഉണർച്ച സംഭവിക്കുന്നു. അഥ യദി ഗീതവാദ്യത്ര ലോകകാമോ ഭവതി സങ്കൽപം ദേവസ്യ ഗീതവാദിത്രേ സമുത്തിഷ്ഠസ്തേന ഗീതവാദിത്ര ലോകേന സമ്പന്നോ മഹീയതേ)ശങ്കരാചാര്യർ.

സത്യസങ്കൽപരായ ഈ യോഗികളാണ് സാമഗായകരായ ഗന്ധർവ്വന്മാർ. ഛാന്ദോഗ്യഉപനിഷത്തിൽ ഗന്ധം,യുക്തി, നൃത്യം,ഗീതം,വാദ്യം,ശിൽപ്പം ഇവയിൽ പ്രഗത്ഭരാണ് ഗന്ധർവ്വരും ഗന്ധർവ്വികളും. ബൃഹദാരണ്യകഭാഷ്യത്തിൽ ഗന്ധർവ്വോ വാ ധിഷണ്യോ അഗ്നിർ ഋത്വിക് ദേവതാ വിശിഷ്ട വിജ്ഞാനത്വാദശീയതേ നഹി സത്വമാത്രസ്യേദൃശം വിജ്ഞാനം ഉപപദ്യതേ എന്ന് ധിഷണയും വിശിഷ്ടവിജ്ഞാനവും ചേർന്ന ഋത്വിക്കായിട്ടാണ് ഗന്ധർവ്വന്മാരെ പറയുന്നത്. കാലത്തേയും നാദത്തേയും വഹിക്കുന്ന നാദപ്രകാശരൂപികളായി അവർ അന്തരിക്ഷത്തിൽ ചരിക്കുന്നു. ആയുർവ്വേദം ഔഷധം കൊണ്ടു വാജീകരണം നടത്തുമ്പോൾ നാദലയയോഗി സംഗീതം കൊണ്ട് വാജീകരണം നടത്തുന്നു.

ഓരോ ഗോപികയും കൃഷ്ണസവിധത്തിൽ ഓരോരോ രാഗം പാടി രാഗിണികളായി. 16008 രാഗിണികളുണ്ടായി. അവയെല്ലാം ലുപ്തമായി എന്റെ കാലത്ത് 36 എണ്ണമേയുള്ളു എന്ന് ഭരതമുനി. ഋഗ്വേദം (2.3.11) പറഞ്ഞത് ഇങ്ങനെയാണ്.

ദ്വാദശാന്തം നഹി തജ്ജരായ വരുവരുതി ചക്രം പരിധ്യാമുതസ്യ
ആപുത്രാ അഗ്നേ മിഥുനാ സോ അത്ര സപ്തശതാനി വിംശതിശ്ചതസ്തു

12 ആരമുള്ള ചൈതന്യചക്രത്തില്, 720 അഗ്നിമിഥുനങ്ങൾ ഭ്രമണം ചെയ്ത് അതിനെ പ്രവർത്തിപ്പിക്കുന്നു. അനന്തവും അമൃതവുമായ പരിധിയില്ലാത്ത ആ അമൃതാനന്ദാനുഭവത്തിന്റെ പരിധ്യാനയനത്തിന് (പരിധിയില്ലാത്ത ഒന്നിന്റെ പരിധി അളക്കുന്നതിന്) 22 ശ്രുതിസ്ഥാനവും 7 സ്വരവും മതി. 22 സ്ഥാനമുള്ള ശ്രുതിമണ്ഡലത്തെ ഹരി ഹരിക്കുന്നത് 7 സ്വരം കൊണ്ടാണ്. നാദലയയോഗി ആ അമൃതാനുഭവത്തിലേക്കുള്ള രാജമാർഗ്ഗം അറിയുന്നു.

ന നാദേന വിനാ ജ്ഞാനം ന നാദേന വിനാ ശിവം
നാദരൂപം പരംജ്യോതി നാദരൂപി സ്വയം ഹരി

ഹരിയുടെ നാഭിയിലുണർന്ന കോസ്മിക്ക് പ്രപഞ്ചത്തില്നിന്ന് മനുഷ്യ ശരീരവളര്ച്ചയുടെ ഭ്രൂണാവസ്ഥയെ പറഞ്ഞശേഷമാണ് സംഗീതരത്നാകരം സംഗീതത്തിലേക്ക് പ്രവേശിക്കുന്നത് തന്നെ. പ്രപഞ്ച,ജൈവശരീരക്ഷേത്രങ്ങളിൽ ഊർജ്ജമായി, കുണ്ഡലിനീരൂപത്തിലിരിക്കുന്ന മധുനാഡികളിലാണ് നാദം ഉറങ്ങുന്നത്. സൂക്ഷ്മമായ ആ എനര്ജ്ജിയെ ഉണർത്തി അനുഭവിക്കുന്നതാണ് യോഗചര്യ. ഇതിലാണ് മേളകർത്താരാഗങ്ങളുടെ പ്രയോഗം. അത് യോഗചര്യയാണ്.

ആയുർവ്വേദം

അശ്വിനികളാണ് ആദ്യത്തെ വൈദികആയുർവ്വേദാചാര്യർ. ഇവരുടെ കാലത്താണ് ശാബ്ദികഭേഷജമെന്ന പേരിൽ വേദമന്ത്രശബ്ദങ്ങളെ ഔഷധ മായി ഉപയോഗിക്കുന്നത്. പിന്നീട് സാമവേദമന്ത്രങ്ങളെ ഗാനരൂപമായി, ഛന്ദോബദ്ധമായി പാടുന്ന രീതി വന്നു. പഞ്ചമുഖഗായത്രി ധേനുസരസ്വ തിയായ ജാഗൃവിയെ യജുർവ്വേദം ഭിഷക്കായി പറയുന്നു. ശിശുമതി ഭിഷക്ധേനുഃ സരസ്വതി ഭിഷക് ദുഹേഃ ഇന്ദ്രായ(യജുർ. 21.33). ആയുർവ്വേ ദരീതിപ്രകാരം ത്രിദോഷസാമ്യം കൊണ്ടാണ് സ്വരചികിത്സ. ഇത് ഇതുവരെ ആരും പരീക്ഷിച്ചതായി കണ്ടിട്ടില്ല.സ്വരം കൊണ്ടു മാത്രം ചികിത്സിക്കുന്നത് സ്വരചികിത്സയേ ആവുകയുള്ളു, രാഗചികിത്സയാവില്ല.
സമ്പൂർണ്ണരാഗങ്ങളിൽ എല്ലാ സ്വരവും ഉപയോഗിക്കുന്നതിനാൽ, ആയു ർവ്വേദത്തിലെ ത്രിദോഷസാമ്യം വരുത്തുന്നുണ്ടാവണമെന്ന് ഊഹിക്കാം. അഷ്ടാംഗയോഗം നന്നായി മനസ്സിലാക്കി പ്രായോഗികമാക്കുന്ന ഒരാൾക്ക്, യമം,നിയമം,ആസനം, പ്രത്യാഹാരം, പ്രാണായാമം ഇവയെല്ലാം ധാരണ, ധ്യാനം, സമാധി അനുഭവങ്ങളുടെ സിദ്ധിക്കാണെന്ന് അറിയാം. മനസ്സിനെ ഒന്നിൽത്തന്നെ 12 സെക്കന്റ് ശ്രദ്ധാപൂർവ്വം ഉറപ്പിക്കാനാവുമ്പോളാണ് ധാരണ. 12 ധരണയാണ് ഒരു ധ്യാനം (144 സെക്കന്റ്.). 12 ധ്യാനമാണ് ഒരു സമാധികാലം. (1728 സെക്കന്റ്). അര മണിക്കൂർസമയമെങ്കിലും മനസ്സിനെ ശ്രദ്ധാപൂർവ്വം ഒന്നിൽത്തന്നെ ഉറപ്പിച്ചുനിർത്തുമ്പോളാണ് സമാധിഅനു ഭവം കിട്ടുക. . ഇത് രാഗങ്ങളാൽ സാധിക്കുന്ന പക്ഷം അതിന്റെ ഭേഷജ ഗുണവും ലഭിക്കും. കൃഷ്ണൻ കുബ്ജയുടെ വളവുതീർത്തതും, പരീക്ഷി ത്തിനു ജീവൻ കൊടുത്തതും അത്ഭുതകർമ്മങ്ങളല്ല, നാദലയയോഗിയാ യതിനാൽ അദ്ദേഹം ചിരകാലമായി അഭ്യസിച്ചുപോന്ന യോഗചര്യ, പരി ശുദ്ധജീവിതചര്യ, തപസ്സ് ഇവകൊണ്ട് സ്വായത്തമായ രോഗശമനശക്തി യാണ്. സാമവേദം തന്നെ മൂർത്തിമത്തായ അദ്ദേഹത്തിന്റെ സാമസംഗീ തശക്തിയാണ്. യോഗിയുടേയും വേദാന്തിയുടേയും നിർവ്വാണം തനിക്കു മാത്രമല്ല, തന്നെ ചുറ്റിയിരിക്കുന്ന സർവ്വചരാചരപ്രപഞ്ചത്തിനും പരമ ശാന്തി പ്രദാനം ചെയ്യലാണ്.

എന്തിന് മേളകർത്താരാഗം ഉപയോഗിക്കണം. ഭരതകോശം പറയുന്നുഃ-

ആയുർദ്ധർമ്മോ യശഃകീർത്തി ബുദ്ധി സൌഖ്യധനാനി ച

രാജ്യാഭിവൃദ്ധിഃസന്താനഃ പൂർണ്ണരാഗേഷു ജായതേ

സമ്പൂർണ്ണരാഗങ്ങളാലാണ് ആയുസ്സും, ധർമ്മവും, യശസ്സും,കീർത്തിയും, ബുദ്ധിയും സൌഖ്യവും ധനവും , രാജ്യാഭിവൃദ്ധിയും സന്താനസൌഖ്യ വും

ലഭിക്കുന്നത്. ലോകകല്യാണകൃത്തായ അതിനെ യോഗി സ്വീകരിക്കു ന്നു. ജ്ഞാനവൃദ്ധരെ ഭരതമുനി ഇപ്രകാരം പറയുന്നു:-

പൂർവ്വരാജ നയാഭിജ്ഞാ സർവ്വരാജ പ്രപൂജിതാ
പൂർവ്വരാജോപചാരജ്ഞാ സ്താ വൃദ്ധാ ഇതിസംജ്ഞിതാ

പൂർവ്വികരുടെ നയങ്ങളും ധർമ്മവും ഉപചാരങ്ങളും അറിയുക എന്നാൽ നമ്മുടെ സംസ്കൃതിയെ അറിയലാണ്. അപ്രകാരം അറിഞ്ഞവരാണ് എല്ലാ വരാലും പൂജിക്കപ്പെടുന്നവരും, മുതിർന്നവരെ ഉപചരിക്കുന്നവരും, വരും തലമുറയെ ഉപദേശിക്കാനർഹതയുള്ളവരുമായ ജ്ഞാനവൃദ്ധന്മാർ. പൈതൃ കസംരക്ഷണം പൂർവ്വീകരുടെ സംസ്കാരം (അദൃശ്യമായ മേധ ഉൾപ്പെടെ) സംരക്ഷിക്കലാണ്. അത് വരുംതലമുറയിലേക്ക് പകർന്നുകൊടുത്താലെ സം രക്ഷണം നടക്കുകയുള്ളു.

അതാത് രാജ്യത്ത് അതാതു ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യ മായ സസ്യങ്ങളും മൃഗപക്ഷികളും സംഗീതവും ഭാഷകളും ഉണ്ടായി വരു ന്നു. ജീവജാലങ്ങൾ അവയെ ഔഷധമായും ഭക്ഷണമായും സ്വാസ്ഥ്യചികി ത്സക്കുള്ള ഉപാധികളായും സ്വീകരിച്ച് ജീവിക്കുന്നു. ഇന്ത്യയിലെ അന്നവും ഭാഷയും സംഗീതവും ഇന്ത്യക്കാരുടെ പൈതൃകമാണ്, ഈ ഭൂമിയിലെ സകലവും നമ്മുടെ പൈതൃകവും സംസംകാരവുമായി ഇഴചേർന്ന് , ബ്രഹ്മാണ്ഡ,പിണ്ഡാണ്ഡങ്ങളുടെ ക്ഷേത്രസമുച്ചയത്തെ കാക്കുന്നു. ശരീരം ക്ഷേത്രം, പ്രപഞ്ചവും ക്ഷേത്രം. അതിലെ നാദബ്രഹ്മരൂപമായ ക്ഷേത്രജ്ഞ നാണ്, ആത്മാവാണ് സംഗീതം ഉണർത്തുന്ന ശക്തി. ആയുരാരോഗ്യ സൌഖ്യത്തിന് ആ ശക്തിയെ ആശ്രയിക്കുക. വൈദ്യശാസ്ത്രരംഗത്തും മൂല്യാധിഷ്ഠിതവിദ്യാഭ്യാസരംഗത്തും സംഗീതത്തിന്റെ അനന്തസാദ്ധ്യതകളെ ഉപയോഗപ്പെടുത്തുക. (അതോടൊപ്പം ,ആധുനികവൈദ്യശാസ്ത്രത്തിന്റെ ഗവേഷണനിയമങ്ങളനുസരിച്ച് ഡാറ്റ ശേഖരിക്കുക കൂടി മറക്കാതെ ചെയ്യേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു)

റഫറൻസുകൾ എല്ലാം തന്നെ രാഗചികിത്സാപരമായ ഗ്രന്ഥങ്ങളിൽ വിശദ മായി കൊടുത്തവയാണ്. പ്രധാനമായ ചിലത്

1. രാഗചികിത്സ റീഡ്വർത്തി പബ്ലിക്കേഷൻസ് ന്യൂ ഡൽഹി 2008
2. നാദലയസിന്ധു രാഗചികിത്സാമൃതം ഡി സി ബുക്സ് കോട്ടയം 2008
3. ഈശ്വരന്റെ കയ്യൊപ്പ് ഉപാസിക പബ്ലിഷേഴ്സ്

4. മ്യൂസിക് തെറാപ്പി ഇൻ മാനേജ്മെന്റ് , എജുക്കേഷൻ , അഡ്മിനി സ്ട്രേഷൻ റീഡ്വർത്തി പബ്ലിക്കേഷൻ ന്യൂ ഡൽഹി 2008

5. വിത്ത് ഔട്ട് എ സ്റ്റംബിൾ 2003 നാലപ്പാട്ട് ബുക്സ് 2003

6. http://www.scribd.com/doc/100084522/Grand-Unification-for-World-Peace-Music-THerapy-for-Integrating-Healthcare-PDF

7. https://archive.org/details/music-therapy-for-integrated-healthcare-and-world-peace/mode/2up

8. സുധാസിന്ധു ഡി സി ബുക്സ് 2003 https://archive.org/details/sudhasindhu-unabridged-final/mode/2up

9. യോഗസൂത്രം സുവർണ്ണബിന്ദു ഉപാസികാ ബുക്സ് https://archive.org/details/suvarna-bindu-yogasuthra-and-bhashya-of-vachaspathimisra-2019/mode/2up

10. https://archive.org/details/upanishad-swadhyayam-1/mode/2up

11. https://archive.org/details/upanishad-swadhyayam-2/mode/2up

12. ബ്രഹ്മസിന്ധു ഡി സി ബുക്സ് 2006 https://archive.org/details/Brahmasindhu/mode/2up

(1- 12 വരെ ഡോ സുവർണ്ണ നാലപ്പാട്ടിന്റെ കൃതികൾ)

13. വർണ്ണം ,സ്വരം,മാത്ര,സമ,സന്ധാനം. - തൈത്തരീയം ശിക്ഷാവല്ലി, അനുവാകം 2.

14. വർണ്ണാത്മിക ശക്തി ചുവപ്പ്,വെള്ള,കറുപ്പ് മുതലായ നിറങ്ങളുള്ള ത്. ശ്വേതശ്വേതരഃ അ.4. ശ്ലോ 5.

15. സ്വരം. നാരായണോപനിഷത്ത് അ.4.ശ്ലോ.3

16. സ്വരം പ്രാണവും അതിൽനിന്നുണ്ടാവുന്നത് രസവും . മുണ്ഡകം മന്ത്ര 8, 9.

17. ധ്വനി ശങ്കരാചാര്യ ശാരീരകഭാഷ്യം 1.3.28.

18. സുവർണ്ണ ഇവ ഭാരൂപ ഇത്യര്ത്ഥഃ ഛാന്ദോഗ്യം ഖണ്ഡം 6

19. സാമസംഗീതജ്ഞൻ സർവ്വജ്ഞൻ ഛാന്ദോഗ്യം ഖണ്ഡം 22

20. എങ്ങനെ പാടണം . ഛാ. ഖ. 22 മന്ത്രം 2-5

21. ഗായകഗുണങ്ങൾ. ബൃഹദാരണ്യകം (പേജ് 830-31 സുധാസിന്ധു)

22. ചികിത്സായാ ധാതുവൈഷമ്യ സമീകരണം ഇതി ശങ്കരഭാഷ്യം .ഛാ ഖ 5.മന്ത്രം 5.

23. മേധാശ്രീകാമജപയോഗം അനു 4 തൈത്തരീയം

24. ഋഗ്വേദം മണ്ഡലം 10 മന്ത്രം 63. ഋക്ക് 3

25. ആനന്ദം,രസം,സ്തോഭം,ഭാവം. തൈത്തരീയം ബ്രഹ്മാനന്ദവല്ലി. അനുവാകം 7 ,8 , ഭൃഗുവല്ലി ഭൃഗുവിന്റെ സാമം സ്തോഭം ഉപയോഗിക്കുന്നു

26. രസം ഛാ ഉ. ഖ 1 മന്ത്രം 1 സാമത്തിന്റെ രസം ഉദ്ഗീഥം

27. ആ സ്തോഭത്തെ ഛാ.അ.1 ഖ.13 മന്ത്രം 1 വിവരിക്കുന്നു.

28. ഭാവയത്രിപ്രതിഭ . ഐതരേയം അ.2 മന്ത്രം 3

29. പ്രതിഭ നാദബ്രഹ്മം ഭരതമുനി (നാരദപഞ്ചസംഹിത)

30. നാഡി. തൈത്ത. വല്ലി 2, 5 .(ആയുർവ്വേദം, രാഗം,ജ്യോതിഷം) മന്ത്രം 3, 15, 16 നോക്കുക

31. യോഗാസനം, പ്രാണഹംസം . ശ്വേത. അ 2. മന്ത്രം 8

32. സംഗീതോപകരണങ്ങൾ കഠം. അ 1 .1. മന്ത്രം 25, ബൃഹദാരണ്യകം മൈത്രേയീബ്രാഹ്മണം മന്ത്രം 7.8.9

33. ശതതന്ത്രിയാഴ്. ശ്വേതശ്വേതര. അ 5. മന്ത്രം 9

34. മാധവ-നീലകണ്ഠ-ഗ്രെഗറി സീരീസ് മുഖോപാദ്ധ്യായ എ., അധികാരി എം ആർ. ഹിസ്റ്റോറിക്കൽ ഡെവലപ്പ്മെന്റൽ കൺസെപ്റ്റ്സ് ഓഫ് പൈ. എ പാസേജ് ത്രു ഇന്ത്യ സിൻസ് 3000 ബിസി . ഇന്ത്യൻ ക്രൂസേഡർ. 7(2)ഃ 11,1993

35. https://archive.org/details/musical-instruments

36. https://archive.org/details/20200430_20200430_1214/mode/2up
സപ്തസൈന്ധവം ഭാഗം 1 (സൈന്ധവലിപി)

37. Doppler effect . http://archive.ncsa.uiuc.edu/cyberia/Bima/Doppler,html and Einstein, the life and times . Ronald W Clark. Avon books. Harper Collins 1965. First printing 1999.

38. Varnamala , garland of letters. John Woodroffe . Ganesh and co. Madras 1922

39. Chakras in human body . see Without a stumble pp 189-199 and Ragachikitsa pg 24-25

40. Gopi singing 16008 raga. Bharatha q from Naradapancamasanhita pp 32. A critical study of Sangitamakaranda of Narada. M. Vijayalakshmi. Gyan publishing c0. 1996.

41. Prehistoric evidence of flute. Ragachikitsa pp 77

42. Limit of the limitless (Paridhi of a Paridhi) concept of zero . Varahamihira Panchasidhanthika -comparison with modrn scientific thought. N BS Kottayam second ed. 2000 ch 4 pp 196

43. Bharathakosam. A dictionary of TECHnical terms with definitions collected from the works on music and dramaturgy by Bharatha and others. Munshiram M anoharlal. 1983.

44. Music in Brihaddharmapurana . V.Raghavan. 1938. Pp 37-39

45. Music and sound in yoga. Vimala Musalagaonkar. Psychology of yoga. Ed R. C. Mehta. Ch 7. Pp 44. And Without a stumble